POSHAN Abhiyaan

Ministry of Women and Child Development
Government of India

# നവചേതന



## ദേശീയ ചട്ടക്കൂട് കുട്ടികൾക്കായുള്ള കുട്ടിക്കാലത്തെ ഉത്തേജനത്തിന്

### ജനനം മുതൽ മൂന്ന് വയസ്സ് വരെയുള്ള കുട്ടികൾക്ക്

Towards a new dawn
Ministry of Women and Child Development
Government of India

सत्यमेव जयते

राष्ट्रीय जन सहयोग एवं बाल विकास संस्थान
nipccd

# നവചേതന

## ജനനം മുതൽ
## മൂന്ന് വയസ്സ് വരെയുള്ള  കുട്ടികൾക്കായുള്ള
## ശൈശവാരംഭ ഉത്തേജനത്തിനായുള്ള
## ദേശീയ ചട്ടക്കൂട്
## 2024

ജനനം മുതൽ മൂന്ന് വയസ്സ് വരെയുള്ള
കുട്ടികൾക്കായുള്ള ശൈശവാരംഭ
ഉത്തേജനത്തിനായുള്ള ദേശീയ ചട്ടക്കൂട് 2024

स्मृति ज़ूबिन इरानी
Smriti Zubin Irani

आज़ादी का अमृत महोत्सव

सत्यमेव जयते

मंत्री
महिला एवं बाल विकास
अल्पसंख्यक कार्य
भारत सरकार
Minister
Women & Child Development
Minority Affairs
Government of India

# Message

Ensuring equitable growth for all in India's "AmritKaal" depends on the holistic development of our children. To strengthen and support the nation's youngest citizens, the Ministry of Women and Child Development is launching "Navchetana", the National Framework for Early Childhood Stimulation from birth to three years of age. The objective is to empower caregivers and Anganwadi Workers to nurture children's bodies and brains for optimal development, both within the household as well as at the Anganwadi Centre or creche.

The Ministry of Women and Child Development empowers and supports mothers and their children under three years through Mission Saksham Anganwadi and Poshan 2.0, together with the Palna and Pradhan Mantri Matru Vandana Yojana (PMMVY) Schemes under Mission Shakti. We aim to ensure comprehensive childcare support throughout the day in a secure environment, with trained staff, educational resources, nutritional support, and activities for holistic child development. Together, these efforts will help strengthen care infrastructure, for women-led development, and set a strong foundation for the children of this country.

The National Framework for Early Childhood Stimulation aligns with the recommendations of the National Education Policy 2020 for a continuum of early learning. Encouraging caregivers to provide cognitive and physical stimulation right from gestation onwards, the framework envisions an inclusive and forward-thinking system where the optimal growth of every child is a priority. It advocates for early screenings, inclusion and referrals to identify potential challenges for Divyang children. The Stimulation Activity Calendar facilitates responsive caregiving and opportunities for early learning through month-wise age-based activities. Community workers and parents can utilize the framework to provide early learning to their children.

I hereby extend my warm wishes to all citizens on the launch of Navchetana, which celebrates caregivers, ensuring the dream of "Viksit Bharat" through "Har Bacche Ka Vikas".

(Smriti Zubin Irani)

G20 भारत 2023 INDIA

Room No 301, 'A' Wing, Shastri Bhawan, New Delhi 110001, Tel. No. : 011-23071331
First Floor, Pt. Deendyal Antyodaya Bhawan, CGO Complex, Lodhi Road, New Delhi-110003, Tel. No. : 011-24360585
Resi.: 28, Tughlak Crescent, New Delhi-110003, Phone : 011-23011382

अनिल मलिक, आई.ए.एस.
सचिव
Anil Malik, I.A.S.
Secretary
Tel. : 011-23383586, 23386731
Fax : 011-23381495
E-mail: secy.wcd@nic.in

सत्यमेव जयते

आज़ादी का अमृत महोत्सव

भारत सरकार
महिला एवं बाल विकास मंत्रालय
शास्त्री भवन, नई दिल्ली–110 001
Government of India
Ministry of Women & Child Development

## Message

The Anganwadi System of the Ministry of Women and Child Development is one of the largest and most unique programmes of the Government of India. It provides early childhood care and development, operating through a widespread network of nearly 14 lakh Anganwadi Centres. The Ministry is strengthening Saksham Anganwadi and Mission Poshan 2.0, Palna and Pradhan Mantri Matru Vandana Yojana (PMMVY) by formulating the National Framework for Early Childhood Stimulation 2024. It will seek to stimulate the sensory, social, emotional, cognitive and creative development of children from birth to 3 years.

The recommendations of the Internal Committee constituted to finalize the National Framework for Early Childhood Stimulation 2024 have been instrumental in framing guidance for Anganwadi Workers and caregivers. The framework is designed to provide the Anganwadi Worker with a basic understanding of how children grow and develop, the importance of brain development and the need for nurturing care, including responsive caregiving and opportunities for learning. In order to ensure optimal development of all children, especially for children who may not have access to these resources at home, we aim to strengthen service delivery through the Anganwadi System and Creches.

Navchetana, the National Framework for Early Childhood Stimulation aims to help children develop holistically, based on the principles of serve and return, caregivers' three acts: love, talk, play, and positive guidance. Special focus has been given for the screening, inclusion and referrals of Divyang children. The Framework provides a stepping stone for children for their long term development, aiming to ensure that all children start their learning journeys on an equal footing. Further it aims to empower Anganwadi functionaries, the world's largest women-led childcare workforce, with greater knowledge and capabilities for early childhood stimulation.

I look forward to the States and UTs taking concerted steps for implementation of Navchetana, the National Framework for Early Childhood Stimulation 2024, for children from birth to 3 years, bringing us closer to a brighter future for all.

**(Anil Malik)**
**09/03/2024**

Room No. 601, 'A' Wing, Shastri Bhawan, Dr. Rajendra Prasad Road, New Delhi-110 001
Website : http://www.wcd.nic.in

# ചുരുക്കെഴുത്തുകൾ

| ചുരുക്കെഴുത്ത് | പൂർണ്ണ രൂപം |
|---|---|
| AI & ML | ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് |
| ANM | ഓക്സിലറി നഴ്സ് & മിഡ്വൈഫ് |
| ASHA | അക്രെഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റ് |
| AWW | അങ്കണവാടി വർക്കർ |
| CBE | കമ്മ്യൂണിറ്റി ബേസ്ഡ് ഈവന്റ്സ് |
| CDPO | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ |
| CMO | ചീഫ് മെഡിക്കൽ ഓഫീസർ |
| CRC | കൺവെൻഷൻ ഓൺ റൈറ്റ്സ് ഓഫ് ദ ചൈൾഡ് |
| CwD | ചിൾഡ്രൺ വിത്ത് ഡിസെബിളിറ്റീസ് (ഭിന്നശേഷിയുള്ള കുട്ടികൾ) |
| DIY | ഡൂ ഇറ്റ് യുവർസെൽഫ് (സ്വയം ചെയ്യുക) |
| DMO | ജില്ലാ മെഡിക്കൽ ഓഫീസർ |
| ECCE | ഏർളി ചൈൾഡ്ഹുഡ് കെയർ ആന്റ് എഡ്യുക്കേഷൻ |
| ECCED | ഏർളി ചൈൾഡ്ഹുഡ് കെയർ എഡ്യുക്കേഷൻ ആന്റ് ഡെവലപ്മെന്റ് |
| ECD | ഏർളി ചൈൾഡ്ഹുഡ് ഡെവലപ്മെന്റ് |
| ECS | ഏർളി ചൈൾഡ്ഹുഡ് സ്റ്റിമുലേഷൻ |
| HBNC | ഹോം-ബേസ്ഡ് ന്യൂബോൺ കെയർ |
| HBYC | ഹോം-ബേസ്ഡ് യംഗ് ചൈൾഡ് കെയർ |
| ICDS | ഇന്റഗ്രേറ്റഡ് ചൈൾഡ്ഹുഡ് ഡെവലപ്മെന്റ് സർവീസസ് |
| IEC | ഇൻഫർമേഷൻ,എഡ്യുക്കേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ |
| LED | ലൈറ്റ്-എമിറ്റിംഗ് ഡയോഡ് |
| MCP | മദർ ആന്റ് ചൈൾഡ് പ്രൊട്ടക്ഷൻ |

| | |
|---|---|
| MWCD | മിനിസ്ട്രി ഓഫ് വിമൻ ആന്റ് ചൈൾഡ് ഡെവലപ്മെന്റ് |
| NCF | നാഷണൽ കരിക്കുലം ഫ്രെയിംവർക്ക് |
| NCF-FS | നാഷണൽ കരിക്കുലം ഫ്രെയിംവർക്ക് - ഫൗണ്ടേഷണൽ സ്റ്റേജ് |
| NEP | നാഷണൽ എഡ്യുക്കേഷൻ പോളിസി (ദേശീയ വിദ്യാഭ്യാസ നയം) |
| NGO | നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻ |
| NIPCCD | നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് പബ്ലിക് കോ-ഓപ്പറേഷൻ ആൻഡ് ചൈൽഡ് ഡെവലപ്മെന്റ് |
| ORT | ഓറൽ റീഹൈഡ്രേഷൻ തെറാപ്പി |
| PM | പ്രൈം മിനിസ്റ്റർ (പ്രധാന മന്ത്രി) |
| PMMVY | പ്രധാനമന്ത്രി മാതൃ വന്ദന യോജന |
| QR | ക്വിക്ക് റെസ്പോൺസ് |
| RO | റിവേഴ്സ് ഓസ്മോസിസ് |
| RTE | റൈറ്റ് ടു എഡ്യുക്കേഷൻ (വിദ്യാഭ്യാസത്തിനുള്ള അവകാശം) |
| UDID | യുണീക് ഡിസെബിലിറ്റി ഐഡന്റിഫിക്കേഷൻ |
| UT | യൂണിയൻ ടെറിറ്ററി (കേന്ദ്രഭരണ പ്രദേശം) |
| VHSND | വില്ലേജ് ഹെൽത്ത് സാനിട്ടേഷൻ ആന്റ് ന്യൂട്രീഷൻ ഡേസ് |
| WBG | വേൾഡ് ബാങ്ക് ഗ്രൂപ്പ് |
| WCD | വിമൻ ആന്റ് ചൈൾഡ് ഡെവലപ്മെന്റ് |
| WHO | വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ (ലോകാരോഗ്യ സംഘടന) |

# ഉള്ളടക്കപ്പട്ടിക


സന്ദേശം ........ i
സന്ദേശം ........ iii
ചുരുക്കെഴുത്തുകൾ ........ v
ഉള്ളടക്കപ്പട്ടിക ........ viii

**ആമുഖം ........ 1**
രീതിശാസ്ത്രം: ചട്ടക്കൂട് നിർമ്മിക്കൽ ........ 1

**അദ്ധ്യായം 1: ഇന്ത്യയില് കുട്ടികളുടെ ശൈശവവാരംഭ വികസനത്തിന്റെ നയ പശ്ചാത്തലം ........ 3**
1.1 നയ പശ്ചാത്തലം ........ 4
1.2 പരിപാടി പശ്ചാത്തലം ........ 6
1.3 ജനനം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്കുള്ള സംസ്ഥാനങ്ങളിലെ രീതികൾ ........ 8

**അധ്യായം 2: ശൈശവാരംഭ ഉത്തേജനത്തിന്റെ ആവശ്യകതയും പ്രാധാന്യവും ........ 10**
2.1 എന്താണ് ശൈശവാരംഭ ഉത്തേജനം? ........ 12
2.2 ശൈശവാരംഭ ഉത്തേജനത്തിന്റെ (ഇ.സി.എസ്.) ലക്ഷ്യങ്ങൾ ........ 13
2.3 പരിപോഷണ പരിചരണ ചട്ടക്കൂട് ........ 13

**അധ്യായം 3: ആദ്യകാല വികസനത്തിനായുള്ള പ്രതികരണാത്മക പരിചരണദാനം ........ 15**
3.1 സെർവും റിട്ടേണും ........ 17
3.2 സ്നേഹം, സംസാരം, കളി ........ 18

**അധ്യായം 4: മാസം തിരിച്ചുള്ള പ്രവർത്തനങ്ങളിലൂടെ പ്രാരംഭ പഠനത്തിന് അവസരങ്ങൾ സൃഷ്ടിക്കുന്നത് 19**
4.1 ശൈശവാരംഭ ഉത്തേജനത്തിന് അനുയോജ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കൽ ........ 20
4.2 ഉത്തേജന പ്രവർത്തന കലണ്ടർ ........ 22
4.3 ദിവ്യാംഗ് കുട്ടികളുടെ ആവശ്യങ്ങൾക്കനുസരിച്ച് പ്രവർത്തനങ്ങൾ പൊരുത്തപ്പെടുത്തൽ (0-3 വയസ്സ്) ........ 58

**അദ്ധ്യായം 5: കാലതാമസങ്ങളോടും ഭിന്നശേഷികളോടും കൂടിയ ശിശുക്കളുടെ സ്ക്രീനിംഗും ഇൻക്ലൂഷനും (ഉൾപ്പെടുത്തലും) റഫറലുകളും........ 61**

5.1 ആദ്യകാല വികസന നാഴികക്കല്ലുകൾ ........ 63
5.2 നേരത്തെയുള്ള കണ്ടെത്തലിനായി സ്ക്രീനിംഗുകൾ നടത്തുന്നത് ..... 64
5.3 വീട്ടിലും, ക്രെഷിലും, സമൂഹത്തിലും എല്ലാവരെയും ഉൾക്കൊള്ളുന്ന അന്തരീക്ഷം സൃഷ്ടിക്കുന്നു
5.4 സ്ക്രീനിംഗ് ടെസ്റ്റ് അനുസരിച്ച് വികസന കാലതാമസം ........ 64
കാണിക്കുന്ന കുട്ടികളുടെ റഫറൽ

**അദ്ധ്യായം 6: കമ്മ്യൂണിറ്റി വര്ക്കര്മാര് ഈ ........ 68
ചട്ടക്കൂട് എങ്ങനെ ഉപയോഗിക്കണം**

6.1 ആദ്യകാല ഉത്തേജനത്തിനായി പരിചരണദാതാക്കൾക്കുള്ള മാർഗ്ഗനിർദ്ദേശം ........ 69
6.2 കേന്ദ്രത്തിലെ/ക്രെഷിലെ ശിശുസംരക്ഷണവും ഉത്തേജനവും .... 74

**അധ്യായം 7: പിന്തുണയേകുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കൽ .. 76**

7.1 കമ്മ്യൂണിറ്റി വർക്കേഴ്സിനെ പ്രാപ്തരാക്കുകയും ശക്തീകരിക്കുകയും ചെയ്യുക ........ 77
7.2 മാതാപിതാക്കളുടെയും കുടുംബത്തിന്റെയും കമ്മ്യൂണിറ്റിയുടെയും പങ്ക് ........ 78
7.3 നവീകരണത്തിനായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ .... 79

**അനുബന്ധങ്ങൾ ........ 81**

അനുബന്ധം I: ദേശീയ ശൈശവാരംഭ പരിചരണ, വിദ്യാഭ്യാസ (ECCE) പാഠ്യപദ്ധതി 2024 നുള്ള ആഭ്യന്തര സമിതി ........ 82

അനുബന്ധം II: ഡിസെബിളിറ്റി സ്ക്രീനിംഗ് ഷെഡ്യൂൾ ........ 85
അനുബന്ധം III: കടമകളും ഉത്തരവാദിത്തങ്ങളും ........ 91
അനുബന്ധം IV: 1000 ദിവസത്തെ യാത്ര ലഘുലേഖ ........ 94

**റഫറൻസുകൾ ........ 110**

# ആമുഖം

ജനനസമയത്ത് മസ്തിഷ്കത്തിന്റെ 25% മാത്രമേ രൂപപ്പെടുന്നുള്ളൂ എന്നും, ശേഷിക്കുന്ന 75% ഒരു കുട്ടിയുടെ ജീവിതത്തിന്റെ ആദ്യ 3 വർഷങ്ങളിൽ, ശൈശവാരംഭ വികസന (ഇ.സി.ഡി.) പ്രക്രിയയിലാണ് വികസിക്കുന്നതെന്നും പറയപ്പെടുന്നു. ഈ പ്രായത്തിൽ ഒരു കുഞ്ഞിന്റെ മസ്തിഷ്കം മുതിർന്നവരുടെ മസ്തിഷ്ക്കത്തേക്കാൾ ഇരട്ടി സജീവമായിരിക്കുന്നതിനാൽ, ചിന്തയുടെയും പ്രതികരണത്തിന്റെയും രീതികൾ സജ്ജമാക്കപ്പെടുന്നു. നല്ല ആരോഗ്യം, മതിയായ പോഷകാഹാരം, സുരക്ഷ, പ്രതികരണാത്മക പരിചരണദാനം, ആദ്യകാല പഠനത്തിനുള്ള അവസരങ്ങൾ എന്നിങ്ങനെ അഞ്ച് പരസ്പരബന്ധിതവും അവിഭാജ്യവുമായ ഘടകങ്ങൾ പരിപോഷണ പരിചരണ ചട്ടക്കൂടിൽ അടങ്ങിയിരിക്കുന്നു.കുട്ടികൾക്ക് അവരുടെ പൂർണ്ണ കഴിവിൽ എത്തിച്ചേരാൻ എല്ലാ അഞ്ച് ഘടകങ്ങളും ആവശ്യമാണ്.

വിദഗ്ദരുടെ ഒരു ആഭ്യന്തര സമിതിയുടെ രൂപീകരണം, നയരേഖകളും ഏറ്റവും പുതിയ ഗവേഷണവും ഉൾപ്പെടെയുള്ള വിപുലമായ സാഹിത്യഅവലോകനം,അങ്കണവാടിവർക്കർമാർ, സൂപ്പർവൈസർമാർ, സി.ഡി.പി.ഒ.മാർ തുടങ്ങിയ ഫീൽഡ് പങ്കാളികളുമായുള്ള കൂടിയാലോചനകൾ എന്നിവയിലൂടെയാണ് ദേശീയ ശൈശവാരംഭ ഉത്തേജന ചട്ടക്കൂട് 2024 തയ്യാറാക്കിയിരിക്കുന്നത്. അടിസ്ഥാന ഘട്ടത്തിനായുള്ള ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന് അനുസൃതമായി, ഈ ചട്ടക്കൂട് 3 വയസ്സ് വരെ കുട്ടി അതിന്റെ എല്ലാ പരിചരണദാതാക്കളും ജോലിക്കു പോകുന്നവരല്ലെങ്കിൽ പ്രാഥമികമായി വീട്ടിലായിരിക്കുമെന്നുമാനിക്കുന്നു. പരിചരണദാതാക്കൾ ജോലിക്കു പോകുന്നവരാണെങ്കിൽ കുട്ടിയെ അടുത്തുള്ള ഒരു ക്രെഷിൽ ചേർക്കേണ്ടിവരും. അതുകൊണ്ട്, ശിശുവികസനത്തിന്റെ ആദ്യമൂന്ന് വർഷങ്ങളിലെ ഒരു നിർണായക ഘടകം,കുട്ടിക്ക് പ്രതികരണാത്മക പരിചരണം നൽകുന്നതിനോ അവരോടൊപ്പം പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനോ പരിചരണദാതാവിന് നൽകേണ്ടതായ പിന്തുണയാണ്.

നിലവിലുള്ള ചട്ടക്കൂടിന്റെ ലക്ഷ്യം ജനനം മുതൽ കുട്ടിയുടെ വളർച്ചയുടെ ആദ്യ മൂന്ന് വർഷം വരെയുള്ള പരിചരണവും ഉത്തേജനവും മനസ്സിലാക്കുന്നതിലും നടപ്പിലാക്കുന്നതിലുമുള്ള ആശയപരവും പ്രായോഗികവുമായ വിടവുകൾ നികത്തുക എന്നതാണ്. ഈ ചട്ടക്കൂടിന്റെ ലക്ഷ്യം പ്രതികരണാത്മക പരിചരണത്തിലൂടെയും കുട്ടികളുടെ ആദ്യകാല പഠനത്തിനും ശരീരത്തിന്റെയും മസ്തിഷ്കത്തിന്റെയും ഉത്തമ വികസനത്തിനുമുള്ള അവസരങ്ങളിലൂടെയും സമഗ്രമായ ശൈശവാരംഭ ഉത്തേജനത്തിനായി പരിചരണദാതാക്കളെയും അങ്കണവാടി ജീവനക്കാരെയും ശക്തീകരിക്കുക എന്നതാണ് ജീവിതത്തിന്റെ ആദ്യ മൂന്ന് വർഷങ്ങളിൽ ഒരു കുട്ടിയുടെ വളർച്ചയെയും വികാസത്തെയും പിന്തുണയ്ക്കുന്നതിനും അളക്കുന്നതിനും ഉത്തേജക പ്രവർത്തനങ്ങൾ നടത്തുന്നതിൽ പരിചരണദാതാക്കളെ സഹായിച്ചുകൊണ്ട് വീട്ടിലും അതുപോലെതന്നെ അങ്കണവാടി കേന്ദ്രങ്ങളിലോ ക്രെഷുകളിലോ ഇടപെടുന്നതിന് ചട്ടക്കൂട് മാർഗ്ഗനിർദ്ദേശം നൽകുന്നു, ആദ്യ മൂന്ന് വർഷങ്ങളിൽ മസ്തിഷ്ക വികാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള വിശദമായ വിവരങ്ങളും, ആദ്യകാല ഉത്തേജന പ്രവർത്തനങ്ങൾ നടത്തുന്നതിൽ പരിചരണദാതാക്കൾക്കും മുൻനിര പ്രവർത്തകർക്കും ഘട്ടം ഘട്ടമായുള്ള നിർദ്ദേശങ്ങളും അത് പ്രദാനം ചെയ്യുന്നു. ഭിന്നശേഷിയുള്ള കുട്ടികളുടെ സ്ക്രീനിംഗ്, ഉൾപ്പെടുത്തൽ, റഫറൽ എന്നിവയിലും ഇത് പ്രത്യേകിച്ചും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ഈ കാര്യത്തിൽ ശൈശവാരംഭ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിലും തത്വങ്ങൾ നടപ്പിലാക്കാൻ കഴിയുന്ന പരിപാടികൾ വികസിപ്പിക്കുന്നതിലും ആഗോളതലത്തിൽ സമവായം വളർന്നുവരികയാണ്. ഉത്തമ മസ്തിഷ്ക വികാസത്തിന് അത്യന്താപേക്ഷിതമായ അനുഭവങ്ങൾ വീട്ടിൽ നിന്ന് ഇടയ്ക്കിടെ ലഭിക്കുമെങ്കിലും, ഈ കാലയളവിൽ ഒരു കുട്ടിക്ക് പരിപോഷിപ്പിക്കുന്ന അന്തരീക്ഷവും പ്രതികരണാത്മക പരിചരണദാന സമ്പ്രദായങ്ങളും സമർപ്പിതമായും സ്ഥിരമായും പ്രദാനം ചെയ്യപ്പെടുന്ന കുട്ടികൾ വ്യത്യസ്ത വികസന മേഖലകളിൽ പൂർണ്ണതയിലേക്ക് വളരുന്നുവെന്ന് ഉറപ്പാക്കുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള ചുവടുവയ്പ്പുകൾ രൂപപ്പെടുത്തുക എന്നതാണ് ഈ ചട്ടക്കൂടിന്റെ ലക്ഷ്യം.

## രീതിശാസ്ത്രം: ചട്ടക്കൂട് നിർമ്മിക്കൽ

2020ലെ ദർശനാത്മകമായ ദേശീയ വിദ്യാഭ്യാസ നയവും (എൻ.ഇ.പി.) 2022 ലെ അടിസ്ഥാന ഘട്ടത്തിനായുള്ള ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടും (NCF-FS) രാജ്യത്ത് ആദ്യകാല ബാല്യകാല പരിചരണത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും നിർണായക പങ്ക് തിരിച്ചറിയുന്നതിൽ നിർണായക നിമിഷങ്ങൾ അടയാളപ്പെടുത്തി. 3 മുതൽ 8 വയസ്സുവരെയുള്ള കുട്ടികളെ ഉൾക്കൊള്ളുന്ന NCF-FS, 3-6 വയസ്സുവരെയുള്ള കുട്ടികൾക്ക് മാത്രമല്ല 0-3 വയസ്സുവരെയുള്ള കുട്ടികൾക്കും ഉയർന്ന നിലവാരമുള്ള ഇ.സി.സി.ഇ. വളർത്തിയെടുക്കുന്നതിനായി പ്രത്യേകം രൂപകൽപ്പന ചെയ്ത മാർഗ്ഗനിർദ്ദേശങ്ങളുടെയും നിർദ്ദേശിത രീതികളുടെയും ആവശ്യകത അടിവരയിടുക മാത്രമല്ല സ്ഥാപനവൽക്കരിക്കുകയും ചെയ്തു.

0-3 വയസ്സുവരെയുള്ള കുട്ടികൾക്ക് വീട്ടിൽ ഉയർന്ന നിലവാരമുള്ള ഇ.സി.സി.ഇ. പ്രാപ്തമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും കൂടാതെ/അല്ലെങ്കിൽ നിർദ്ദേശിക്കപ്പെടുന്ന സമ്പ്രദായങ്ങളും വനിതാ-ശിശു വികസന മന്ത്രാലയം (MWCD) വികസിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യും."

ദേശീയ ECCE നയവും (2013) 2022-ൽ MWCD, ECCE ടാസ്ക് ഫോഴ്സിന് രൂപം നല്കിയതും, ഇന്ത്യയിലെ കുട്ടികളുടെ വികസനത്തിനായി 6 വയസ്സുവരെയുള്ള കുട്ടികളുടെ വളർച്ചയ്ക്ക് ആവശ്യമായ ശൈശവാരംഭ ഉത്തേജനത്തിനുള്ള ദേശീയ ചട്ടക്കൂടും (ജനനം മുതൽ 3 വയസ്സുവരെ) ആദ്യകാല ബാല്യകാല പരിചരണത്തിനും വിദ്യാഭ്യാസത്തിനുമുള്ള ദേശീയ പാഠ്യപദ്ധതിയും (3 മുതൽ 6 വയസ്സുവരെയുള്ള) രൂപപ്പെടുത്തുന്നതിലേക്ക് നയിച്ച സഹകരണാത്മക പ്രയാണത്തെ കൂടുതൽ ശക്തിപ്പെടുത്തി. നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് പബ്ലിക് കോ-ഓപ്പറേഷൻ ആൻഡ് ചൈൽഡ് ഡെവലപ്മെന്റ് (NIPCCD) വഴി ഈ സാമഗ്രികൾ വികസിപ്പിക്കുന്നതിൽ വനിതാ-ശിശു വികസന മന്ത്രാലയം (MWCD) മുഖ്യ പങ്കുവഹിച്ചു. 1975 മുതൽ അംബ്രല്ല ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീമിന് (ICDS) കീഴിലുള്ള അങ്കണവാടി സർവീസസ് സ്കീമിലെ പ്രവർത്തകരെ പരിശീലിപ്പിക്കുന്നതിൽ NIPCCD ഒരു അവിഭാജ്യ ഭാഗമാണ്. അന്താരാഷ്ട്ര, ദേശീയ, സംസ്ഥാന തലങ്ങളിലുള്ള മികച്ച രീതികളെ അടിസ്ഥാനമാക്കിയുള്ള ECCE-യെക്കുറിച്ചുള്ള ഏറ്റവും പുതിയ ഗവേഷണങ്ങൾ ചട്ടക്കൂടിലും പാഠ്യപദ്ധതിയിലും സന്നിവേശിപ്പിച്ചിട്ടുണ്ട്.

സൂക്ഷ്മവും സമഗ്രവുമായ ഒരു സമീപനം ഉറപ്പാക്കുന്നതിന്, വനിതാ-ശിശു വികസന മന്ത്രാലയം (MWCD), ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം (MoHFW), സ്കൂൾ വിദ്യാഭ്യാസ, സാക്ഷരതാ വകുപ്പ്, വിദ്യാഭ്യാസ മന്ത്രാലയം (DoSEL, MoE), നാഷണൽ കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് & ട്രെയിനിംഗ് (NCERT), ഇൻസ്റ്റിട്യൂട്ട് ഓഫ് ഹോം ഇക്കണോമിക്സ്, ഡൽഹി യൂണിവേഴ്സിറ്റി, സിവിൽ സൊസൈറ്റി ഓർഗനൈസേഷൻ (CSOs) എന്നിവയിൽ നിന്നുള്ള പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു ആഭ്യന്തര സമിതിയെ അതീവസൂക്ഷ്മതയോടെ രൂപീകരിച്ചു. ശൈശവാരംഭ വിദ്യാഭ്യാസത്തിന്റെ വികസിച്ചുകൊണ്ടിരിക്കുന്ന ഭൂപ്രകൃതി രൂപപ്പെടുത്തുന്നതിന് പരമ്പരാഗത പരിജ്ഞാനവും ആധുനിക വിജ്ഞാനവും ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ അസംബ്ലി വളരെ സൂക്ഷ്മതയോടെ രൂപീകരിച്ചിട്ടുള്ളത് എന്നതാണ് അതിന്റെ പ്രത്യേകത. ആഭ്യന്തര സമിതിയുടെ ആദ്യ കൺസൾട്ടേഷൻ മീറ്റിംഗ് 2023 ഡിസംബർ 19-ന് ന്യൂഡൽഹിയിലെ NIPCCDയിൽ വെച്ച് നടത്താൻ തീരുമാനിച്ചു. ആഭ്യന്തര സമിതിയുടെ ഘടനയും ആലോചനാവിഷയങ്ങളും അനുബന്ധം 1-ൽ കാണാം.

ചട്ടക്കൂടിന്റെ സൃഷ്ടി അടച്ചിട്ട വാതിലുകളിൽ ഒതുങ്ങി നിന്നില്ല, മറിച്ച് അങ്കണവാടി ജീവനക്കാരുടെ (എഡബ്ല്യുഡബ്ല്യു) അനുഭവങ്ങളും പരിജ്ഞാനവും പ്രതിദ്ധ്വനിപ്പിച്ച ഒരു പങ്കാളിത്ത പരിശ്രമമായിരുന്നു. ആഭ്യന്തര സമിതിയുടെ നിർദ്ദേശപ്രകാരം, NIPCCD 2023 ഡിസംബർ 20-ന് ഡൽഹിയിൽ നിന്നുള്ള CDPOമാർ, സൂപ്പർവൈസർമാർ, അങ്കണവാടി ജീവനക്കാർ എന്നിവരടങ്ങുന്ന അങ്കണവാടി സംവിധാനത്തിലെ പ്രവർത്തകരുമായി ഒരു കൺസൾട്ടേഷൻ സംഘടിപ്പിച്ചു. അവർ ECCE നടത്തുന്നതിനെക്കുറിച്ചും അംഗൻവാടി ഹെല്പറുടെ ഗണ്യമായ സഹായത്തോടെ

കുട്ടികളെ കൈകാര്യം ചെയ്യുന്നതിനെക്കുറിച്ചും അത്യാവശ്യമായ ഉൾക്കാഴ്ചകൾ നൽകി. ഭവന സന്ദർശന വേളയിൽ പരിചരണദാതാക്കൾ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടെ ജനനം മുതൽ മൂന്ന് വയസ്സ് വരെയുള്ള കുട്ടികളെ ഉത്തേജിപ്പിക്കുന്നതിനുള്ള ഒരു ചട്ടക്കൂടിന്റെ ആവശ്യകത അവർ ആവർത്തിച്ചു. ഫീൽഡ് തല പ്രവർത്തകരിൽ നിന്നുള്ള വിലപ്പെട്ട ഇൻപുട്ടുകളും അവയോടൊപ്പം സക്ഷം അങ്കണവാടി/ മിഷൻ പോഷൻ 2.0 യുടെ മാർഗ്ഗനിർദ്ദേശങ്ങൾ, പൽന സ്കീമിന്റെ മാനക ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾ, MWCD യുടെ ECCE ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ട് എന്നിവ ശൈശവാരംഭ പരിചരണത്തിൽ നേരിട്ട് ഏർപ്പെട്ടിരിക്കുന്നവരുടെപ്രായോഗികആവശ്യങ്ങൾക്കും മുൻഗണനകൾക്കും അനുസൃതമായി, ചലനാത്മകവും പ്രതികരണാത്മകവുമായ തലത്തിലേക്ക് ചട്ടക്കൂടിനെ നയിച്ചു.

അതിനാൽ, ഉത്തേജനത്തിനുള്ള ചട്ടക്കൂട് (0-3 വയസ്സ്) ലക്ഷ്യമിടുന്നത്, ജനനം മുതൽ ഒരു കുട്ടിയുടെ വളർച്ചയുടെ ആദ്യ മൂന്ന് വർഷം വരെയുള്ള പരിചരണവും ഉത്തേജനവും മനസ്സിലാക്കുന്നതിലും നടപ്പിലാക്കുന്നതിലും ആശയപരവും പ്രായോഗികവുമായ വിടവുകൾ നികത്തുന്നതിനാണ്. ജീവിതത്തിന്റെ ആദ്യ മൂന്ന് വർഷങ്ങളിൽ ഒരു കുട്ടിയുടെ വളർച്ചയെയും വികാസത്തെയും പിന്തുണയ്ക്കുന്നതിനും അളക്കുന്നതിനും ഉത്തേജക പ്രവർത്തനങ്ങൾ നടത്തുന്നതിൽ പരിചരണദാതാക്കളെ സഹായിച്ചുകൊണ്ട് വീട്ടിലും അതുപോലെതന്നെ അങ്കണവാടി കേന്ദ്രങ്ങളിലോ ക്രെഷുകളിലോ ഇടപെടുന്നതിന് ചട്ടക്കൂട് മാർഗ്ഗനിർദ്ദേശം നൽകുന്നു, ആദ്യ മൂന്ന് വർഷങ്ങളിൽ മസ്തിഷ്ക വികാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള വിശദമായ വിവരങ്ങളും, ആദ്യകാല ഉത്തേജന പ്രവർത്തനങ്ങൾ നടത്തുന്നതിൽ പരിചരണദാതാക്കൾക്കും മുൻനിര പ്രവർത്തകർക്കും ഘട്ടംഘട്ടമായുള്ള നിർദ്ദേശങ്ങളും അത് പ്രദാനം ചെയ്യുന്നു. തദ്ദേശീയ കളിപ്പാട്ടങ്ങളുടെയും കുറഞ്ഞ ചെലവുള്ള/ ചെലവില്ലാത്ത വസ്തുക്കളുടെയും ഉപയോഗത്തിനും ഊന്നൽ നൽകിയിട്ടുണ്ട്.

ദിവ്യാംഗ് കുട്ടികളെ ഉൾപ്പെടുത്തുന്നതിനുള്ള രീതികളെക്കുറിച്ച് പ്രത്യേക നിർദ്ദേശങ്ങൾ തേടി. MWCD പുറത്തിറക്കിയ 2023 ലെ ദിവ്യാംഗ് കുട്ടികൾക്കായുള്ള അങ്കണവാടി പ്രോട്ടോക്കോളിനുമേലാണ് ഈ ചട്ടക്കൂട് നിർമ്മിച്ചിരിക്കുന്നത്. ഭിന്നശേഷിയുള്ള കുട്ടികളെ ഉൾപ്പെടുത്തുന്നതിനായി, അങ്കണവാടി വർക്കർമാർക്കു എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ കഴിയുന്ന പ്രായത്തിനനുസരിച്ചുള്ള ഒരു സ്ക്രീനിംഗ് ടൂൾ ഉൾപ്പെടുത്തിയിട്ടുണ്ട്, ഇത് DEPwD യുമായി കൂടിയാലോചിച്ച് അന്തിമമാക്കിയിട്ടുണ്ട്.

ഏറ്റവും പുതിയ ഗവേഷണങ്ങളിലൂടെയും മികച്ച സമ്പ്രദായങ്ങളിലൂടെയും അറിവ് നേടിയെടുത്ത ഈ ചട്ടക്കൂട്, നിലവിലുള്ള മാനദണ്ഡങ്ങൾ പാലിക്കുക മാത്രമല്ല, നേരത്തെയുള്ള ഉത്തേജനത്തിനായി ഒരു പുതിയ മാനദണ്ഡം സ്ഥാപിക്കുകയും ചെയ്യുന്നു. ഈ സമീപനം 0-6 വയസ് പ്രായമുള്ള കുട്ടികളുടെ ചലനാത്മക വിദ്യാഭ്യാസ ഭൂപ്രകൃതിയെ അനായാസം സമന്വയിപ്പിച്ചുകൊണ്ട് ഇന്ത്യയിൽ ശൈശവാരംഭ വികസനത്തിൽ ഒരു പുതിയ യുഗത്തിന് വേദിയൊരുക്കുന്നു.



## അദ്ധ്യായം 1

# ഇന്ത്യയില് കുട്ടികളുടെ ശൈശവാരംഭ വികസനത്തിന്റെ നയ പശ്ചാത്തലം

# 1.1 നയ പശ്ചാത്തലം

ഇന്ത്യന് ഭരണഘടനയുടെ അനുച്ഛേദം 45ല് നിന്നും ഉത്ഭവിക്കുന്ന, ശിശു വികസനം കൈകാര്യം ചെയ്യുന്ന നയ ചട്ടക്കൂടുകളുടെ ശക്തമായ ഒരു ചരിത്രം ഇന്ത്യയ്ക്കുണ്ട്. ഇവയില് നാഷണല് പോളിസി ഫോർ ചില്ഡ്രന് അഥവാ കുട്ടികൾക്കായുള്ള ദേശീയ നയം (1974), നാഷണല് പോളിസി ഫോർ എഡ്യൂക്കേഷന് അഥവാ വിദ്യാഭ്യാസത്തിനായുള്ള ദേശീയ നയം (1986), നാഷണല് പ്ലാന് ഓഫ് ആക്ഷന് ഫോർ ചില്ഡ്രന് അഥവാ കുട്ടികൾക്കായുള്ള ദേശീയ കർമ്മപദ്ധതി (2005), നാഷണല് ഏർളി ചൈല്ഡ്ഹുഡ് കെയർ ആന്ഡ് എഡ്യൂക്കേഷന് അഥവാ ദേശീയ ശൈശവാരംഭ പരിചരണവും വിദ്യാഭ്യാസവും (ഇ.സി.സി.ഇ.) നയം (2013), 26 ആഴ്ച വരെ പ്രസവാവധിയും എല്ലാ സ്ഥാപനങ്ങളിലും ക്രെഷ് സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള ദി മറ്റേണിറ്റി ബെനിഫിറ്റ് അമെന്ഡ്മെന്ഡ് ആക്ട് (2017) എന്നിവ ഉൾപ്പെടുന്നു. ഇന്റർനാഷണല് കൺവെന്ഷന് ഓൺ ദ റൈറ്റ്സ് ഓഫ് ദ ചൈല്ഡ് (CRC) 1989 ഉടമ്പടിയില് ഇന്ത്യ ഒപ്പ് വച്ചിട്ടുണ്ട്. കൂടാതെ, 2030 ഓടെ, എല്ലാ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഉന്നത നിലവാരമുള്ള ശൈശവാരംഭ വികാസത്തിനും പരിചരണത്തിനും പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനും പ്രാപ്യതയുണ്ടാവുമെന്ന് ഉറപ്പു നല്കുവാന് സസ്റ്റെയ്നബിൾ ഡിവെലപ്മെന്റ് ഗോൾ (സുസ്ഥിര വികസന ലക്ഷ്യം) 4 ലക്ഷ്യമിടുകയും ചെയ്യുന്നു.

**ഇ.സി.സി.ഇ. ഇന്ത്യയില് - നയവും നിയമ നിർമ്മാണങ്ങളും**

| ഇന്ത്യന് ഭരണഘടനയുടെ അനുച്ഛേദം 45 |
| --- |
| "എല്ലാ കുട്ടികൾക്കും അവർക്ക് ആറു വയസ്സു തികയുന്നതുവരെ ശൈശവാരംഭത്തില്ത്തന്നെ പരിചരണവും വിദ്യാഭ്യാസവും വ്യവസ്ഥ ചെയ്യുവാന് രാഷ്ട്രം യത്നിക്കേണ്ടതാണ്." |




നാഷണല് ECCE പോളിസി 2013 "രാജ്യത്തെമ്പാടുമുള്ള ആറു വയസ്സിനു താഴെയുള്ള ഓരോ കുട്ടിക്കും ശൈശവാരംഭ പരിചരണവും വിദ്യാഭ്യാസവും (ECCE) ഉറപ്പു വരുത്തേണ്ടതിന്റെ ആവശ്യകത" ഊന്നിപ്പറയുന്നു. അങ്കണവാടി കേന്ദ്രത്തില് നല്കപ്പെടുന്ന ശൈശവാരംഭ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിനായി 4 മണിക്കൂർ പഠിപ്പിക്കലും, ക്ലാസ്സ്മുറിയുടെ അളവുകളും, മതിയായ ബാഹ്യ ഇടവും, പരിശീലനത്തിനും പ്രായത്തിനും വികസനപരമായും ഉചിതമായതും മാതൃഭാഷയിലോ പൊതു തദ്ദേശ നാട്ടുഭാഷയിലോ നല്കുന്നതുമായ ശിശുകേന്ദ്രീകൃത പാഠ്യപദ്ധതിയും, മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉൾപ്പെടെ, വിട്ടുവീഴ്ച ചെയ്യാനാവാത്ത 11 മാനദണ്ഡങ്ങളും ഇത് നിർദ്ദേശിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തില്, ദേശീയ ECCE പാഠ്യപദ്ധതി 2014, പരിചരണത്തിലും ഉത്തേജനത്തിലും ശ്രദ്ധ നല്കുന്നതും, ഒപ്പം ജനനം മുതല് മൂന്നു വയസ്സു വരെയുള്ള ശിശുക്കൾക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വികസനപരമായി ഉചിതമായ ശീലങ്ങള് നല്കുന്നതുമായ, 0 മുതല് 6 വയസ്സു വരെയുള്ള ഒരു ഏകീകൃത സമീപനവും സ്വീകരിച്ചു.

2022ല് വനിതാ ശിശു വികസന മന്ത്രാലയം സ്ഥാപിച്ച ECCE ടാസ്ക്ഫോഴ്സ് 0 മുതല് 3 വയസ്സു വരെ പ്രായമുള്ള ശിശുക്കൾക്കായി നടപ്പില് വരുത്തേണ്ട രണ്ട് സമാന്തര സെറ്റ് IEC തന്ത്രങ്ങള് ശുപാർശ ചെയ്തു: ഘടനാപരമായി നടത്തുന്ന ഭവന സന്ദർശനങ്ങളിലൂടെയും കൂടുതല് വിശാലമായ ഒരു കമ്മ്യൂണിറ്റി ഔട്ട്റീച്ച് ക്യാമ്പയിനിലൂടെയും അങ്കണവാടി പ്രവർത്തകരാലും ആശാ വർക്കർമാരാലും നല്കപ്പെടുന്ന ഭവനം അടിസ്ഥാനമാക്കിയുള്ള ഒരു പരിചരണദാതാവ് വിദ്യാഭ്യാസപരിപാടി. ഈ ഭവനസന്ദർശനവേളയില് പ്രാരംഭ ഉത്തേജനത്തിന് സഹായകമാകുന്ന വിശദമായ സാമഗ്രി വികസിപ്പിക്കേണ്ടതിന്റെ ഒരു ആവശ്യകതയുണ്ട്.

കൂടാതെ, ഭിന്നശേഷികള് കണ്ടെത്തുകയും പ്രതിരോധിക്കുകയും ചെയ്യുന്നതില് പ്രാരംഭദശയിലുള്ള പരിശോധനയ്ക്കും ഇടപെടലിനുമുള്ള നിർണ്ണായകത തിരിച്ചറിഞ്ഞുകൊണ്ട്, 2023ല് വനിതാ ശിശു

വികാസപരമായ കാലതാമസം ഉള്ളതോ, ശേഷിക്കുറവുകളുള്ളതോ, പോഷകക്കുറവുള്ളതോ ആയ ശിശുക്കൾക്ക് ഉത്തമമായ രീതിയില് വികസിക്കുന്നതിന് അധിക പിന്തുണ ആവശ്യമായി വന്നേക്കാം. തങ്ങളുടെ കുടുംബങ്ങളിലെയും സമുദായങ്ങളിലെയും മറ്റു ശിശുക്കളുമായി താരതമ്യപ്പെടുത്തുമ്പോൾ ഒരു ശിശുവിന് വികസനപരമായ നാഴികക്കല്ലുകൾ ആർജ്ജിക്കുന്നതിന് കാലതാമസം നേരിടുന്നത് സാധാരണയായി പരിചരണദാതാക്കൾക്ക് തിരിച്ചറിയുവാന് സാധിക്കുമ്പോൾത്തന്നെയും, അവരുടെ ശിശുവിന് ഉചിതമായ ഉത്തേജന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നതിന് അവർക്ക് പിന്തുണ ആവശ്യമുണ്ട്. പരിചരണദാതാക്കള് എല്ലായ്പ്പോഴും ഈ ശിശുക്കള്ക്ക് ആവശ്യമായത്ര പതിവായി ഭക്ഷണം നല്കുകയോ ആശയവിനിമയം നടത്തുകയോ ചെയ്യണമെന്നില്ല; ഈ കുട്ടികളുടെ പ്രത്യേകമായ ആവശ്യങ്ങളെയും അവരുടെ കഴിവുകളെയും കുറിച്ച് അവർക്ക് അവബോധം ഉണ്ടായിരിക്കണമെന്നത് സുപ്രധാനമാണ്.

-അങ്കണവാടി പ്രവർത്തകർക്കായുള്ള ഇ.സി.സി.ഇ. പരിശീലന മൊഡ്യൂൾ, 2017, പേജ് 14

വികസന മന്ത്രാലയം, മൂന്നു വയസ്സിനു താഴെയുള്ളവരുൾപ്പെടെയുള്ള ദിവ്യാംഗ് ശിശുക്കളുടെ പരിശോധനയും, ഉൾപ്പെടുത്തലും റഫറലുകളും ഉൾപ്പെടുന്ന ദിവ്യാംഗ് ശിശുക്കൾക്കായുള്ള അങ്കണവാടി പ്രോട്ടോക്കോൾ സമാരംഭിച്ചു. ഉൾപ്പെടുത്തലിനുള്ള ഒരു പരിശോധനാ സമയക്രമത്തിന്റെയും പ്രവർത്തന നിർദ്ദേശങ്ങളുടെയും കൂടുതല് വിപുലീകരണം ആവശ്യമുണ്ട്.

അവസാനമായി, എല്ലാത്തിനും ഉപരിയായ 2020ലെ ദേശീയ വിദ്യാഭ്യാസ നയം (എന്.ഇ.പി.), ജീവിതത്തിന് ശക്തമായ ഒരു അടിത്തറ കെട്ടിപ്പടുക്കുവാന് മതിയായ പരിചരണം ആവശ്യമാണ് എന്നു തിരിച്ചറിഞ്ഞുകൊണ്ട്, ഒരു ശിശുവിന്റെ വളർച്ചയുടെ പ്രാരംഭ വർഷങ്ങളില് മതിയായ ഉത്തേജനം ലഭിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞിരിക്കുന്നു. ശൈശവാരംഭ പരിചരണത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും (ഇ.സി.സി.ഇ.) ആകമാന ലക്ഷ്യങ്ങൾ, ശാരീരിക വികസനത്തിന്റെയും ചലന വികസനത്തിന്റെയും, വൈജ്ഞാനിക വികസനത്തിന്റെയും, സാമൂഹിക-വൈകാരിക-ധാർമ്മിക വികസനത്തിന്റെയും, സാംസ്കാരിക/കലാപരമായ വികസനത്തിന്റെയും, ആശയവിനിമയത്തിന്റെയും പ്രാരംഭ ഭാഷയുടെയും, സാക്ഷരതയുടെയും, സംഖ്യാശാസ്ത്രത്തിന്റെയും മണ്ഡലങ്ങളില് ഇഷ്ടതമമായ ഫലം കൈവരിക്കുക എന്നതാണെന്ന് ഇത് സൂചിപ്പിക്കുന്നു.

ഈ ഊന്നലിന് അനുസൃതമായി, മേല്പറഞ്ഞ തത്വങ്ങളുമായും, ഇ.സി.സി.ഇ.യെ സംബന്ധിച്ച ഏറ്റവും പുതിയ ഗവേഷണങ്ങളുമായും, ദേശീയവും അന്തർദ്ദേശീയവുമായ ഏറ്റവും മികച്ച സമ്പ്രദായങ്ങളുമായും ചേർന്ന്, 0-3 പ്രായമുള്ള ശിശുക്കൾക്കുള്ള സമർപ്പിതമായ ഒരു ചട്ടക്കൂട് എന്.ഇ.പി. വിഭാവനം ചെയ്തു. 2022 ല് പുറത്തിറക്കിയ 3 മുതല് 8 വയസ്സുവരെയുള്ള ശിശുക്കളെ ഉൾപ്പെടുത്തിയിട്ടുള്ള ദി നാഷണല് കരിക്കുലം ഫ്രെയിംവർക്ക് ഫോർ ഫൌണ്ടേഷണല് സ്റ്റേജ് (എന്.സി.എഫ്.-എഫ്.എസ്.), സെക്ഷന് 1.1.2 ല് ഇപ്രകാരം പ്രസ്താവിക്കുന്നു:

**"0-3 വരെ പ്രായക്കാർക്കായി വീട്ടില് ഉന്നത-ഗുണനിലവാരമുള്ള ഇ.സി.സി.ഇ. സാധ്യമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൂടാതെ/ അല്ലെങ്കില് നിർദേശിക്കപ്പെടുന്ന സമ്പ്രദായങ്ങൾ വനിതാ ശിശു വികസന മന്ത്രാലയം (MWCD) വികസിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതുമായിരിക്കും."**

ജനനം മുതല് മൂന്നു വയസ്സു വരെ ഒരു ശിശു വളരുകയും പഠിക്കുകയും ചെയ്യുന്ന ഇടം എന്ന നിലയിലുള്ള വീടിന്റെ സർവ്വവ്യാപ്തി കണക്കിലെടുത്തുകൊണ്ട്, ദ്രുതഗതിയില് വളർന്നുകൊണ്ടിരിക്കുന്ന ശിശുവിന് ആരോഗ്യവും പോഷണപരമായ പരിചരണവും നല്കുന്നതിന് അപ്പുറം പോകേണ്ടതിന്റെ ആവശ്യകത എന്.സി.എഫ്.-എഫ്.എസ്. അടിവരയിട്ടു പറഞ്ഞു. ഈ പ്രാരംഭ വർഷങ്ങളില്, എല്ലാ മണ്ഡലങ്ങളിലും പ്രതീക്ഷിക്കപ്പെടുന്ന വികസനപരമായ നാഴികക്കല്ലുകള് കൈവരിക്കുന്നതിനു വേണ്ടിയും, ഭാഷയിലുള്ള പ്രാരംഭവും ഉയർന്നു വരുന്നതുമായ സാക്ഷരതയും സംഖ്യാശാസ്ത്രവും വികസിക്കുന്നതിനു വേണ്ടിയും സംസാരിക്കുന്നതിലൂടെയും, കളിക്കുന്നതിലൂടെയും, ചലിക്കുന്നതിലൂടെയും, സംഗീതവും ശബ്ദങ്ങളും ശ്രവിക്കുന്നതിലൂടെയും, മറ്റെല്ലാ സംവേദനങ്ങളിലൂടെയും, വിശേഷിച്ചും കാഴ്ചയിലൂടെയും സ്പർശനത്തിലൂടെയുമുള്ള വൈജ്ഞാനികവും വൈകാരികവുമായ ഉത്തേജനത്തില് ശ്രദ്ധയൂന്നിക്കൊണ്ട് ശിശുവിന് പൂർണ്ണവും ആനുപാതികവുമായ പരിചരണം നല്കുന്നതിന് ഇത് ഊന്നിപ്പറയുന്നു. കുടുംബങ്ങൾ അവരുടെ ശിശുക്കളെ ക്രെഷുകളിലും പറഞ്ഞയച്ചേക്കാമെന്നതും ബാധകമായിടത്തെല്ലാം ക്രെഷ് ജീവനക്കാർ സമാനമായ സമ്പ്രദായങ്ങളും സമീപനങ്ങളും സ്വീകരിക്കണമെന്നതും എന്.സി.എഫ്.-എഫ്.എസ്. പരിഗണിച്ചു. എന്.സി.എഫ്.-എഫ്.എസ്.ന്റെ എല്ലാ ശുപാർശകളും ഒരു ശിശുവിന്റെ പ്രാരംഭ വർഷങ്ങളുടെ സജീവത്വത്തെ എന്.ഇ.പി. അംഗീകരിക്കുന്നതിനെ പിന്തുടർന്നുള്ളതും, എല്ലാവർക്കും ഗുണനിലവാരമുള്ള ശൈശവാരംഭ പരിചരണവും വിദ്യാഭ്യാസവും ഉറപ്പു വരുത്തേണ്ടതിന്റെ ആവശ്യകത എടുത്തുകാട്ടുന്നതുമാണ്.

# 1.2 പരിപാടി പശ്ചാത്തലം

1975ല്, പൂരക പോഷണവും 6 വയസ്സിനു താഴെയുള്ള കുട്ടികൾക്കുള്ള അനൗപചാരിക പ്രീസ്കൂൾ വിദ്യാഭ്യാസവും ഉൾപ്പെടെയുള്ള ഏകീകൃതമായ പരിചരണം നല്കുന്നതിനായി ഇന്റഗ്രേറ്റഡ് ചൈല്ഡ് ഡിവെലപ്മെന്റ് സർവീസസ് ആരംഭിച്ചു. 1986ലാണ് ശൈശവാരംഭ പരിചരണവും വിദ്യാഭ്യാസവും (ഇ.സി.സി.ഇ.) നയ ചട്ടക്കൂടില് ഉൾപ്പെടുത്തിയത്. ആവശ്യത്തിലുള്ള ഒരു ശിശുവും നിരസിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട്, 2007-2008 ല് ഈ പദ്ധതി സാർവ്വലൗകികമാക്കപ്പെട്ടു. 2013ല്, ഐ.സി.ഡി.എസ്. മിഷനിലൂടെ അത് പുനർരൂപീകരിക്കപ്പെട്ടു: ശൈശവാരംഭ പരിചരണവും വിദ്യാഭ്യാസവും വികസനവും (ഇ.സി.സി.ഇ.ഡി.), അതായത്, 3 വയസ്സില് താഴെയുള്ള ശിശുക്കളെ ഉൾപ്പെടുത്തുന്നതില് കൂടുതല് ഊന്നല് നല്കുന്നതിന് നടപ്പില് വരുത്തുന്നതിനുള്ള വിശാലമായ ചട്ടക്കൂട്. മൂന്നു വയസ്സില് താഴെയുള്ള കുട്ടികളില് പ്രത്യേകമായി ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഊർജ്ജസ്വലമായ ശൈശവാരംഭ വിദ്യാഭ്യാസ കേന്ദ്രങ്ങളാക്കി അങ്കണവാടി കേന്ദ്രങ്ങളെ മാറ്റുവാനായി വിഭാവനം ചെയ്യപ്പെട്ടതായിരുന്നു ഇത്.

**അങ്കണവാടി സംവിധാനം (1975-2024)**




ഹോം-ബേസ്ഡ് ന്യൂബോൺ കെയർ (HBNC) അഥവാ ഭവനം അടിസ്ഥാനപ്പെടുത്തിയുള്ള നവജാതശിശു പരിചരണത്തിനും ഹോം-ബേസ്ഡ് യങ് ചൈല്ഡ് കെയർ (HBYC) അഥവാ ഭവനം അടിസ്ഥാനപ്പെടുത്തിയുള്ള ശിശു പരിചരണത്തിനും കീഴിൽ ആശാ വർക്കർമാർ വ്യാപകമായ ഭവന സന്ദർശനവും നടത്തുന്നു. എന്നിരുന്നാലും, ആശാ, അങ്കണവാടി പ്രവർത്തകർക്കായുള്ള ഭവനസന്ദർശന ഫോം (മാതാവിന്റെയും നവജാത ശിശുവിന്റെയും പരിശോധന) പോലെയുള്ള മാർഗ്ഗനിർദ്ദേശ സാമഗ്രികൾ പ്രാഥമികമായും മുലപ്പാല് ചുരത്തല്, രക്തസ്രാവം, സെപ്സിസ്, മുതലായവ ഉൾപ്പെടെ മാതാവിന്റെയും ശിശുവിന്റെയും ആരോഗ്യത്തെ കേന്ദ്രീകരിച്ചുള്ളവയാണ്. ഇത് തിരിച്ചറിഞ്ഞുകൊണ്ട്, വനിതാ ശിശു വികസന മന്ത്രാലയം സ്ഥാപിച്ച ഇ.സി.സി.ഇ. ടാസ്ക്ഫോഴ്സ്

പ്രാരംഭകാല ഉത്തേജനം ഉൾപ്പെടുത്തുന്നതിന് ഭവനസന്ദർശനങ്ങളുടെ തീവ്രതയും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി അങ്കണവാടി, ആശാ പ്രവർത്തകർക്കായി സംയോജിതമായ സന്ദർശനങ്ങളും പരിശീലനവും ശുപാർശ ചെയ്യു. 2017 ല് പ്രസിദ്ധീകരിച്ച, അങ്കണവാടി പ്രവർത്തകർക്കായുള്ള ഇ.സി.സി.ഇ. പരിശീലന മൊഡ്യൂൾ, ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളും മാതാപിതാക്കളെ ഉപദേശിക്കുന്നതിനുവേണ്ടിയുള്ള ഒരു സമീപനവും ചുരുക്കമായി സൂചിപ്പിക്കുന്നു. പ്രാരംഭകാല ഉത്തേജനത്തെ അല്ലെങ്കില് പ്രാരംഭകാല പഠനത്തിനായുള്ള അവസരങ്ങളെ സംബന്ധിച്ച് നല്കുന്ന മാർഗ്ഗനിർദ്ദേശത്തില്, വികസനപരമായ കാലതാമസം തിരിച്ചറിയുന്നതിനുള്ള പരിശോധനയും ഭിന്നശേഷികളുടെ പ്രാരംഭ പരിശോധനകളും ശക്തിപ്പെടുത്തേണ്ടതുണ്ട്.

മുന്കാലത്ത് നാഷണല് ക്രെഷ് സ്കീമിലൂടെ മൂന്നു വയസ്സിനു താഴെയുള്ള ശിശുക്കളെ MWCD സംബോധനചെയ്തിരുന്നു,എന്നാല്,അത് അങ്കണവാടി സംവിധാനം പോലെ സാർവത്രികമല്ല. പുതിയ പാല്ന പദ്ധതി, വികസനപരമായ നാഴികക്കല്ലുകൾ കൈവരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതും, സാംസ്കാരികമായി ഉൾച്ചേർന്നിട്ടുള്ളതും

## ഉത്തേജന പ്രവർത്തനങ്ങൾ നടത്തുന്നതിനെക്കുറിച്ച് പരിചരണദാതാക്കൾക്ക് ഉപദേശം നല്കുന്നത്

മിക്ക കുടുംബങ്ങളും അവരുടെ കുട്ടികൾക്കായി അവരുടെ പരമാവധി ചെയ്യുവാന് ശ്രമിക്കുന്നു. അവരുടെ പരിശ്രമങ്ങളെ ശ്ലാഘിക്കുകയും ഭവന സാഹചര്യങ്ങളില് പ്രാരംഭ ഉത്തേജനം തുടരുന്നതിന് അവരെ ശാക്തീകരിക്കുകയും ചെയ്യേണ്ടതാണ്. കളിയും പരസ്പര സമ്പർക്കവും അവരുടെ ശിശുവിന്റെ ഉത്തമമായ വികസനത്തെ സഹായിക്കുന്നതിന് അത്യന്താപേക്ഷിതമാണെന്ന് അവർക്ക് അറിഞ്ഞുകൊള്ളണമെന്നില്ല. ചുവടെ പറയുന്ന കാര്യങ്ങൾക്കായി അവർക്ക് ഉപദേശം നല്കേണ്ടതുണ്ട്:

- ശിശുവിന്റെ ശ്രദ്ധ നേടുന്നതിന്
- അവരുടെ ശിശുവുമായി ആശയവിനിമയം നടത്തുന്നതിന്, അവരുടെ ശിശുവിനോട് പ്രതികരിക്കുന്നതിന്
- സംവേദനക്ഷമവും പ്രത്യുത്തരാത്മകവുമായ ഒരു രീതിയില് കളി പ്രവർത്തനങ്ങൾ ക്രമേണ അവതരിപ്പിക്കുന്നതിന്
- അവരുടെ ശിശുവിന്റെ പ്രായത്തിനും നൈപുണ്യങ്ങൾക്കും അനുഗുണമായ പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കുന്നതിന്
- പ്രവർത്തനങ്ങളിൽ കുട്ടിയുടെ നേതൃത്വം പിന്തുടരുക.
- ഒരു പുതിയ കൃത്യത്തില് കുട്ടിയെ സഹായിക്കുന്നതിനും, അവളുടെ പ്രയത്നങ്ങൾക്ക് കുട്ടിയെ പുകഴ്ത്തുന്നതിനും
- അങ്കണവാടി പ്രവർത്തകർക്കായുള്ള ഇ.സി.സി.ഇ. പരിശീലന മൊഡ്യൂൾ, 2017, പേജ് 13

പരിസ്ഥിതി സൗഹാർദ്ദപരവുമായ ചെലവു കുറഞ്ഞതും ചെലവില്ലാത്തതുമായ ബോധന-പഠന സാമഗ്രികളും കളിക്കോപ്പുകളും ഉൾപ്പെടെ, പ്രായത്തിന് അനുഗുണമായ വികസനപരമായ പ്രവർത്തനങ്ങളോടുകൂടിയ ക്രെഷുകൾ വിഭാവനം ചെയ്യുന്നു. പാല്ലാ പദ്ധതിയ്ക്കുവേണ്ടിയുള്ള (അങ്കണവാടി-കം-ക്രെഷ്) സ്റ്റാന്ഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം (2023), മിഷന് ശക്തിയില്, പൂർണ്ണസമയ ഡേകെയർ, അധിക പ്രവർത്തകരും സഹായികളും, സാമഗ്രികൾ, പോഷണപരമായ പിന്തുണ, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള വിശദാമായ മാർഗ്ഗനിർദേശങ്ങൾ അടങ്ങിയിരിക്കുന്നു.

പ്രധാന് മന്ത്രി മാതൃ വന്ദന യോജന (PMMVY) യും അതിന്റെ പണം കൈമാറ്റത്തിന്റെ രണ്ടാം വിഹിതം 14 ആഴ്ച വരെയുള്ള, അതായത്, 3 മാസത്തിനടുത്തുവരെയുള്ള ശിശുവിന്റെ പൂർണ്ണ പ്രതിരോധ കുത്തിവയ്പ്പിന്റെ അടിസ്ഥാനത്തില് നല്കുന്നതിലൂടെ, പരിചരണദാതാക്കളെ ഒരു ആരോഗ്യ, പോഷണ, പെരുമാറ്റ-മാറ്റ ലെന്സില് നിന്നും പിന്തുണയ്ക്കുന്നു. വികാസപരമായ കാലതാമസത്തിനുള്ള റെഡ് ഫ്ളാഗുകൾ അല്ലെങ്കില് മുന്നറിയിപ്പ് ലക്ഷണങ്ങൾ ഉൾപ്പെടെ, പ്രായബന്ധിതമായ പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും കൊണ്ട് ചെറുപ്പക്കാരായ അമ്മമാരെ ഉപദേശിക്കുന്നതിന് മദർ ആന്ഡ് ചൈല്ഡ് പ്രൊട്ടക്ഷന് കാർഡിന്റെ (MCP) ഉപയോഗം ഇത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

അവസാനമായി, സക്ഷം അങ്കണവാടി ആന്ഡ് മിഷന് പോഷൺ 2.0ന്റെ കീഴില്, ശൈശവാരംഭ പരിചരണവും വിദ്യാഭ്യാസവും (ECCE) മെച്ചപ്പെടുത്തുന്നതിന് ഊന്നംവച്ചുകൊണ്ട്, 2023ല്, വനിതാ ശിശു മന്ത്രാലയം പോഷൺ ഭീ പഠായി ഭീ ആരംഭിച്ചു. ഇത് ഉന്നത-ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങളും, കളി ഉപകരണങ്ങളും, നന്നായി പരിശീലിപ്പിക്കപ്പെട്ട അങ്കണവാടി ജോലിക്കാരെയും വിഭാവനം ചെയ്യുന്നു. ഈ സംരംഭം ദിവ്യാംഗ് ശിശുക്കള് ഉൾപ്പെടെയുള്ള, 0-3 വയസ്സു പ്രായമുള്ളവർക്ക് പ്രാരംഭ ഉത്തേജനത്തിലും 3-6 വയസ്സു പ്രായമുള്ളവർക്ക് ECCEയിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സംസ്ഥാനങ്ങൾ നടപ്പിലാക്കുന്ന രീതികൾ. ദി നാഷണല് ഇന്സ്റ്റിട്യൂട്ട് ഓഫ് പബ്ലിക് കോഓപ്പറേഷന് ആന്ഡ് ചൈല്ഡ് ഡിവെലപ്മെന്റ് (എന്.ഐ.പി.സി.സി.ഡി) വഴി, പരിചരണദാതാക്കളോടൊപ്പം വീട്ടിലും, കേന്ദ്രത്തിലും, സമുദായത്തിലും നടത്തേണ്ടതായ പ്രവർത്തനങ്ങൾ ഉൾപ്പെടെ 0 മുതൽ 3 വയസ്സു വരെയുള്ള ശിശുക്കൾക്ക് ഉത്തേജനം നല്കുന്നതു സംബന്ധിച്ച പരിശീലന മൊഡ്യൂളുകൾ ഉൾപ്പെടെ, അങ്കണവാടി പ്രവർത്തകർക്കായി, 3 ദിവസ പരിശീലനത്തോടുകൂടിയ ഒരു ടൂ-ടയർ പരിശീലന മാതൃക നടപ്പിലാക്കിവരുന്നു.

മദർ ആന്ഡ് ചൈല്ഡ് പ്രൊട്ടക്ഷന് കാർഡ് ഉത്തേജനത്തിന്റെയും ആരോഗ്യത്തിന്റെയും പോഷണത്തിന്റെയും സംരക്ഷണത്തിന്റെയും അത്യന്താപേക്ഷിതമായ ഘടകങ്ങൾ പ്രോത്സാഹിപ്പിക്കുന്നതില് മാതാപിതാക്കളെയും പരിചരണദാതാക്കളെയും പിന്തുണയ്ക്കുന്നതിനുള്ള ഒരു ഉപാധിയാണ്. അത് ഭിന്നശേഷികളോടു കൂടിയ ശിശുക്കൾ ഉള്പ്പെടെയുള്ള ശിശുക്കളുടെ ഉത്തമമായ വികസനത്തിന് ഉത്തേജനത്തിന്റെയും പോഷണത്തിന്റെയും സംരക്ഷണത്തിന്റെയും പ്രാധാന്യത്തെ സംബന്ധിച്ച് ന്യൂറോസയൻസില് നിന്നുള്ള തെളിവുകൾ എടുക്കുന്നു. രോഗപ്രതിരോധ കുത്തിവയ്പുകളെയും, പൂരകവും ആവശ്യമറിഞ്ഞുള്ളതുമായ ഭക്ഷണം നല്കലിനെയും പ്രാരംഭ ഉത്തേജനത്തെയും സംബന്ധിച്ച് മാതാപിതാക്കൾക്കും പരിചരണദാതാക്കൾക്കും ഇത് വിവരങ്ങൾ ലഭ്യമാക്കുന്നു. ഒരു ശിശുവിന്റെ പുരോഗമനം വിശദീകരിക്കുന്നതിനും പ്രായത്തിന് ഉചിതമായ വികാസ നാഴികക്കല്ലുകളെയും അവയുടെ പ്രാധാന്യത്തെയും, പ്രാരംഭ ഉത്തേജന പ്രവർത്തനങ്ങളിലൂടെ ഇവയെ എങ്ങനെ പ്രോത്സാഹിപ്പിക്കാം എന്നതിനെയുംകുറിച്ച്മാതാപിതാക്കളെഅറിയിക്കുന്നതിനുംഅംഗൻവാടിജോലിക്കാർക്ക് ഈ കാർഡ് ഉപയോഗിക്കാവുന്നതാണ്.

- അങ്കണവാടി പ്രവർത്തകർക്കായുള്ള ഇ.സി.സി.ഇ. പരിശീലന മൊഡ്യൂൾ, 2017, പേജ് 12

## 1.3 ദിവ്യാംഗ് കുട്ടികൾ ഉൾപ്പെടെയുള്ള (ജനനം മുതല് വയസ്സ് പ്രായമുള്ള കുട്ടികൾക്കായുള്ള സംസ്ഥാന പരിപാടികൾ

- വിവിധ സംസ്ഥാന സർക്കാരുകളുടെ വനിതാ ശിശു വികസന വകുപ്പുകൾ, ജനനം മുതല് മൂന്നു വയസ്സു വരെ ശിശുക്കളുടെ വൈജ്ഞാനിക ഉത്തേജനം പോഷിപ്പിക്കുന്നതിന് ബഹുവിധമായ സംരംഭങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

- ഉദാഹരണത്തിന്, ഒഡീഷ ആമാ കുനി പിലാ പദ്ധതിക്കു കീഴില്, പരിചരണദാതാക്കൾക്ക് ഉയർന്ന അവബോധവും ശേഷികെട്ടിപ്പടുക്കലും, മാസംതോറുമുള്ള ECCE ദിനങ്ങൾ, കമ്മ്യൂണിറ്റി അടിസ്ഥാനത്തിലുള്ള ക്രെഷുകൾ എന്നിവ ഉൾപ്പെടെയുള്ള ബഹുവിധമായ പ്രവർത്തനങ്ങൾ നടത്തുന്നു.

- മഹാരാഷ്ട്ര 0-3 വയസ്സു പ്രായമുള്ള കുട്ടികൾക്കായി, ECD പ്രചരിപ്പിക്കുന്നതിന് ഭവന സന്ദർശനങ്ങളും, അങ്കണവാടി കേന്ദ്രങ്ങളിലുള്ള മാതാപിതാക്കൾക്കായുള്ള യോഗങ്ങളും, കമ്മ്യൂണിറ്റി പരിപാടികളും ഉള്പ്പെടെയുള്ള പ്രവർത്തനങ്ങളോടുകൂടിയ 'ആരംഭ്' എന്ന ഒരു പരിപാടി നടത്തിവരുന്നു. അനുബന്ധമായുള്ള അവരുടെ 'അങ്കുർ' മൊഡ്യൂൾ രക്ഷാകർതൃത്വത്തിനുള്ള മാർഗ്ഗനിർദ്ദേശത്തില് ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

- അതുപോലെ, മേഘാലയയുടെ ശൈശവാരംഭ വികസന മിഷന് ക്രമമായ ഭവന സന്ദർശനങ്ങളിലൂടെ ചെറിയ ശിശുക്കളുടെ (0 മുതല് 1.5 വയസ്സു വരെ) ഭവനം-അടിസ്ഥാനപ്പെടുത്തിയുള്ള പരിചരണത്തെയും, പോസിറ്റീവ് രക്ഷാകർതൃത്വത്തെയും, ആരോഗ്യകരമായ ഭക്ഷണക്രമങ്ങളെയും കുറിച്ച് മാതാപിതാക്കള്ക്ക് പരിശീലനം നല്കുന്നു.

- പഞ്ചാബും തെലങ്കാനയും ദാമന് ആന്ഡ് ദിയുവും ഉൾപ്പെടെയുള്ള മറ്റു സംസ്ഥാനങ്ങൾ ഡിജിറ്റല് ഇടപെടലുകൾ നടത്തുകയും പ്രാരംഭ ഉത്തേജനം പ്രോത്സാഹിപ്പിക്കുന്നതിനും കുടുംബങ്ങളെ ശാക്തീകരിക്കുന്നതിനുമായി വീഡിയോ ഉള്ളടക്കം വ്യാപിപ്പിക്കുകയും ചെയ്യുന്നു.

- ഒഡീഷ, ഹരിയാന, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങൾ 0-3 വയസ്സ് പ്രായമുള്ള ശിശുക്കൾക്കായി വിപുലീകരിച്ച ക്രെഷ് സേവനങ്ങളും നല്കുന്നുണ്ട്.

- അസ്സം ജനനം മുതല് 6 വയസ്സു വരെയുള്ള ശിശു വികസനത്തിനായി സ്റ്റേറ്റ് കൗൺസില് ഫോർ എഡ്യൂക്കേഷന് റിസേർച്ച് ആന്ഡ് ട്രെയിനിംഗുമായി ചേർന്ന് അങ്കണവാടി പ്രവർത്തകർക്ക് ഒരു 6 മാസ സർട്ടിഫിക്കറ്റ് കോഴ്സ് നല്കുന്നുണ്ട്. 'ഘരേ ഘരേ അങ്കണവാടി' പ്രോഗ്രാം, ചെലവു കുറഞ്ഞതും ചെലവില്ലാത്തതുമായ സാമഗ്രികൾ ഉപയോഗിച്ചുകൊണ്ട്,
- റെസ്പോൺസീവ് (കുട്ടികളുടെ ശാരീരികവും വൈകാരികവുമായ ആവശ്യങ്ങളറിഞ്ഞ് പ്രതികരിക്കുന്ന) പേരന്റിംഗില് ശ്രദ്ധ കേന്ദ്രീകരിക്കുന്നു.













## അദ്ധ്യായം 2

# ശൈശവാരംഭ ഉത്തേജനത്തിന്റെ ആവശ്യകതയും പ്രാധാന്യവും

അമ്മയുടെ ഗർഭപാത്രത്തിലെ ഗർഭാവസ്ഥയിൽ ഉണ്ടാകുന്ന കുട്ടിയുടെ ജൈവികവും ഇന്ദ്രിയപരവുമായ വളർച്ച മുതൽക്കു തന്നെ ശൈശവാരംഭ ഉത്തേജനം ആരംഭിക്കുന്നു. ഗർഭസ്ഥ ശിശു വളരുന്നതിനനുസരിച്ച് കേള്ക്കാനും, രുചിക്കാനും, മണക്കാനും, വിവരങ്ങള് പ്രോസസ്സ് ചെയ്യാനും, വേദന, മര്ദ്ദം, താപനില എന്നിവ അറിയാനുമുള്ള കഴിവുകള് വികസിപ്പിക്കുന്നുവെന്ന് ഗവേഷണങ്ങള് തെളിയിച്ചിട്ടുണ്ട്. ഗന്ധത്തിന്റെയും സ്വാദിന്റെയും ഇന്ദ്രിയങ്ങൾ കേൾവിയുടേതിനേക്കാളും കാഴ്ചയുടേതിനേക്കാളും വേഗത്തിൽ വികസിക്കുന്നു, ഇത് ഒരു പ്രത്യേക സ്വാദിനോടോ ഗന്ധത്തോടോ ഉള്ള മുൻഗണനകളും വെറുപ്പും വർദ്ധിപ്പിക്കുന്നു, അതിലും പ്രധാനമായി, ഗർഭപാത്രത്തിലെ കുഞ്ഞിന്റെ കേൾവി അനുഭവം ജനനത്തിന് ശേഷമുള്ള ഭാഷാ വികസനത്തെ നിർണ്ണയിക്കുന്നു. ശബ്ദത്തിന്റെ സവിശേഷ വിശദാംശങ്ങൾ ഗര്ഭസ്ഥ ശിശുവിലേക്ക് എത്തണമെന്നില്ലെങ്കിലും, ഗർഭകാലത്ത് ചുറ്റും സംസാരിക്കുന്ന വാക്കുകളുടെ ഈണവും താളവും ഉപയോഗിച്ച് മറ്റുള്ളവരിൽ നിന്ന് കുഞ്ഞ് അവരുടെ മാതൃഭാഷ ആദ്യം കേൾക്കുമ്പോൾ അത് വേർതിരിച്ചറിയാൻ ശ്രമിക്കുന്നു-ഗർഭകാലത്ത് അമ്മയിൽ നിന്ന് പഠിച്ചിരിക്കാവുന്ന മാതൃഭാഷയോട് കുഞ്ഞ് എളുപ്പത്തിൽ പ്രതികരിക്കാൻ സാധ്യതയുണ്ട്.

**"ഗർഭ് സംസ്കാർ"-** ഗർഭധാരണ സമയം മുതൽ കുട്ടിയെ ഉത്തേജിപ്പിക്കുന്നതിനും പഠിപ്പിക്കുന്നതിനും ആരോഗ്യമുള്ളതാക്കുന്നതിനുമുള്ള അർത്ഥവത്തായ രീതികള് പിന്തുടരുക.

**അമ്മയുടെ ചിന്തകളും, വികാരങ്ങളും, പ്രവൃത്തികളും ഗർഭപാത്രത്തിലെ കുട്ടിയുടെ വളർച്ചയെയും വികാസത്തെയും കാര്യമായി സ്വാധീനിക്കുന്നു.**




ഗർഭകാലത്ത് അമ്മയും കുഞ്ഞും ഒരുമിച്ച് വളരുന്നു, മറ്റൊന്നിലെ മാറ്റങ്ങളോടുള്ള പ്രതികരണമായി ജൈവശാസ്ത്രപരവും വൈകാരികവുമായ ഒരു പുതിയ വ്യക്തിത്വം രൂപപ്പെടുത്തുന്നു. ഗര്ഭപാത്രത്തിലെ കുഞ്ഞിന്റെ വളര്ച്ചയെസഹായിക്കുന്നതിനുംസ്വയം ഏതെങ്കിലുംതരത്തിലുള്ളദുരിതങ്ങളോ ആരോഗ്യപ്രശ്നങ്ങളോ നേരിടുന്നതില് നിന്ന് മുക്തയായിരിക്കുന്നതിനുമായി ആ കാലയളവില് ആരോഗ്യകരവും പോഷകഗുണമുള്ളതുമായ ജീവിതശൈലി ഉറപ്പാക്കേണ്ടത് ഒരു അമ്മയെ സംബന്ധിച്ചിടത്തോളം പ്രധാനമാണ് ഈ അവസ്ഥയില് ഒരു അമ്മ അനുഭവിച്ചേക്കാവുന്ന മാറ്റങ്ങളുടെ ഭീതിജനകമായ സ്വഭാവം കണക്കിലെടുക്കുമ്പോൾ, സ്വയം പരിപാലിക്കുന്നതിലും വളരുന്ന കുഞ്ഞിനെ പരിപാലിക്കുന്നതിലും അവരുടെ കുടുംബാംഗങ്ങള് അവരെ സഹായിക്കണം. അമ്മയ്ക്ക് ചുറ്റും ആരോഗ്യകരവും ആവേശകരവും പ്രോത്സാഹജനകവുമായ അന്തരീക്ഷമുണ്ടെങ്കിൽ, നവജാതശിശുവിന് ലോകത്തെ ഏറ്റവും അനുകൂലമായ രീതിയിൽ അനുഭവിക്കാൻ കഴിയും.




ഗർഭാവസ്ഥയിലും പ്രസവാനന്തര സമയത്തും മാനസികാരോഗ്യം നിയന്ത്രിക്കുന്നതിനുള്ള ഫലപ്രദമായ വഴികൾ

ജനനസമയത്ത് മസ്തിഷ്കത്തിന്റെ 25% മാത്രമേ രൂപം കൊള്ളുന്നുള്ളൂ, അതേസമയം 75% ഒരു കുട്ടിയുടെ ജീവിതത്തിന്റെ ആദ്യ മൂന്ന് വർഷങ്ങളിൽ ശൈശവാരംഭ വികസന കാലയളവിൽ (ECD) വികസിക്കുന്നു. ഈ പ്രായത്തിൽ, ഒരു കുഞ്ഞിന്റെ മസ്തിഷ്കം മുതിർന്നവരുടേതിനേക്കാൾ ഇരട്ടി സജീവമാണ്, ഇത് ചിന്തയുടെയും പ്രതികരണത്തിന്റെയും അവശ്യ രീതികൾ സ്ഥാപിക്കാൻ അതിനെ പ്രാപ്തമാക്കുന്നു. ഉത്തേജനത്തോടുള്ള പ്രതികരണമായി പുതിയ സിനാപ്റ്റിക് (സിനാപ്സുകൾ ഒരു കുട്ടിയെ സുപ്രധാനമായ സെൻസറി ശേഷികൾ വികസിപ്പിക്കാൻ സഹായിക്കുന്നു) കണക്ഷനുകൾ വികസിക്കുന്നു, ഇത് ജീവിതത്തിന്റെ ആദ്യ മൂന്ന് വർഷങ്ങളിൽ വിവിധ മേഖലകളിലുടനീളം ഒരു കുട്ടിയുടെ വികസനത്തിന്റെ അടിത്തറയായി വർത്തിക്കുന്നു. 2007, 2011, 2017 എന്നീ വർഷങ്ങളിലെ ഇ.സി.ഡി.-യെക്കുറിച്ചുള്ള ലാൻസെറ്റ് പരമ്പര ഇ.സി.ഡി.-യുടെ പ്രാധാന്യത്തെ പിന്തുണയ്ക്കുന്നതിന് ധാരാളം ശാസ്ത്രീയ തെളിവുകൾ നൽകിയിട്ടുണ്ട്, കൂടാതെ ഈ ശാസ്ത്രത്തെ പ്രവർത്തനത്തിലേക്ക് നയിക്കുന്നതിന് ദ നർച്ചറിംഗ് കെയർ ഫ്രെയിംവർക്ക് വികസിപ്പിച്ചെടുത്തിട്ടുണ്ട്. (ചതോപാധ്യായയും അനേജയും, 2021).

## ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ

വികസിക്കാനും വളരാനും കഴിയുന്ന മസ്തിഷ്കത്തോടെയാണ് ഓരോ കുട്ടിയും ജനിക്കുന്നത്. എല്ലാ കുട്ടികളും ഒരേ വേഗതയിലും ഒരേ രീതിയിലും വളരുന്നില്ലെങ്കിലും, ശരിയായ തരത്തിലുള്ള പരിചരണവും ഉത്തേജനവും നൽകുക വഴി, ഓരോരുത്തരുടെയും മസ്തിഷ്കത്തിന് പുതിയ കണക്ഷനുകൾ രൂപപ്പെടുത്താനുള്ള കഴിവുണ്ട്.

- **കുട്ടി ആണാണോ പെണ്ണാണോ എന്നത് പ്രശ്നമല്ല**
- **കുട്ടി വെളുത്തതോ കറുത്തതോ ആണെന്നത് പ്രശ്നമല്ല**
- **കുട്ടി പൊക്കമുള്ളതാണോ, പൊക്കം കുറഞ്ഞതാണോ, മെലിഞ്ഞ ശരീരമുള്ളതാണോ അതോ തടിച്ചതാണോ എന്നത് പ്രശ്നമല്ല**
- **കുട്ടി ജനിച്ചത് ഏത് സമൂഹത്തിലാണ് എന്നതോ ലോകത്തിന്റെ ഏത് ഭാഗത്താണ് എന്നതോ വിഷയമല്ല**

കുട്ടി "ആരോഗ്യമുള്ളതും രോഗരഹിതവും" ആയിരിക്കുന്നിടത്തോളം കാലം നാം സന്തോഷമുള്ളവരായിരിക്കണം.എന്നിരുന്നാലും,ഏറ്റവുംപ്രധാനംകുട്ടിയുടെമസ്തിഷ്കവളർച്ചയാണ്. മസ്തിഷ്കത്തിന് നിറമില്ലാത്തതിനാൽ, കുട്ടിയുടെ മസ്തിഷ്ക വികസന സാധ്യത ആൺകുട്ടിയായാലും പെൺകുട്ടിയായാലും, ഇരുണ്ടതോ വെളുത്തതോ ആയ ചർമ്മമുള്ളവരായാലും ഒരേപോലെയാണ്. വികസിത മസ്തിഷ്കത്തിനാണ് കുടുംബത്തെയും സമൂഹത്തെയും രാജ്യത്തെയും ലോകത്തെയും മൊത്തത്തിൽ മാറ്റാൻ കഴിയുന്നത്.
- ആദ്യ 1000 ദിനങ്ങളുടെ യാത്ര, MoHFW, pp 81

# 2.1 എന്താണ് ശൈശവാരംഭ ഉത്തേജനം?

ഉത്തേജന പ്രവർത്തനങ്ങളിൽ കുട്ടിയുടെ പ്രാരംഭകാല വളര്ച്ചയെ സജീവമാക്കുന്നതിനുള്ള ബോധപൂർവമായ ശ്രമങ്ങൾ ഉൾപ്പെടുന്നു. ഒരു കൂട്ടം പ്രവർത്തനങ്ങൾ എന്നതിലുപരി; ഇത് കുട്ടിയും കുട്ടിക്കുവേണ്ടി നിലകൊള്ളുന്നവരും തമ്മിലുള്ള നിരന്തരമായ സംഭാഷണമാണ്. പഠനവും പക്വതയും പരസ്പരം ഇടപഴകുമ്പോൾ, കുട്ടിയുടെ വികസനം നടക്കുന്നു. പക്വതയിലൂടെ ഉണ്ടാകുന്ന വികസനം ജീവിയുടെ കഴിവുകളുടെ വികാസമാണ്. ഉദാഹരണത്തിന്, കുട്ടികളുടെ ചലന, ഏകോപന കഴിവുകൾ വളരുന്തോറും വികസിക്കുന്നു. അതുപോലെ തന്നെ, വിവര സംസ്കരണം, ഭാഷാ വികസനം, ഓർമ്മശക്തി തുടങ്ങിയ വൈജ്ഞാനിക കഴിവുകളും പ്രായത്തിനനുസരിച്ച് വികസിക്കുന്നു. പഠനത്തിന് അത്തരമൊരു പക്വത അനിവാര്യമാണ്, അത് മുൻകൂട്ടി നിശ്ചയിച്ച ക്രമത്തിലാണ് നടക്കുന്നത്. എന്നിരുന്നാലും, ആത്മവിശ്വാസത്തോടെ വായിക്കുകയും സംസാരിക്കുകയും ചെയ്യുക, പസിലുകൾ പരിഹരിക്കുക, സ്വയം നിയന്ത്രിക്കുക തുടങ്ങിയ പ്രത്യേക കഴിവുകൾ പഠിക്കാൻ കുട്ടിക്ക് പരിശീലനവും മാർഗനിർദേശവും ആവശ്യമാണ്. ഉദാഹരണത്തിന്, പരിചരണദാതാക്കളിൽ നിന്ന് പതിവായി വായനയും സംഭാഷണവും സ്വീകരിക്കുന്ന ഒരു കുട്ടി, അങ്ങനെ ലഭിക്കാത്ത കുട്ടിയെക്കാൾ കൂടുതൽ വാക്കുകള് പഠിക്കാൻ സാധ്യതയുണ്ട്..



# 2.2 ശൈശവാരംഭ ഉത്തേജനത്തിന്റെ (ECS) ലക്ഷ്യങ്ങൾ

ഒരു വ്യക്തിയുടെ ജീവിതത്തിലെ ആദ്യത്തെ മൂന്നു വര്ഷങ്ങള് അവരുടെ ജീവിതത്തിലുടനീളമുള്ള ആരോഗ്യത്തെയുംകഴിവിനെയുംസ്വാധീനിക്കുന്നു. ഇത് മനസ്സിൽ വെച്ചുകൊണ്ട്, ഈ നിർണായക കാലയളവിൽ കുട്ടിക്ക് മികച്ച വികസനം കൈവരിക്കുന്നതിനുള്ള അവസരങ്ങൾ നൽകുക എന്നതാണ് ശൈശവാരംഭ ഉത്തേജന (ഇ.സി.എസ്.) പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യം. ശൈശവാരംഭ ഉത്തേജനത്തിന്റെ പ്രത്യേക ലക്ഷ്യങ്ങൾ ഇവയാണ്:

- മുലയൂട്ടൽ, പ്രതിരോധ കുത്തിവയ്പ്പ്, ഓ.ആർ.ടി., മുലകുടി നിർത്തുന്ന ഭക്ഷണങ്ങൾ, കുറഞ്ഞ ചെലവിൽ പോഷകസമൃദ്ധമായ ഭക്ഷണം, വളർച്ച നിരീക്ഷണം എന്നിവയിലൂടെ കുട്ടിയുടെ ആരോഗ്യകരമായ വികസനം ഉറപ്പാക്കുക;
- കുട്ടിയില് വിശ്വാസവും വൈകാരിക സുരക്ഷിതത്വവും വളർത്തിയെടുക്കുക, അവർ സ്നേഹിക്കപ്പെടുന്നു, വിലമതിക്കപ്പെടുന്നു, സുരക്ഷിതരാണ്, വഴികാട്ടപ്പെടുന്നു എന്ന തോന്നൽ അവരിൽ ഉണ്ടാക്കുക, അവര്ക്ക് മുതിർന്നവരുടെ സഹായം ആവശ്യമാണെന്നും എന്തെങ്കിലും കുഴപ്പമുണ്ടായാൽ അവരെ ആശ്രയിക്കാമെന്നും കുട്ടികളെ മനസ്സിലാക്കിക്കുക.
- കുട്ടികളുടെ ബുദ്ധിപരമായ ജിജ്ഞാസയെ ഉത്തേജിപ്പിക്കുക, അന്വേഷണങ്ങള് നടത്താനും കൈകാര്യം ചെയ്യാനും പരീക്ഷിക്കാനും അവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് അവർ ജീവിക്കുന്ന ലോകം മനസിലാക്കാൻ അവരെ സഹായിക്കുക.
- പതിവായി സംസാരിക്കുകയും വായിക്കുകയും പാടുകയും ആംഗ്യങ്ങളിലൂടെയും വാക്കുകളിലൂടെയും സ്വയം പ്രകടിപ്പിക്കാൻ അനുവദിക്കുകയും ചെയ്യുന്നതിലൂടെ കുട്ടിയുടെ ഭാഷാ വികാസം വർദ്ധിപ്പിക്കുക.
- കുട്ടിയിൽ മതിയായ പേശി ഏകോപനം, അടിസ്ഥാന ചലന നൈപുണ്യങ്ങൾ, വ്യക്തി ശുചിത്വ ശീലങ്ങൾ എന്നിവ വികസിപ്പിക്കുക
- കുട്ടിയില് സാമൂഹിക അവബോധം വളർത്തിയെടുക്കുക, അതുവഴി അവര്ക്ക് സാമൂഹിക പരിതസ്ഥിതിയുടെ ആവശ്യങ്ങളുമായി പൊരുത്തപ്പെടാനും സ്വന്തം ആവശ്യങ്ങളോടും മറ്റുള്ളവരുടെ ആവശ്യങ്ങളോടും സംവേദനക്ഷമത പുലർത്താനും കഴിയും.
- സഹാനുഭൂതി, സഹിഷ്ണുത, ദയ, ബഹുമാനം എന്നിവ പോലുള്ള അടിസ്ഥാന മൂല്യങ്ങൾ വികസിപ്പിക്കുക.

# 2.3 ദ നർച്ചറിംഗ് കെയർ ഫ്രെയിംവർക്ക്

പരസ്പരബന്ധിതവും അവിഭാജ്യവുമായ അഞ്ച് ഘടകങ്ങൾ ദ നർച്ചറിംഗ് കെയർ ഫ്രെയിംവർക്കിൽ ഉൾപ്പെടുന്നു: നല്ല ആരോഗ്യം, പര്യാപ്തമായ പോഷകാഹാരം, സുരക്ഷയും ഭദ്രതയും, ശ്രദ്ധാപൂർവ്വമായ പരിചരണം, ആദ്യകാല പഠനത്തിനുള്ള അവസരങ്ങൾ. കുട്ടികൾക്ക് അവരുടെ പൂർണ്ണ കഴിവിൽ എത്തിച്ചേരാൻ എല്ലാ അഞ്ച് ഘടകങ്ങളും ആവശ്യമാണ്. കുട്ടിയുടെ അനുഭവങ്ങൾ മസ്തിഷ്കം ആഗിരണം ചെയ്യുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതിനാല്, പിന്നീട് ജീവിതത്തിൽ ഉപയോഗിക്കാനോ പ്രായോഗികമാക്കാനോ കഴിയുന്ന നിരവധി സാമൂഹിക, വൈകാരിക, വൈജ്ഞാനിക പെരുമാറ്റങ്ങളുടെയും കഴിവുകളുടെയും വിത്തുകൾ ആദ്യ മൂന്ന് വർഷങ്ങളിൽ വിതയ്ക്കപ്പെടുന്നു. ശിശുക്കളുടെയും വളരെ ചെറിയ കുട്ടികളുടെയും പ്രധാന വികസന ദൗത്യം കുട്ടിയുടെ വൈകാരികവും ശാരീരികവുമായ ആവശ്യങ്ങളിൽ വിശ്വസനീയവും ശ്രദ്ധ പുലർത്തുന്നതുമായ ഒരു പരിചരണദാതാവുമായോ/ക്കളുമായോ ഒരു അടുപ്പം സ്ഥാപിക്കുക" എന്നതാണെന്ന് സാഹിത്യം




*സ്രോതസ്സ്: WHO and WBG. 2018b*

കൂടുതലായി പറയുന്നു (മക്ലീൻ, 2016). അതിജീവനത്തിനും ശാരീരിക ആവശ്യങ്ങൾക്കും വൈകാരിക സുഖത്തിനും വേണ്ടി കുഞ്ഞുങ്ങൾ അവരുടെ പരിചരണദാതാക്കളെ പൂർണ്ണമായി ആശ്രയിക്കുന്നതിനാൽ, പരിചരണദാതാക്കളുടെ പെരുമാറ്റം ശൈശവാരംഭ വികാസത്തിൽ ഒരു നിർണായക ഘടകമാണ്. പ്രവചനാതീതവും സ്ഥിരതയുള്ളതും ശ്രദ്ധാപൂർവവുമായ പരിചരണമാണ് ഭദ്രമായ അടുപ്പത്തിന്റെ താക്കോൽ.

ഈ ഡോക്യുമെന്റ് നർച്ചറിംഗ് കെയർ ഫ്രെയിംവർക്കിലെ അഞ്ച് ഘടകങ്ങളിൽ രണ്ടെണ്ണത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നു: 'ശ്രദ്ധാപൂർവമായ പരിചരണം', 'ആദ്യകാല പഠനത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കൽ.'



## അദ്ധ്യായം 3

# ശൈശവാരംഭ വികസനത്തിനായുള്ള ശ്രദ്ധാപൂർവമായ പരിചരണദാനം

ഒരു ശിശുവിനെ പരിപാലിക്കുന്നത് മിക്ക പരിചരണദാതാക്കൾക്കും, പ്രത്യേകിച്ച് അതിന്റെ മാതാപിതാക്കൾക്ക് സ്വാഭാവികമാണെങ്കിലും, കുട്ടിയെ സംരക്ഷിക്കുമ്പോൾ ഒരു മികച്ച രീതി ഉപയോഗിക്കുന്നത് അവരുടെ പരിചരണം ആദ്യ വർഷങ്ങളിൽ കുട്ടിയുടെ വളർച്ചയ്ക്കും വികാസത്തിനും വഴിയൊരുക്കുകയും, അതോടൊപ്പം സ്നേഹിക്കപ്പെടുന്നുവെന്ന തോന്നൽ കുട്ടിയിലുണ്ടാക്കുകയും ചെയ്യും. കുട്ടിയുടെ സാമൂഹിക-വൈകാരിക, ഭാഷാ, വൈജ്ഞാനിക, ചലന വികസനം എന്നിവയെ പിന്തുണയ്ക്കുന്ന ഒരു നല്ല പരിചരണ സമീപനമെന്ന നിലയിൽ "ശ്രദ്ധാപൂർവമായ പരിചരണദാനത്തിന്റെ" ഫലപ്രാപ്തി ശൈശവാരംഭ ഉത്തേജനത്തെക്കുറിച്ചുള്ള ഗവേഷണത്തിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്.



| സാമൂഹിക-വൈകാരികം | അവബോധപരം | ഭാഷ | ചലനം |
|---|---|---|---|
| പിന്നീടുള്ള വർഷങ്ങളിൽ സുരക്ഷിതമായ അറ്റാച്ച്മെന്റ് ശൈലി വികസിപ്പിക്കാൻ സഹായിക്കുന്നു, ഇത് സമപ്രായക്കാരുമായും മറ്റ് മുതിർന്നവരുമായും കൂടുതൽ സാമൂഹികമായി ഇടപെടാൻ കുട്ടിയെ പ്രാപ്തമാക്കുന്നു | ശ്രദ്ധാപൂർവം പരിചരിക്കുന്നവരുടെ മക്കൾക്ക് അവരുടെ ചുറ്റുപാടിലെ പുതിയ കാര്യങ്ങളെക്കുറിച്ച് അവരെ നോക്കി പഠിക്കാനാകും | ശ്രദ്ധാപൂർവമായ പരിചരണം നൽകുന്നവരുടെ കുട്ടികൾ, ശ്രദ്ധാപൂർവമായ പരിചരണം ലഭിക്കാത്ത കുട്ടികളെ അപേക്ഷിച്ച് ആറ് മാസം മുമ്പ് തന്നെ ആദ്യ വാക്കും ആദ്യ വാചകവും സംസാരിക്കുമെന്ന് അറിയപ്പെടുന്നു | പോസ്ചറൽ നിയന്ത്രണവും പുതിയ മോട്ടോർ കഴിവുകളുടെ തുടർന്നുള്ള വികസനവും ശ്രദ്ധാപൂർവമായ പരിചരണ രീതികള് വഴി ത്വരിതപ്പെടുത്താവുന്നതാണ് |

കുട്ടിയുടെ സൂചനകൾ തിരിച്ചറിയാനും, മനസ്സിലാക്കാനും, അവയോട് കൃത്യസമയത്തും ഉചിതമായ രീതിയിലും പ്രതികരിക്കാനുമുള്ള പരിചരണദാതാക്കളുടെ കഴിവിനെയാണ് ശ്രദ്ധാപൂർവമായ പരിചരണം സൂചിപ്പിക്കുന്നത്. ആദ്യത്തെ മൂന്ന് വർഷങ്ങളിൽ, ഒരു കുട്ടിയുടെ മസ്തിഷ്കം അവരുടെ അനുഭവങ്ങളിലൂടെയാണ് വികസിക്കുന്നത്, അതായത് മസ്തിഷ്കം 'അനുഭവം-പ്രതീക്ഷിക്കുന്നതും' 'അനുഭവ-ആശ്രിത'വുമാണ്. ശ്രദ്ധാപൂർവമായ പരിചരണ രീതി പിന്തുടരുന്ന അനുഭവങ്ങൾ കുട്ടിയുടെ ആവശ്യമായ മോട്ടോർ, സെൻസറി ഉത്തേജനത്തിലേക്ക് നയിക്കുന്നു, ഇത് പുതിയ സിനാപ്റ്റിക് കണക്ഷനുകളിലേക്ക് നയിക്കുന്നു ഈ പ്രക്രിയ ജീവിതത്തിന്റെ ആദ്യ മൂന്ന് വർഷങ്ങളിലെ വിവിധ മേഖലകളിലുടനീളം ഒരു കുട്ടിയുടെ വികസനത്തിന്റെ അടിത്തറയായി മാറുന്നു.

ശ്രദ്ധാപൂർവമായ പരിചരണത്തിൽ പലപ്പോഴും ശ്രദ്ധാപൂർവ്വമായുള്ള ഭക്ഷണം നല്കലിന്റെ വശങ്ങൾ ഉൾപ്പെടുന്നുണ്ടെങ്കിലും, ഈ അധ്യായം, ആദ്യകാല ഉത്തേജനം സുഗമമാക്കുന്നതിന് പരിചരണദാതാവ് ഉപയോഗിക്കേണ്ട അധ്യാപന തന്ത്രങ്ങളിലും പെരുമാറ്റങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കും: സെർവും റിട്ടേണും, പരിചരണദാതാവിന്റെ മൂന്ന് പ്രവൃത്തികൾ: സ്നേഹം, സംസാരം, കളി, നല്ല മാർഗനിർദേശം.



# 3.1 സെർവും റിട്ടേണും

## സെർവും റിട്ടേണും

**Step 1**

### സെര് നിരീക്ഷിക്കുക

കുഞ്ഞ് പന്ത് എടുത്ത് കുലുക്കി സെര് ചെയ്യുന്നു. പരിചരണദാതാവ് ഈ സെര് നിരീക്ഷിക്കുന്നു, ഇത് കുഞ്ഞിനെ നന്നായി മനസ്സിലാക്കാൻ സഹായിക്കുന്നു.



**Step 2**

### സെർവിനോട് പ്രതികരിക്കുക

പരിചരണദാതാവ് പന്ത് ചൂണ്ടിക്കാണിച്ചും കുഞ്ഞിന്റെ താല്പര്യം പങ്കുവെക്കുകയോ അംഗീകരിക്കുകയോ ചെയ്തുകൊണ്ട് സെർവിനോട് പ്രതികരിക്കുന്നു.




**Step 3**

### അതിന് ഒരു പേര് നൽകുക

ഒരു വസ്തുവോ പ്രവര്ത്തനമോ അതിന്റെ പേരുമായുള്ള ബന്ധം കുഞ്ഞിന് പഠിക്കാനായി പരിചരണദാതാവ് അതിന് ഒരു പേര് നൽകുന്നു




**Step 4**

### ഊഴമെടുക്കുക

തുടര്ന്ന്, കുട്ടിയുടെ പ്രതികരണത്തിനായി പരിചരണദാതാവ് ക്ഷമയോടെ കാത്തിരിക്കുന്നു. അവർ സ്നേഹത്തോടെ അങ്ങോട്ടും ഇങ്ങോട്ടും തുടര്ന്നുകൊണ്ട് കുഞ്ഞിൽ സ്വയം പര്യാപ്തതയും ആത്മവിശ്വാസവും വളർത്തുന്നു




**Step 5**

### മാറ്റം

കുഞ്ഞ് പന്ത് താഴെയിടുന്നു, ഇപ്പോൾ അവൾക്ക് അവളുടെ വായിലേക്ക് കാൽ വയ്ക്കണം. പരിചരണദാതാവ് പ്രതികരിക്കുകയും അങ്ങോട്ടും ഇങ്ങോട്ടും ആവർത്തിക്കുകയും ചെയ്യുന്നത് കൂടുതൽ സെര്-റിട്ടേൺ



# 3.2 സ്നേഹം, സംസാരം, കളി

## പരിചരണദാതാവിന്റെ മൂന്ന് പ്രവൃത്തികൾ



### സ്നേഹം

- കുഞ്ഞുമായി കണ്ണുകൊണ്ട് സമ്പർക്കം പുലർത്തുക
- കുഞ്ഞിനെ നോക്കി പുഞ്ചിരിക്കുക
- കുഞ്ഞിനെ കെട്ടിപ്പിടിക്കുക, ചുംബിക്കുക, തലോടുക, ഓമനിക്കുക
- കുഞ്ഞിനെ നിങ്ങളുടെ ശരീരത്തോട് ചേർത്ത് പിടിക്കുക



### സംസാരിക്കുക

- കുഞ്ഞിന്റെ പുലമ്പല് ശബ്ദങ്ങൾ അനുകരിക്കുക
- കുഞ്ഞിന്റെ ആംഗ്യങ്ങളും പ്രവർത്തനങ്ങളും വിവരിക്കുകയും പേരിടുകയും ചെയ്യുക
- സാധാരണ സാധനങ്ങളെയും പ്രവർത്തനങ്ങളെയും കുറിച്ച് കുഞ്ഞിനോട് സംസാരിക്കുക
- കുഞ്ഞിനു പാട്ടു പാടി കൊടുക്കുക



### കളിക്കുക

- കുഞ്ഞിനൊപ്പം കളിക്കുക
- അവരുടെ മനസ്സിനെയും ഇന്ദ്രിയങ്ങളെയും വികസിപ്പിക്കുന്ന കളി സാമഗ്രികൾ നൽകുക
- കുട്ടിയുടെ ഭാവനാത്മകമായ കളികളിൽ പങ്കെടുക്കുക
- കുഞ്ഞിനോടൊപ്പം ആത്മാർത്ഥമായി സന്തോഷത്തോടെ സമയം ചെലവഴിക്കുക



## അദ്ധ്യായം 4

# മാസം തിരിച്ചുള്ള പ്രവർത്തനങ്ങളിലൂടെ പ്രാരംഭ പഠനത്തിന് അവസരങ്ങൾ സൃഷ്ടിക്കുന്നത്

ഈ അദ്ധ്യായം കുട്ടിയുടെ പരിസ്ഥിതി, കളി സാധനങ്ങൾ, ലിംഗപദവി-പ്രതികരണ പരസ്പര വ്യവഹാരങ്ങൾ, സുരക്ഷിതവും ഭദ്രവുമായ പരിസ്ഥിതി എന്നിവയും കുട്ടിയുടെ പ്രായത്തിന്റെ മാസം 0 മുതൽ മാസം 36 വരെ, അതായത് മാസം തിരിച്ച്, ജനനം മുതൽ മൂന്നു വയസ്സു വരെയുള്ള 36 സെറ്റ് അഭ്യാസങ്ങളും പ്രതിപാദിക്കുന്നു. കുട്ടിയുടെ വൈജ്ഞാനികവും, സാമൂഹിക-വൈകാരികപരവും, ഭാഷാപരവും, ശാരീരികവും, സൃഷ്ടിപരവുമായ വികസനം ഈ അഭ്യാസങ്ങളിലൂടെ സാദ്ധ്യമാകുന്നു.

# 4.1 പ്രാരംഭ ഉത്തേജനത്തിനുവേണ്ടി അനുയോജ്യമായ ഒരു പരിസ്ഥിതി സൃഷ്ടിക്കുന്നത്

## a. കളി സാമഗ്രികൾ

കളിസാമഗ്രികൾ ഒരു മാതാവിനെ അല്ലെങ്കിൽ പിതാവിനെ വിഭിന്നങ്ങളായ രീതികളിൽ കുട്ടിയുമായി ഇടപഴകുന്നതിന് സഹായിക്കുകയും, അതുവഴി ഇന്ദ്രിയപരമായ ഉത്തേജനവും തത്ഫലമായി കളിയുടെ ഗുണനിലവാരവും വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഈ കളി സാമഗ്രികൾ എല്ലായ്പ്പോഴും കടയിൽ നിന്ന് വാങ്ങുന്നവയാവണമെന്നില്ല. വീട്ടിലോ സ്വാഭാവിക പരിസ്ഥിതിയിലോ എളുപ്പത്തിൽ ലഭിക്കുന്ന വസ്തുക്കളും സാധനങ്ങളും ഉപയോഗിക്കാവുന്നതാണ്. കപ്പുകളും കുപ്പികളും മിച്ചം വരുന്ന തുണികളും പോലെയുള്ള ഗാർഹികമായ അല്ലെങ്കിൽ പാഴ് വസ്തുക്കളുപയോഗിച്ച് പരിചരണദാതാവിന് സ്വയം നിർമ്മിക്കാവുന്ന (DIY) സുസ്ഥിരവും പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതുമായ കളിക്കോപ്പുകൾ ഉണ്ടാക്കാവുന്നതാണ്. തദ്ദേശജന്യവും സാംസ്കാരികമായി ഉൾച്ചേർത്തതുമായ കളിക്കോപ്പുകൾ സാംസ്കാരിക അവബോധം പ്രോത്സാഹിപ്പിക്കുന്നതിനും സഹായകമാണ്.



## b. ഉത്തേജന പ്രവർത്തനങ്ങൾ

ഏറ്റവും പ്രാരംഭ വർഷങ്ങളില്, കുട്ടികൾ അവരുടെ വികസനപരമാ ആവശ്യങ്ങളുമായി ചേർന്നുവരുന്ന വൈവിദ്ധ്യങ്ങളായ അനുഭവങ്ങളിലൂടെ പഠിക്കുന്നു. ചുവടെയുള്ള സെക്ഷൻ ഈ യാത്രയിൽ പരിചരണദാതാക്കളെ പിന്തുണയ്ക്കുന്നതിനായി ഒരു പ്രതിമാസ ഉത്തേജന അഭ്യാസ കലണ്ടറിന്റെ രൂപരേഖ നല്കുന്നു. നല്കിയിരിക്കുന്ന ശുപാർശ ചെയ്യപ്പെട്ടിരിക്കുന്ന പ്രവർത്തനങ്ങളെ കുട്ടിയുടെ പ്രായത്തിനനുസരിച്ച് തരംതിരിച്ചിട്ടുണ്ടെങ്കിലും, പരിഗണനയിലിരിക്കുന്ന കുട്ടിയുടെ കഴിവുകൾ തൃപ്തിപ്പെടുത്തുന്ന വിധത്തിൽ പരിചരണദാതാക്കൾക്ക് അവയെ ആവശ്യത്തിനനുസൃതമായി മാറ്റാവുന്നതും മാറ്റേണ്ടതുമാണ്. ഒരു കുട്ടിക്ക് അവരുടെ പ്രായത്തിൽപ്പെട്ടവർക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഒരു പ്രവൃത്തി ചെയ്യുവാൻ കഴിയുന്നുണ്ടെങ്കിൽ, പരിചരണദാതാവിന് ബുദ്ധിമുട്ടിന്റെ തലം കൂട്ടാവുന്നതാണ്. നേരേമറിച്ച്, ഒരു കുട്ടിക്ക് അവരുടെ പ്രായത്തിൽപ്പെട്ടവർക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഒരു പ്രവൃത്തി ചെയ്യുവാനാവുന്നില്ലെങ്കിൽ ഒരു പരിചരണദാതാവിന് ബുദ്ധിമുട്ടിന്റെ തലം താഴ്ത്താവുന്നതാണ്. അവസാനമായി, അടുത്ത സെക്ഷനിൽ നിരത്തിയിരിക്കുന്ന അഭ്യാസങ്ങളും സാധനങ്ങളും പൊതുവായ ഇന്ത്യൻ സാഹചര്യം മനസ്സില് വച്ചുകൊണ്ടാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത് എന്നത് ശ്രദ്ധിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വിവിധങ്ങളായ സാമൂഹിക-സാംസ്കാരിക പശ്ചാത്തലങ്ങൾക്ക് അനുയോജ്യമാംവിധം അവയെ അനുരൂപമാക്കാവുന്നതും അങ്ങനെ ചെയ്യേണ്ടതുമാണ്. എന്നിരുന്നാലും, മാതാപിതാക്കൾ കുട്ടിയുടെ ദിനചര്യകളിൽ ബോധപൂർവ്വം ഉത്തേജന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.



## c. സുരക്ഷയും ഭദ്രതയും ഉറപ്പു വരുത്തുന്നത്

ചെറിയ പ്രായത്തിൽ, ശിശു അല്ലെങ്കിൽ പിച്ച നടക്കുന്ന കുട്ടി അവരുടെ ശാരീരികവും വൈകാരികവുമായ സുരക്ഷിതത്വത്തിന് പൂർണ്ണമായും പരിചരണദാതാവിനെയാണ് ആശ്രയിക്കുന്നത്. ആയതിനാൽ, കുട്ടിയെ ഹാനിയിൽനിന്നും സംരക്ഷിക്കുന്നതിന് പരിചരണദാതാവ് നിശ്ചിതമായ ചില മികച്ചശീലങ്ങൾപിന്തുടരേണ്ടതുണ്ട്.എല്ലാസാധനങ്ങളുംവിഷരഹിതമാണെന്നും



അപായരഹിതമാണെന്നും ഉറപ്പു വരുത്തുന്നതിലൂടെ കുട്ടിയുടെ കളിസ്ഥലം സുരക്ഷിതമാക്കേണ്ടതാണ്. അവർക്ക് മേൽനോട്ടം വഹിക്കുകയും ഉയരത്തിൽ നിന്നു വീഴുന്നതു കാരണമോ ഭാരമുള്ള വസ്തുക്കൾ പതിക്കുന്നതു കാരണമോ ഉണ്ടാകാവുന്ന ശാരീരിക പരിക്കുകളിൽ നിന്നും അവരെ കാക്കുകയും ചെയ്യേണ്ടതുണ്ട്. മറ്റെല്ലാ ആളുകളുടെയും ബഹുമാനപൂർവ്വമുള്ള പരിചരണവും അക്രമ-രഹിതമായ പരസ്പര ഇടപെടലുകളും കൊണ്ട് കുട്ടിയുടെ വൈകാരിക പരിസ്ഥിതിയും കഴിയുന്നത്ര പിരിമുറുക്കരഹിതം ആക്കേണ്ടതുണ്ട്.

## d. ലിംഗപദവി-പ്രതികരണ പരസ്പരവ്യവഹാരങ്ങൾ

ഉദാഹരണത്തിന്, അങ്കണവാടി വര്ക്കര്മാര് കുട്ടികൾക്ക് കഥാപുസ്തകങ്ങൾ വായിച്ച് കൊടുക്കുകയും, അവരുടെ ഭാവനയെ ഉണര്ത്തുകയും ചെയ്യുന്നു. കുട്ടികൾക്ക് മനസ്സിലാക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ടെങ്കില്, മന്ദഗതിയില് വായിക്കുകയും നിങ്ങളുടെ വിരല് വാക്കുകളോടൊപ്പം നീക്കുകയും ചെയ്യുക. ശ്രവണ വൈകല്യമുള്ളവർക്കായി ശോഭയുള്ള നിറത്തിലുള്ള ചിത്രങ്ങൾ ഉൾപ്പെടുത്തുക, കാഴ്ചയില്ലാത്തവർക്കായി ശബ്ദങ്ങൾ ഉപയോഗിക്കുക. കേൾവിക്കുറവുള്ള കുട്ടികൾക്കായി ചിത്രങ്ങൾ, വീഡിയോകൾ, കാണാൻ ഉള്ള കാര്യങ്ങള് എന്നിവ ഉപയോഗിക്കുക. ഉദാഹരണത്തിന്: മാതാപിതാക്കളുടെയോ കുടുംബാംഗങ്ങളുടെയോ മഹാന്മാരുടെയോ അപൂർവ ജന്തുക്കളുടെയോ സസ്യങ്ങളുടെയോ ചരിത്ര സ്ഥലങ്ങളുടെയോ സംഭവങ്ങളുടെയോ പത്രങ്ങളില് നിന്നും മാസികകളില് നിന്നും പുസ്തകങ്ങളില് നിന്നും എടുത്ത ചിത്രങ്ങള്/ഫോട്ടോഗ്രാഫുകള്. പാട്ടുകൾ, റൈമുകൾ, താരാട്ടുകൾ, റേഡിയോ, കൈയടി, ക്ലിക്കിംഗ്, സംഗീത ഉപകരണങ്ങൾ പോലെ, നന്നായി കാണാൻ കഴിയാത്ത കുട്ടികൾക്കായി സംഗീതം

| | |
|---|---|
| **ഉദാഹരണം 1: 14 മാസത്തിൽ, ഒരു കുട്ടിക്ക് പിന്തുണയില്ലാതെ നടക്കാൻ കഴിയാത്തതിനാൽ, അവർക്കായി പ്രവർത്തന കലണ്ടറിൽ നിർദേശിച്ചിരിക്കുന്ന ഒളിച്ചുകളിപോലുള്ള പ്രവർത്തനങ്ങൾ ചെയ്യാന് കഴിയാതെ വന്നേക്കാം.** | **പൊരുത്തപ്പെടുത്തൽ 1:അത്തരം സന്ദർഭങ്ങളില്, ആറോ ഏഴോ മാസം പ്രായമുള്ള കുഞ്ഞുങ്ങള്ക്ക് നിർദ്ദേശിച്ചിരിക്കുന്ന പ്രവര്ത്തനങ്ങള്, അതായത് കുട്ടികള് ഇഴഞ്ഞുനീങ്ങാന് മാത്രം ആവശ്യമുള്ള, പതുക്കെ നടക്കാനുള്ള കഴിവ് വളർത്തുന്ന, 'പന്തിനായി കൈ നീട്ടുക', 'അകത്തേക്കും പുറത്തേക്കും', തുടങ്ങിയവ പരിചരണക്കാരന് ഏറ്റെടുക്കണം.** |
| **ഉദാഹരണം 2: 20-25 മാസങ്ങളിൽ, ഇതുവരെ സംസാരിക്കാൻ കഴിയാത്ത ഒരു കുട്ടിക്ക് കലണ്ടറിൽ ശുപാർശ ചെയ്യുന്ന 'ഫോണിൽ സംസാരിക്കുക' പോലുള്ള പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ കഴിഞ്ഞേക്കില്ല** | **പൊരുത്തപ്പെടുത്തൽ 2: അത്തരം സന്ദർഭങ്ങളിൽ, പരിചരിക്കുന്നയാൾ കലണ്ടറിൽ ഒരു വയസ്സുള്ള കുട്ടിക്കായി നിർദ്ദേശിച്ചിട്ടുള്ള പിക്ക്-അപ്പ് പ്രവർത്തനങ്ങൾ നടത്തണം, അതിൽ ആംഗ്യങ്ങൾ മാത്രം നൽകിയാൽ മതി. ഉദാഹരണങ്ങളിൽ പകർത്തൽ പ്രവർത്തനങ്ങൾ, അല്ലെങ്കിൽ ഒളിക്കുക, കണ്ടുപിടിക്കുക തുടങ്ങിയവ ഉൾപ്പെടാം.** |

അല്ലെങ്കിൽ റെക്കോർഡിംഗുകൾ പോലുള്ള ശബ്ദം ഉപയോഗിക്കുക.

**1. വളർച്ചാ കാലതാമസം നേരിടുന്ന കുട്ടികൾ**
പ്രവൃത്തി കലണ്ടർ 3 വയസ്സുവരെ ഒരു കുട്ടിയുടെ പ്രായം അനുസരിച്ച് ഓരോ മാസത്തിനും നാല് പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തുന്നു. ആ പ്രായത്തിൽ

ഒരു കുട്ടി കൈവരിക്കേണ്ട വികസന നാഴികക്കല്ലുകളുടെ അടിസ്ഥാനത്തിലാണ് ഈ പ്രവർത്തനങ്ങൾ തിരഞ്ഞെടുത്തത്. ചില കുട്ടികൾക്ക് ഒരു നാഴികക്കല്ലിലെത്താൻ പ്രതീക്ഷിച്ചതിലും കൂടുതൽ സമയം വേണ്ടിവന്നേക്കാം. ഇതിനെ 'വളര്ച്ചാ കാലതാമസം' എന്ന് വിളിക്കുന്നു. കാലതാമസമുള്ള കുട്ടികളെ പിന്തുണയ്ക്കുന്നതിന് പരിചരണദാതാക്കൾക്ക് കുട്ടിയുടെ കഴിവുകൾക്കനുസരിച്ച് പ്രവർത്തനങ്ങൾ പരിഷ്കരിക്കാൻ കഴിയും. ഇത് അവരെ തങ്ങളുടെ സ്വന്തം വേഗതയില് വികസന നാഴികക്കല്ലിലേക്ക് മുന്നേറാൻ സഹായിക്കുന്നു. ഒരു കുട്ടിക്ക് കലണ്ടറിൽ അവരുടെ പ്രായത്തിന് നിർദേശിച്ചിരിക്കുന്ന പ്രവർത്തനം നിർവഹിക്കാൻ കഴിയുന്നില്ലെങ്കിൽ, പരിചരണദാതാക്കൾ ചെറിയ കുട്ടികള്ക്കായി നിര്ദേശിക്കുന്ന പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കണം.

കൂടാതെ, ഒരു പരിചരണ ദാതാവ് പ്രവർത്തനം നിരവധി തവണ ആവർത്തിക്കാൻ ശ്രമിക്കണം. ക്ഷമയോടെ ഇരിക്കുക, അങ്ങനെ ചെയ്യുമ്പോൾ കുട്ടിയുടെ പ്രതികരണത്തിൽ ശ്രദ്ധ പുലർത്തുക. കുട്ടിക്ക് ക്രിയാത്മകമായ പ്രോത്സാഹനം നൽകുക, കുട്ടിയിൽ നിരാശ പ്രകടിപ്പിക്കുന്നത് ഒഴിവാക്കുക.

| ഭിന്നശേഷിയുടെ തരം | നിലവിലുള്ള പ്രവർത്തനത്തിന്റെ ഉദാഹരണം | നിർദ്ദേശിച്ച പരിഷ്കാരം |
|---|---|---|
| സൂക്ഷ്മ ചലനം | 'പന്തിലേക്ക് കൈനീട്ടൽ', 7 മാസം പ്രായമുള്ള ഒരു കുട്ടിക്ക് ശുപാർശ ചെയ്യുന്നു. | കൈകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കുട്ടിക്ക് പിടിച്ച് കളിക്കാന് വേണ്ടി അങ്കണവാടി വര്ക്കര്മാർക്ക് മൃദുവായ വസ്തുക്കൾ (കളിമണ്ണ്, സ്പോഞ്ച് ബോളുകൾ പോലുള്ളവ) ഉപയോഗിക്കാം. |
| കാഴ്ച വൈകല്യം | 'വീടിനെ അടുത്തറിയല്', 12 മാസം പ്രായമുള്ള കുട്ടിക്ക് ശുപാർശ ചെയ്യുന്നു. | കുട്ടിയുടെ അവശേഷിക്കുന്ന ഇന്ദ്രിയങ്ങളെ ഉത്തേജിപ്പിക്കുന്നതിനും അവരുടെ ചുറ്റുപാടുകൾ മനസ്സിലാക്കാൻ സഹായിക്കുന്നതിനും പരിചരണദാതാക്കൾക്ക് വീടിനെക്കുറിച്ച് കഴിയുന്നത്ര വിശദമായ വാക്കുകളിലൂടെ വിവരിക്കാൻ കഴിയും. |
| ശ്രവണ വൈകല്യം | 'നിർദ്ദേശങ്ങൾ പാലിക്കൽ,' 14 മാസം പ്രായമുള്ള കുട്ടിക്ക് ശുപാർശ ചെയ്യുന്നു | പരിചരണദാതാവിന് ഓരോ നിർദ്ദേശവും/ പ്രവർത്തനത്തിന്റെ ഓരോ ഘട്ടവും പല തവണ ആവർത്തിക്കേണ്ടിവരും; അതേസമയം, അവർ പറയുന്ന കാര്യങ്ങൾ പിന്തുടരാൻ കുട്ടിയെ അധരചലനം വായിച്ചെടുക്കാന് പഠിപ്പിക്കുകയും വേണം. ഒരാളുടെ വായ ചൂണ്ടിക്കാണിക്കുക, വായയുടെ ചലനങ്ങൾ നിരീക്ഷിക്കാൻ കുട്ടിയെ അനുവദിക്കുക. |
| സംസാരത്തിലും ഭാഷയിലുമുള്ള കാലതാമസങ്ങൾ | സംസാര, ഭാഷാ കാലതാമസം 'അഭിനയ കളി: ഫോണില് സംസാരിക്കൽ', 25 മാസം പ്രായമുള്ള കുട്ടിക്ക് ശുപാർശ ചെയ്യുന്നു | വായയുടെ പേശികളുടെ വികാസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് പരിചരണദാതാക്കൾക്ക് ചില വ്യായാമങ്ങളിലൂടെ പ്രവർത്തനം ആരംഭിക്കാൻ കഴിയും, ഉദാഹരണത്തിന്, ചുണ്ടുകൾ ചുളിച്ചു പിടിക്കുക, വിശാലമായി ചിരിക്കുക, നാവിനെ വായയ്ക്കുള്ളിൽ ഇരുവശങ്ങളിലേക്കും നീക്കുക, താടിയെല്ല് തുറക്കുകയും അടയ്ക്കുകയും ചെയ്യുക തുടങ്ങിയവ.<br><br>അഭിനയിച്ച്കളിക്കുക: ഫോണില് സംസാരിക്കുക' എന്ന പ്രവർത്തനം നടത്തുമ്പോൾ പരിചരണദാതാക്കൾക്ക് കുറച്ച് വാക്കുകളുള്ള ഹ്രസ്വ വാചകങ്ങൾ ഉപയോഗിക്കാം, പരിചരിക്കുന്നയാള് സംസാരിക്കുന്നത് നിരീക്ഷിക്കാനും പതുക്കെ വാക്കുകൾ ആവർത്തിക്കാനും കുഞ്ഞിനെ പ്രോത്സാഹിപ്പിക്കുക. |

| ഭിന്നശേഷിയുടെ തരം | നിലവിലുള്ള പ്രവർത്തനത്തിന്റെ ഉദാഹരണം | നിർദ്ദേശിച്ച പരിഷ്കാരം |
| --- | --- | --- |
| ബൗദ്ധികവും വികസനപരവുമായ കാലതാമസം 'നിർദ്ദേശങ്ങൾ പാലിക്കൽ' | 16 മാസം പ്രായമുള്ള കുട്ടിക്ക് ശുപാർശ ചെയ്യുന്നു | ഒരു പരിചരണദാതാവിന് ഈ നിർദ്ദേശം ലളിതമായ ഘട്ടങ്ങളായി വേർതിരിക്കാം. അതുവഴി കുട്ടിക്ക് എളുപ്പത്തിൽ പിന്തുടരാവുന്ന ഒരു പ്രക്രിയ ലഭിക്കും. കുട്ടിക്ക് ഓരോ ചുവടുവയ്പ്പും കാണിച്ചു കൊടുക്കുന്നതിലൂടെ പരിചരണദാതാവ് അവരെ നിരീക്ഷിക്കാനും അനുകരിക്കാനും പഠിക്കാനും സഹായിക്കണം. ഇത് കുട്ടിയില് സ്വയം പര്യാപ്തത വര്ദ്ധിപ്പിക്കും. |

**2. ഭിന്നശേഷികളുടെ പ്രാരംഭ അടയാളങ്ങളും ലക്ഷണങ്ങളുമുള്ള കുട്ടികൾ**

അത്തരം സാഹചര്യങ്ങളിൽ, കുട്ടിയുടെ കഴിവുകൾക്ക് അനുസൃതമായി ഏത് പ്രായത്തിലും പ്രവർത്തനം മാറ്റാൻ കഴിയും. ഈ മാറ്റം കുട്ടിക്ക് പ്രവർത്തനം പ്രോത്സാഹജനകവും ആസ്വാദ്യകരവുമാണെന്ന് ഉറപ്പാക്കുകയും അവരുടെ വളർച്ചയ്ക്കും വികാസത്തിനും സംഭാവന നൽകുകയും ചെയ്യും.

വിവിധ തരത്തിലുള്ള ഭിന്നശേഷികൾക്ക് അനുസൃതമായി പ്രവർത്തനങ്ങൾക്ക് മാറ്റം വരുത്താന് കഴിയുന്ന ചില വഴികൾ ചുവടെയുള്ള പട്ടികയിലുണ്ട്:

മൂന്ന് വയസ്സിന് താഴെയുള്ള കാലതാമസവും ഭിന്നശേഷികളുമുള്ള കുട്ടികളെ പിന്തുണയ്ക്കുന്നതിൽ അങ്കണവാടി വര്ക്കര്മാര് നിർണായക പങ്ക് വഹിക്കുന്നു. ഇതിന്റെ ഏറ്റവും നിർണ്ണായകവും അടിസ്ഥാനപരവുമായ വശത്തിൽ, ശിശുവിൽ ഭിന്നശേഷികൾ ഉണ്ടാകുന്നത് തടയുന്നതിന് പ്രസവപൂർവ്വവും, പ്രസവത്തോടു ചേർന്ന ആഴ്ചകളിലും, ജനനശേഷവും മതിയായ നടപടികൾ എടുക്കുന്നത് ഉൾപ്പെടുന്നു. ഇതു ചെയ്യുന്നതിനുള്ള ഒരു നിർണ്ണായകമായ മാർഗ്ഗം ഭവനത്തിൽ മാതാപിതാക്കളോടൊപ്പവും, അങ്കണവാടി കേന്ദ്രത്തിൽ അല്ലെങ്കിൽ ക്രെഷിൽ പ്രവർത്തകയോടൊപ്പവും ജനനം മുതൽ മൂന്നു വയസ്സു വരെ ശൈശവാരംഭ ഉത്തേജന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ്. എന്നിരുന്നാലും, ഒരു ശിശു ഒരു ഭിന്നശേഷിയോടൊപ്പമാണ് ജനിക്കുന്നതെന്നോ, വേണ്ടത്ര പരിചരണം നല്കിയിട്ടും ഒരു ഭിന്നശേഷി ഉണ്ടാകുന്നുവെന്നോ വിചാരിക്കുക. അത്തരമൊരു സാഹചര്യത്തിൽ, വനിതാ ശിശു വികസന (WCD) മന്ത്രാലയത്തിന്റെ ദിവ്യാംഗ് പ്രോട്ടോക്കോളിൽ വിവരിച്ചിരിക്കുന്ന 'സ്ക്രീനിംഗ്-ഇന്ക്ലൂഷന്-റെഫറല്' എന്ന നിര്ണായക പ്രക്രിയ കമ്മ്യൂണിറ്റി വര്ക്കര് പാലിക്കണം.



## അധ്യായം 5

# കാലതാമസങ്ങളോടും ഭിന്നശേഷികളോടും കൂടിയ ശിശുക്കളുടെ സ്ക്രീനിംഗും ഇൻക്ലൂഷനും (ഉൾപ്പെടുത്തലും) റഫറലുകളും

ചിലപ്പോൾ, ചില പ്രത്യേക കഴിവുകൾ വികസിപ്പിക്കുവാൻ ഒരു ശിശു പ്രതീക്ഷിച്ചതിലും കൂടുതല് സമയം എടുത്തേക്കാം. ഉദാഹരണത്തിന്, നടക്കുവാനോ സംസാരിക്കുവാനോ അവർ കൂടുതൽ സമയം എടുത്തേക്കാവുന്നതും, സൂക്ഷ്മ ചലന നൈപുണ്യങ്ങൾ നടപ്പിലാക്കുന്നതിനും അല്ലെങ്കിൽ വികസിപ്പിക്കുന്നതിനും പുതിയ വിവരങ്ങൾ മനസ്സിലാക്കുന്നതിനും സഹായം ആവശ്യമായേക്കാവുന്നതുമാണ്. വികാസപരമായ കാലതാമസം എന്നതുകൊണ്ട് സൂചിപ്പിക്കുന്നത് അവരുടെ യഥാർത്ഥത്തിലുള്ള അല്ലെങ്കിൽ ക്രമീകരിക്കപ്പെട്ട പ്രായത്തിന് പ്രതീക്ഷിക്കപ്പെടുന്ന നാഴികക്കല്ലുകൾ കൈവരിക്കുന്നതിൽ ഗണ്യമായ വ്യതിയാനം അനുഭവിക്കുന്ന ശിശുക്കളെയാണ്. കാലതാമസങ്ങൾ താല്ക്കാലികമായിരിക്കാവുന്നതും സാഹചര്യങ്ങൾ മെച്ചപ്പെടുമ്പോൾ ശിശുവിന്റെ വികാസം പ്രതീക്ഷയ്ക്കൊത്ത് എത്തിയേക്കാവുന്നതുമാണ്. എന്നിരുന്നാലും, ഉചിതമാംവണ്ണം പരിചരണം നല്കാതിരുന്നാൽ, ഒരു ശിശുവിന്റെ വികസനയാത്രയിലുള്ള ഈ വ്യതിയാനങ്ങൾ ഒരുമിച്ചു കൂടിച്ചേർന്ന് ഭാവിയിൽ ഒരു ഭിന്നശേഷിയായിത്തീരാവുന്നതാണ്.

ഉണ്ടാകുവാൻ സാദ്ധ്യതയുള്ള ഒരു ഭിന്നശേഷിയുടെ ലക്ഷണങ്ങൾ എല്ലായ്പ്പോഴും എളുപ്പത്തില് ദൃശ്യമായിക്കൊള്ളണമെന്നില്ല. ഉദാഹരണത്തിന്, കാഴ്ചാ വൈകല്യമോ, ശ്രവണ വൈകല്യമോ, ഡൌൺ സിൻഡ്രോമോ, സെറിബ്രൽ പാൾസിയോ ഒരു ശിശുവിൽ എളുപ്പത്തില് ദൃശ്യമായേക്കാം. നേരേ മറിച്ച്, സാക്ഷരതാ കാലതാമസങ്ങളിലേക്ക് നയിക്കുന്ന സംസാരത്തിലുള്ള കാലതാമസം പോലെയുള്ള പഠന വൈകല്യങ്ങൾ എളുപ്പത്തില് ദൃശ്യമായിക്കൊള്ളണമെന്നില്ല. അവരുടെ ഭവന സന്ദർശനങ്ങളുടെ ഭാഗമായി കമ്മ്യൂണിറ്റി വർക്കർമാർ നടത്തുന്ന സമയബന്ധിതവും മുറപ്രകാരവുമുള്ള സ്ക്രീനിംഗുകൾക്ക് ഈ കാലതാമസം അല്ലെങ്കിൽ ഉണ്ടാകുവാന് സാദ്ധ്യതയുള്ള ഭിന്നശേഷി ഉടനടി മനസ്സിലാക്കിത്തരുവാൻ കഴിയും. തങ്ങളുടെ ശിശുവിന്റെ വളർച്ച ക്രമമായി നിരീക്ഷിക്കുവാനും ആവശ്യമായ പരിചരണം നല്കുവാനും പരിചരണദാതാക്കളെ ഇത് അനുവദിക്കുന്നു.

പ്രാരംഭത്തിൽത്തന്നെ വൈകല്യങ്ങൾ കണ്ടെത്തുകയും തുടർന്ന് പ്രായോഗികമായ പ്രതിവിധികൾ സ്വീകരിക്കുകയും ചെയ്യുന്നതിലൂടെ ഒരാൾക്ക്, ഭിന്നശേഷിയുടെ ഭാവി വഷളാകലിനെ തടയുവാൻ സാധിക്കും. ഒരു ശിശു ഭിന്നശേഷിയോടുകൂടി ജനിക്കുകയോ ഭിന്നശേഷി ആർജ്ജിക്കുകയോ ചെയ്യാവുന്നതാണ്. എന്നിരുന്നാലും, അനേകം കേസുകളിൽ, പ്രാരംഭ വർഷങ്ങൾ വൈകല്യം ബാധിച്ച പ്രവർത്തനത്തെ തിരുത്തുന്നതിനോ കുറയ്ക്കുന്നതിനോ ഉള്ള യാതൊരു പരിഹാര ഉത്തേജനമോ വൈദ്യശാസ്ത്ര ചികിത്സയോ കൂടാതെ കടന്നു പോകുന്നു. ആരംഭത്തിൽത്തന്നെ കണ്ടെത്തുകയാണെങ്കിൽ, ഏതാനും പ്രധാനപ്പെട്ട ഇൻപുട്ടുകളിലൂടെ ഏതാണ്ട് മൂന്നിലൊന്നോളം വരെ ഭിന്നശേഷികൾ കൂടുതല് വഷളാകുന്നതിൽ നിന്നും പ്രതിരോധിക്കുവാൻ സാധിക്കുമെന്ന് ഗവേഷണ കണ്ടെത്തലുകൾ സൂചിപ്പിക്കുന്നു. സമയബന്ധിതമായ സ്ക്രീനിംഗും റഫറലുകളും വൈദ്യശാസ്ത്ര ഇടപെടലും കൊണ്ട് കോങ്കണ്ണ്, കാഴ്ചാ തകരാറുകള്, ജന്മനാലുള്ള തിമിരങ്ങൾ എന്നിവ പോലെയുള്ള കാഴ്ചാ വൈകല്യങ്ങളും ശ്രവണ വൈകല്യവും രൂക്ഷമാകുന്നതിൽനിന്ന് പ്രതിരോധിക്കുവാൻ സാധിക്കും.

മൂന്നു വയസ്സിനു താഴെയുള്ള കാലതാമസങ്ങളും ഭിന്നശേഷികളുമുള്ള ശിശുക്കളെ പിന്തുണയ്ക്കുന്നതിൽ കമ്മ്യൂണിറ്റി വർക്കർമാർ നിർണ്ണായകമായ ഒരു പങ്കു വഹിക്കുന്നു. ഇതിന്റെ ഏറ്റവും നിർണ്ണായകവും അടിസ്ഥാനപരവുമായ വശത്തിൽ, ശിശുവിൽ ഭിന്നശേഷികൾ ഉണ്ടാകുന്നത് തടയുന്നതിന് പ്രസവപൂർവ്വവും, പ്രസവത്തോടുചേർന്ന ആഴ്ചകളിലും, ജനനശേഷവും മതിയായ നടപടികൾ എടുക്കുന്നത് ഉൾപ്പെടുന്നു. ഇതു ചെയ്യുന്നതിനുള്ള ഒരു നിർണ്ണായകമായ മാർഗ്ഗം ഭവനത്തിൽ മാതാപിതാക്കളോടൊപ്പവും, അങ്കണവാടി കേന്ദ്രത്തിൽ അല്ലെങ്കിൽ ക്രെഷിൽ പ്രവർത്തകയോടൊപ്പവും ജനനം മുതൽ മൂന്നു വയസ്സു വരെ ശൈശവാരംഭ ഉത്തേജന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ്. എന്നിരുന്നാലും, ഒരു ശിശു ഒരു ഭിന്നശേഷിയോടൊപ്പമാണ് ജനിക്കുന്നതെന്നോ, വേണ്ടത്ര പരിചരണം നല്കിയിട്ടും ഒരു ഭിന്നശേഷി ഉണ്ടാകുന്നുവെന്നോ വിചാരിക്കുക. അത്തരമൊരു സാഹചര്യത്തിൽ, കമ്മ്യൂണിറ്റി വർക്കർ ഡബ്ല്യൂ.സി.ഡി. മന്ത്രാലയത്തിന്റെ ദിവ്യാംഗ് പ്രോട്ടോക്കോളിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്ന 'സ്ക്രീനിംഗ്-ഇൻക്ലൂഷൻ-റഫറൽ' എന്ന നിർണ്ണായക പ്രക്രിയ പിന്തുടരേണ്ടതാണ് ഇനി വരുന്ന സെക്ഷനുകളിൽ, ഈ ഘട്ടങ്ങളിൽ ഓരോന്നും നമ്മൾ കൂടുതൽ അടുത്തുനിന്ന് നോക്കുകയും കമ്മ്യൂണിറ്റി വർക്കർ പിന്തുടരേണ്ട മാർഗ്ഗനിർദ്ദേശങ്ങളുടെ സമഗ്രമായ ഒരു പട്ടിക തയ്യാറാക്കുകയും ചെയ്യും.



# 5.1 പ്രാരംഭ വികസന നാഴികക്കല്ലുകൾ

വികസനപരമായ നാഴികക്കല്ലുകളെക്കുറിച്ചുള്ള അറിവ് വിലയേറിയതാണ്, കാരണം വികസനപരമായ ഭിന്നശേഷികളോടുകൂടിയ ശിശുക്കൾക്ക് ചില നാഴികക്കല്ലുകൾ കൈവരിക്കുന്നതിന് കാലതാമസമോ ബുദ്ധിമുട്ടുകളോ അനുഭവപ്പെട്ടേക്കാം. ഉദാഹരണത്തിന്, അവരുടെ മുട്ടിലിഴയുവാനോ, നടക്കുവാനോ, ഓടുവാനോ ഉള്ള കഴിവിനെ ബാധിക്കുന്ന. വലിയ ചലന നൈപുണ്യങ്ങൾക്ക് അല്ലെങ്കില് എഴുതുന്നതു പോലെയുള്ള കൃത്യമായ കരചലനങ്ങൾ ആവശ്യമായ ജോലികൾ വെല്ലുവിളി നിറഞ്ഞതാക്കുന്ന അവരുടെ സൂക്ഷ്മ ചലന നൈപുണ്യങ്ങൾക്ക് ബുദ്ധിമുട്ട് നേരിട്ടേക്കാം. അതുപോലെ, വികസനപരമായ ഭിന്നശേഷികളോടുകൂടിയ ശിശുക്കൾക്ക് അവരുടെ പ്രായത്തിലുള്ള മറ്റു കുട്ടികളുമായി താമതമ്യപ്പെടുത്തുമ്പോൾ കുറച്ചുമാത്രംവാക്കുകൾ ഓർക്കുകയോ സംസാരിക്കുകയോ പോലെയുള്ള ഭാഷാ നാഴികക്കല്ലുകൾ കൈവരിക്കുന്നതിൽ കാലതാമസം നേരിട്ടേക്കാം.

ജനന സമയം മുതൽ അവർക്ക് മൂന്നു വയസ്സു തികയുന്നതുവരെ വ്യത്യസ്ത ഇടവേളകളിൽ ശിശു വിനു ണ്ടാകേ ണ്ട വികാസപരമായ നാഴികക്കല്ലുകളുടെ പട്ടിക ചുവടെ നല്കിയിരിക്കുന്നു. ഏറ്റവും പ്രാരംഭ വർഷങ്ങളിൽ ഈ നാഴികക്കല്ലുകൾ വികാസപരമായ നാലു നിർണ്ണായക മണ്ഡലങ്ങളിലായി വ്യാപിച്ചിരിക്കുന്നവയാണ്: വൈജ്ഞാനിക നൈപുണ്യങ്ങളും, ഭാഷാ നൈപുണ്യങ്ങളും, ശാരീരിക, ചലനനൈപുണ്യങ്ങളും, സാമൂഹികവും വൈകാരികവുമായ നൈപുണ്യങ്ങളും.

| ഘട്ടം | വികസനപരമായ നാഴികക്കല്ലുകൾ |
|---|---|
| 3 മാസത്തിൽ | • അമ്മയുടെ മുഖം തിരിച്ചറിയുവാൻ ആരംഭിക്കുന്നു<br>• ഒരു സാമൂഹിക പുഞ്ചിരി ഉണ്ടാകുന്നു<br>• കണ്ണിൽ നോക്കുന്നു<br>• കമിഴ്ന്നു കിടക്കുമ്പോൾ ഇടയ്ക്ക് തല ഉയർത്തുന്നു<br>• ആവേശം വരുമ്പോൾ കൈകളും കാലുകളും ചലിപ്പിക്കുന്നു<br>• കൈപ്പത്തി തുറന്നും അയഞ്ഞരീതിയിലും വയ്ക്കുന്നു |
| 9 മാസത്തിൽ | • ഇതു ദിശകളിലേക്കും ഉരുളുന്നു<br>• എല്ലാ വിരലുകളും ഉപയോഗിച്ച് ഒരു കളിപ്പാട്ടം പിടിക്കുന്നു<br>• പരിചിതമായ മുഖങ്ങളുടെയോ കളിക്കോപ്പുകളുടെയോ ചലനത്തെ പിന്തുടരുവാനായി തല തിരിക്കുന്നു<br>• അവരുടെ മുന്നിൽ വച്ച് ഒളിപ്പിച്ച കളിക്കോപ്പുകൾക്കായി നോക്കുന്നു<br>• അവരുടെ പേരു വിളിക്കുന്നതിനോട് പ്രതികരിക്കുന്നു |
| 9 ತಿಂಗಳುಗಳಲ್ಲಿ | • ഇതു ദിശകളിലേക്കും ഉരുളുന്നു<br>• എല്ലാ വിരലുകളും ഉപയോഗിച്ച് ഒരു കളിപ്പാട്ടം പിടിക്കുന്നു<br>• പരിചിതമായ മുഖങ്ങളുടെയോ കളിക്കോപ്പുകളുടെയോ ചലനത്തെ പിന്തുടരുവാനായി തല തിരിക്കുന്നു<br>• അവരുടെ മുന്നിൽ വച്ച് ഒളിപ്പിച്ച കളിക്കോപ്പുകൾക്കായി നോക്കുന്നു<br>• അവരുടെ പേരു വിളിക്കുന്നതിനോട് പ്രതികരിക്കുന്നു |
| 12 മാസത്തിൽ | • താങ്ങില്ലാതെ ഇരിക്കുകയും വീഴാതെ കഴിപ്പാട്ടങ്ങൾക്കായി എത്തുകയും ചെയ്യുന്നു<br>• എടുക്കുവാൻ കൈകൾ ഉയർത്തുന്നു<br>• ഏതെങ്കിലും വസ്തുക്കളെ ഇടിക്കാതെ ആഗ്രഹിക്കുന്ന കളിക്കോപ്പുകൾ എടുക്കുവാൻ ഇഴഞ്ഞു പോകുന്നു<br>• മാതൃഭാഷയിൽ ഒന്നോ രണ്ടോ സാധാരണ വാക്കുകൾ ഉപയോഗിക്കുന്നു<br>• "വേണ്ട/ ഇവിടെ വരൂ" എന്നിവ പോലെയുള്ള ലളിതമായ അപേക്ഷകളോട് പ്രതികരിക്കുന്നു. |

| | |
|---|---|
| 18 മാസത്തിൽ | • നില്ക്കുകയും പരാശ്രയംകൂടാതെ അനവധി ചുവടുകൾ വയ്ക്കുകയും ചെയ്യുന്നു<br>• കൈവീശുക, കൈകൊട്ടുക, തുടങ്ങിയ പരിചിതങ്ങളായ വ്യത്യസ്ത ആംഗ്യങ്ങൾ ഉപയോഗിക്കുന്നു<br>• ചെറിയ കല്ലുകൾ/ ചെറിയ വസ്തുക്കൾ ഒരു പാത്രത്തിൽ ഇടുന്നു<br>• ഒരു പുസ്തകത്തിലുള്ള സാധാരണമായ വസ്തുക്കളെ തിരിച്ചറിയുകയും പേരു പറയുകയും ചെയ്യുന്നു |
| 24 മാസത്തിൽ | • ഒരു കളിപ്പാട്ടം വലിക്കുമ്പോഴും സ്ഥിരതയോടെ നേരേ നടക്കുന്നു<br>• ഗാർഹിക ജോലികളെ അനുകരിക്കുന്നു<br>• ഒന്നോ അതിലേറെയോ ശരീരഭാഗങ്ങൾ നേരിട്ടോ പുസ്തകങ്ങളിലോ ശരിയായി ചൂണ്ടിക്കാട്ടുകയും അതിന്റെ പേരു പറയുകയും ചെയ്യുന്നു |
| 36 മാസത്തിൽ | • ഒരു കപ്പിൽ നിന്ന് തുളുമ്പാതെ കുടിക്കുന്നു<br>• ഏറ്റവും പരിചിതമായ സാധനങ്ങളുടെ പേര് മാറ്റമില്ലാതെ പറയുന്നു<br>• നിറങ്ങളും ആകൃതികളും തിരിച്ചറിയുന്നു<br>• മൂന്നോ അതിലേറെയോ വാക്കുകൾ കൂട്ടിച്ചേർത്ത് ഒരു വാചകം ഉണ്ടാക്കുന്നു<br>• കോണിപ്പടികൾ കയറുകയും ഇറങ്ങുകയും ചെയ്യുന്നു |

## 5.2 പ്രാരംഭത്തിൽത്തന്നെ കണ്ടുപിടിക്കുന്നതിന് സ്ക്രീനിംഗുകൾ നടത്തുന്നത്

അനുബന്ധത്തിലുള്ള ഡിസെബിലിറ്റി സ്ക്രീനിംഗ് ഷെഡ്യൂൾ (DSS) ശൈശവാരംഭത്തിലുള്ള ഭിന്നശേഷികൾ സ്ക്രീൻ ചെയ്യുന്നതിനുള്ള വിശാലാടിസ്ഥാനത്തിലുള്ള ഒരു ഉപാധിയാണ്. മൂന്നു വയസ്സിനു താഴെയുള്ള ശിശുക്കളുമായും അവരുടെ അടുത്ത പരിചരണദാതാക്കളുമായും, വീട്ടിൽവച്ചോ, അങ്കണവാടി കേന്ദ്രത്തിൽവച്ചോ, അല്ലെങ്കിൽ ക്രെഷിൽവച്ചോ ഉള്ള പരസ്പര സമ്പർക്കത്തിലൂടെ ഒരു ഭിന്നശേഷിയുള്ളതിന്റെ അല്ലെങ്കിൽ ഒരു ഭിന്നശേഷിയുണ്ടാകുവാനുള്ള അപകടസാദ്ധ്യത ഉള്ളതിന്റെ 'അപായസൂചനാ ലക്ഷണങ്ങൾ' അല്ലെങ്കിൽ 'റെഡ് ഫ്ലാഗുകൾ' തിരിച്ചറിയുന്നതിനുള്ള ഒരു പ്രാഥമിക സ്ക്രീനിംഗ് നടത്തുന്നതിന് കമ്മ്യൂണിറ്റി വർക്കർമാർക്ക് DSS ഉപയോഗിക്കുവാൻ കഴിയും. DSS ഒരു രോഗനിർണ്ണയ പരിശോധനയല്ലാത്തതും ഭിന്നശേഷി നിർണ്ണയം നടത്തുവാൻ ഉപയോഗിക്കുവാൻ കഴിയാത്തതുമാണ്. അതിൽ വിശദീകരിച്ചിരിക്കുന്ന ഒന്നോ അതിലേറെയോ അപായസൂചനാ ലക്ഷണങ്ങൾ ഒരു ശിശു കാണിക്കുന്നുവെങ്കിൽ, ദിവ്യാംഗ് പ്രോട്ടോകോൾ പ്രകാരം റഫറലിനുള്ള ചുവടുകൾ പിന്തുടരേണ്ടതാണ്.

## 5.3 വീട്ടിലും ക്രെഷിലും സമൂഹത്തിലും ഇൻക്ലൂസീവ് പരിതഃസ്ഥിതികൾ സൃഷ്ടിക്കുന്നത്

പ്രാരംഭ മാസങ്ങളുടെ സാഹചര്യത്തിൽ, ഇൻക്ലൂഷൻ എന്നുവച്ചാൽ എല്ലാ പഠന പ്രക്രിയകളിലും- ശാരീരികവും, വൈജ്ഞാനികവും, ഭാഷാപരവും, സാമൂഹികവും, വൈകാരികവും, സൃഷ്ടിപരവുമായ- പങ്കെടുക്കുന്നതിന് അവരുടെ നൈപുണ്യങ്ങളും കഴിവുകളും കണക്കിലെടുക്കാതെ, ഓരോ ശിശുവിനും തുല്യമായ അവസരം ഉറപ്പാക്കുക എന്നാണ് അർത്ഥമാക്കുന്നത്. ഈ സെക്ഷനിൽ, ഭിന്നശേഷിയോടുകൂടിയ ശിശുക്കൾക്ക് അവരുടെ സ്വാശ്രയത്വത്തിലേക്കുള്ള പാതയിൽ കാണപ്പെടുന്നതായും പിന്തുണയ്ക്കപ്പെടുന്നതായും തോന്നുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് എടുക്കേണ്ടതായ ഏതാനും സുപ്രധാന ചുവടുകളെക്കുറിച്ച് നാം പഠിക്കും.




ഞാൻ എല്ലാ ദിവസവും വളരുകയാണ്, അതിനാൽ എനിക്ക് എന്റെ സമൂഹത്തിൽ പങ്കെടുക്കാനും ഉൾപ്പെടുത്താനുമുള്ള വഴികൾ ദയവായി കണ്ടെത്തുക.

## 5.3.1 വീട്ടിലുള്ള ഇൻക്ലൂഷൻ

കാലതാമസങ്ങളും ഭിന്നശേഷികളും പ്രകടിപ്പിക്കുന്ന ഒരു ശിശുവിന്, വിശേഷിച്ചും മൂന്നു വയസ്സു വരെ, പരിചരണവും ഇൻക്ലൂഷനും വീട്ടിൽനിന്ന് ആരംഭിക്കേണ്ടതാണ്. ആയതിനാൽ, അങ്കണവാടി വർക്കർമാരും ആശമാരും ശിശുവിന്റെ നിശ്ചിത ഭിന്നശേഷി കൂട്ടാക്കാതെ, ക്ഷമയും പരിചരണവും ബഹുമാനവും കൊണ്ട് അവർക്ക് പഠിക്കുവാനും വളരുവാനും സാധിക്കും എന്ന് ശിശുവിന്റെ പ്രാഥമിക പരിചരണദാതാക്കൾക്ക് അവബോധമുണ്ടാക്കുന്നതിലൂടെ, അവരെ ബോധവല്ക്കരിക്കുന്ന ജോലി താമസംവിനാ ഏറ്റെടുക്കേണ്ടതാണ്. അവരുടെ ശിശുവിനെ സ്വാശ്രയത്വവും സ്വാഭിമാനവും ആർജ്ജിക്കുവാൻ പ്രാപ്തമാക്കുന്നതിനുള്ള നിശ്ചിത നടപടികൾ സ്വീകരിക്കുന്നതിൽ പരിചരണദാതാവിന് കമ്മ്യൂണിറ്റി വർക്കർ പിന്തുണ നല്കുകയും വേണം. പലപ്പോഴും, ഭിന്നശേഷിയോടുകൂടിയ ശിശുവിനുവേണ്ടി കുടുംബാംഗങ്ങൾ എല്ലാ ജോലികളും ചെയ്യുന്നത് തുടരുകയും, അത്യന്താപേക്ഷിതമായ ജിവിതനൈപുണ്യങ്ങൾ പഠിക്കുവാനുള്ള അവരുടെ അവസരം പരിമിതപ്പെടുത്തുകയും ചെയ്യാറുണ്ട്. വികസനപരമായ കാലതാമസങ്ങളോ ഭിന്നശേഷികളോ ഉള്ള ശിശുക്കളിൽ സ്വാശ്രയത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ലളിതവും ഫലപ്രദവുമായ ഒരു പ്രക്രിയ ചുവടെ സൂചിപ്പിച്ചിരിക്കുന്നു.

### ബാക്ക്വേഡ് ചെയ്നിംഗ്

ഒരു ജോലിയെ പല ചുവടുകളായി തിരിക്കുകയും അവയെ വിപരീതക്രമത്തിൽ പഠിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയെയാണ് ബാക്ക്വേഡ് ചെയ്നിംഗ് എന്നതുകൊണ്ട് പരാമർശിക്കുന്നത്. ഇത് ഓരോ ശ്രമത്തിലും ശിശുവിന് വിജയത്തിന്റെയും പൂർത്തീകരണത്തിന്റെയും ഒരു അനുഭവം നല്കുന്നു. ഇത് എങ്ങനെ പ്രവർത്തിക്കുന്നു എന്ന് നമുക്കു നോക്കാം

| പ്രതിദിന ജോലികളെ ചെറിയ ചുവടുകളായി വിഘടിപ്പിക്കുക | അവസാനത്തേത് | പരാശ്രയം കൂടാതെ ചെയ്യുന്ന ജോലികൾ |
|---|---|---|
| പരിചരണദാതാവ് ഒരു ജോലിയെ ചെറിയ ചുവടുകളായി തിരിച്ചുകൊണ്ട് ആരംഭിക്കുന്നു.<br><br>ഉദാഹരണത്തിന്: കൈകൾ കഴുകുന്ന ജോലി ചുവടെ പറയുന്ന കൂടുതൽ ചെറിയ ജോലികളാക്കി തിരിക്കുന്നു.<br><br>സിങ്കിനടുത്തേക്കു പോകുന്നത് > ടാപ് തുറക്കുന്നത്/ മഗ്ഗ് ഉപയോഗിക്കുന്നത് > കൈകൾ നനയ്ക്കുന്നത് > സോപ്പ് | ആദ്യം പരിചരണദാതാവ് ശിശുവിനു വേണ്ടി അവസാനത്തേതൊഴികെ എല്ലാ ചുവടുകളും ചെയ്യുന്നു.<br><br>ഉദാഹരണത്തിന്:അവരുടെ കൈ തുടയ്ക്കുവാനും ഉണക്കുവാനും ശിശുവിനു ടവ്വൽ കൈമാറുന്നത് ഒഴികെയുള്ള എല്ലാ ജോലികളും പരിചരണദാതാവ് ചെയ്യുന്നു<br><br>സിങ്കിനടുത്തേക്കു പോകുന്നത് > ടാപ് തുറക്കുന്നത്/ മഗ്ഗ് | ക്രമേണ മാതാവ് അല്ലെങ്കിൽ പിതാവ് ചെയ്യുന്ന ചുവടുകളുടെ എണ്ണം കുറയ്ക്കുക.<br><br>ಉದಾಹರಣೆಗೆ:ನಿಧಾನವಾಗಿ ಮತ್ತು ಕ್ರಮೇಣವಾಗಿ ಆರೈಕೆದಾರರು ತಮ್ಮ ಹಂತಗಳ ಸಂಖ್ಯೆಯನ್ನು ಕಡಿಮೆ ಮಾಡುತ್ತಾರೆ<br><br>സിങ്കിനടുത്തേക്കു പോകുന്നത് > ടാപ് തുറക്കുന്നത്/ മഗ്ഗ് ഉപയോഗിക്കുന്നത് > കൈകൾ |

| | | |
|---|---|---|
| ഉപയോഗിക്കുന്നത് > കൈകൾ കൂട്ടിത്തിരുമ്മുന്നത് > കൈകൾ നനയ്ക്കുന്നത് > ടവൽ ഉപയോഗിച്ച് കൈ ഉണക്കുന്നത് | ഉപയോഗിക്കുന്നത് > കൈകൾ നനയ്ക്കുന്നത് > സോപ്പ് ഉപയോഗിക്കുന്നത് > കൈകൾ കൂട്ടിത്തിരുമ്മുന്നത് > കൈകൾ നനയ്ക്കുന്നത് > ടവൽ ഉപയോഗിച്ച് കൈ ഉണക്കുന്നത് | നനയ്ക്കുന്നത് > സോപ്പ് ഉപയോഗിക്കുന്നത് > കൈകൾ കൂട്ടിത്തിരുമ്മുന്നത് > കൈകൾ നനയ്ക്കുന്നത് > ടവൽ ഉപയോഗിച്ച് കൈ ഉണക്കുന്നത് |

കുറിപ്പ്:

a) പ്രവൃത്തിയെ 7-10 കൈകാര്യം ചെയ്യാവുന്ന ചുവടുകളായി തിരിക്കുവാൻ കഴിയും.

b) തിരിച്ച ചുവടുകൾ സ്ഥിരമായി കൃത്യമായും ഒരേ തരത്തിൽ ചെയ്യേണ്ടതുണ്ട്

c) അവരുടെ കഴിവനുസരിച്ച് ഓരോ ചെയ്യും (ചങ്ങലയും) പഠിക്കുവാൻ സമയം എടുക്കും. ക്ഷമ കാണിക്കേണ്ടത് അത്യന്താപേക്ഷിതവും നിർദ്ദേശങ്ങൾ ആവർത്തിക്കുവാൻ ശിശുവിനെ അനുവദിക്കേണ്ടതുമാണ്.

## നിശ്ചിത ഭിന്നശേഷികളോടുകൂടിയ ശിശുക്കളെ അവരുടെ പഠന യാത്രയിൽ എങ്ങനെ പിന്തുണയ്ക്കണമെന്നുള്ളതിന്റെ ഉദാഹരണങ്ങൾ

### ശ്രവണ ഭിന്നശേഷികൾ

- ലിപ്റീഡിംഗ് (ചുണ്ടു നോക്കി പറയുന്ന കാര്യങ്ങൾ മനസ്സിലാക്കുന്നത്) പ്രോത്സാഹിപ്പിക്കുക
- നിങ്ങളവരോട് സംസാരിക്കുന്നതിനു മുമ്പ് കുട്ടിയുടെ ശ്രദ്ധ നേടുക
- വാക്കുകളും നിർദ്ദേശങ്ങളും സാവധാനത്തിലും പല തവണയും ആവർത്തിക്കുക

### • കാഴ്ച ഭിന്നശേഷികൾ

- അവരുടെ ലോകം മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനും കളിക്കുന്നതിനും അവരുടെ മറ്റ് ഇന്ദ്രിയങ്ങൾ ഉപയോഗിക്കുവാൻ ശിശുക്കളെ സഹായിക്കുക.
- പരിസ്ഥിതിയും അതിലുള്ള കാര്യങ്ങളും വിവരിക്കുക
- ഭൗതിക പരിസ്ഥിതിയിൽ നിന്ന് അപകടസാദ്ധ്യതകൾ നീക്കം ചെയ്യുക

### സംസാരത്തിലും ഭാഷയിലുമുള്ള കാലതാമസങ്ങൾ

- വ്യക്തമായും സാവധാനത്തിലും സംസാരിക്കുന്നത്
- ശിശുവിനെ പ്രോത്സാഹിപ്പിക്കുന്നത്
- സംസാരിക്കുമ്പോൾ കൂടുതൽ പ്രവർത്തികളും ആംഗ്യങ്ങളും ഉപയോഗിക്കുന്നത്
- പ്രധാനപ്പെട്ട വിവരങ്ങൾ പങ്കുവയ്ക്കുമ്പോൾ, അധിക വാക്കുകൾ കുറയ്ക്കുക

### ശാരീരിക ഭിന്നശേഷികൾ: സൂക്ഷ്മ ചലന നൈപുണ്യങ്ങൾ ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടുകൾ

- ശിശുവിന് പിടിക്കുന്നതിനും കൈയുടെ ധർമ്മങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിവിധ തരങ്ങളിൽ അമർത്തുന്നതിനും വീ ക്ലേ നല്കുക.
- കൈയുടെ ധർമ്മങ്ങൾ മെച്ചപ്പെടുത്തുന്നതിന് അമർത്തുകയും അയച്ചു വിടുകയും ചെയ്യുന്നതിന് ശിശുവിന് ഒരു സ്പോഞ്ച് പന്ത് നല്കുക

## 5.3.2 ഇൻക്ലൂഷനു വേണ്ടി ക്രെഷുകൾ രൂപകല്പന ചെയ്യുന്നത്

സാർവ്വലൗകിക രൂപകല്പനാ തത്വം മനസ്സിൽ വച്ചുകൊണ്ടുവേണം ക്രെഷ് രൂപകല്പന ചെയ്യുവാൻ, അങ്ങനെ അതിന്റെ ഘടന എല്ലാവർക്കും പ്രാപ്യമാകത്തക്ക വിധത്തിലായിരിക്കണം. വികസനത്തിന്റെ വ്യത്യസ്ത നിലയിലുള്ള ശിശുക്കൾക്ക് കളിക്കുവാനും സ്വയം ഉത്തേജിപ്പിക്കുവാനും കഴിയുന്ന തരത്തിൽ മൂലകളും രംഗസ്ഥലങ്ങളും അവർ ഉൾപ്പെടുത്തേണ്ടതാണ്. ക്രെഷുകളുടെ ഒരു സവിശേഷ ശ്രദ്ധ സ്ഥല സംബന്ധിയായ ഉത്തേജനത്തിലായിരിക്കണം, കാരണം അവർക്ക് ലഭ്യമായ ഭൗതിക ഇടം ഭാവനാപരമായ രീതികൾ പഠിക്കുവാൻ ഒരു ശിശുവിനെ സഹായിക്കുവാൻ വേണ്ടി ഉപയോഗിക്കുവാൻ സാധിക്കും.

ക്രെഷിലുള്ള പരിചരണദാതാവ് പ്രതികരണപരമായ (ആവശ്യങ്ങളറിഞ്ഞുള്ള) പരിചരണം നല്കൽ ചട്ടക്കൂടിൽ (റെസ്പോൺസീവ് കെയർഗിവിംഗ് ഫ്രെയിംവർക്ക്) സൂചിപ്പിച്ചിട്ടുള്ള അതേ തത്വങ്ങൾ പിന്തുടരേണ്ടതാണ്, കുട്ടിയെ സുക്ഷ്മമായി ശ്രദ്ധിക്കുകയും, അതിനനുസരിച്ച് പ്രതികരിക്കുകയും ചെയ്യുക.

## 5.3.3 വികസനപരമായ കാലതാമസങ്ങളുള്ള ശിശുക്കളോടുള്ള സമൂഹത്തിന്റെ സമീപനം.

ഒരു ശിശുവിനു ചുറ്റുമുള്ള സമൂഹത്തിലെ അംഗങ്ങളും അവരുടെ വളർച്ചയ്ക്ക് ആരോഗ്യകരവും കളങ്കരഹിതവുമായ ഒരു ചുറ്റുപാട് സൃഷ്ടിക്കുന്നതിൽ അവരുടെ പങ്ക് വഹിക്കേണ്ടതാണ്. അങ്ങനെ ചെയ്യുന്നതിനായി, ദിവ്യാംഗ് ശിശുക്കളുടെ മാതാപിതാക്കൾക്കും പരിചരണദാതാക്കൾക്കും

വേണ്ടി സപ്പോർട്ട് ഗ്രൂപ്പുകളും നെറ്റ്‌വർക്കുകളും സൃഷ്ടിക്കുവാൻ അവർക്ക് സാധിക്കും. ഈ ഗ്രൂപ്പുകൾക്ക് വൈകാരിക പിന്തുണ നല്കുവാനും, വിഭവങ്ങൾ പങ്കുവയ്ക്കുവാനും, ഏറ്റവും നല്ല ശീലങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ കൈമാറുവാനും കഴിയും. ദിവ്യാംഗ് ശിശുക്കളെയും അവരുടെ കുടുംബങ്ങളെയും പിന്തുണയ്ക്കുന്നതിന് വി.എച്ച്.എസ്.എൻ.ഡി.കൾ, ഇ.സി.സി.ഇ. ദിനങ്ങൾ മുതലായ സാമൂഹികാടിസ്ഥാനത്തിലുള്ള പരിപാടികളിൽ അംഗങ്ങൾ പങ്കെടുക്കുകയും എല്ലാ കുട്ടികളെയും ദയാപൂർവ്വം ഒരുമിച്ചു കളിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും വേണം.

കൂടുതൽ പ്രധാനമായി, സമൂഹത്തിലെ ഒരു അംഗം സമൂഹത്തിനുള്ളിലെ ദിവ്യാംഗ് ശിശുക്കൾക്ക് സ്വീകാര്യതയും പിന്തുണയും പ്രോത്സാഹിപ്പിക്കുകയും ഏതെങ്കിലും ലേബലുകളോ വേദനിപ്പിക്കുന്ന നിന്ദകളോ സ്വീകരിക്കാതിരിക്കുകയും വേണം. പ്രായമായവരുമായും ചെറുപ്പക്കാരുമായുള്ള അവരുടെ ഇടപെടലുകളിൽ, വൈവിദ്ധ്യം ഒരു ശക്തിയാണെന്നും, ഓരോ ശിശുവിനും അനന്യമായ കഴിവുകളും സാമർത്ഥ്യങ്ങളും ഉണ്ടെന്നും, സംതൃപ്തമായ ഒരു ജീവിതത്തിന് അവകാശമുണ്ടെന്നുമുള്ള മനസ്സിലാക്കൽ അവർ പ്രോത്സാഹിപ്പിക്കണം.

## 5.4 സ്ക്രീനിംഗ് ടെസ്റ്റ് പ്രകാരം വികസനപരമായ കാലതാമസങ്ങൾ പ്രകടിപ്പിക്കുന്ന ശിശുക്കളുടെ റഫറൽ

ദിവ്യാംഗ് പ്രോട്ടോകോൾ പ്രകാരം, ശിശുക്കൾ സ്ഥിരമായി അവരുടെ നാഴികക്കല്ലുകളിലേക്ക് എത്തുന്നില്ലെങ്കിൽ, അല്ലെങ്കിൽ ഭിന്നശേഷികളുടെ പ്രത്യക്ഷമായ അടയാളങ്ങളും ലക്ഷണങ്ങളും ഉണ്ടെങ്കിൽ, പിന്തുണ നേടുന്നതിന് റഫറലുകളിലൂടെ കമ്മ്യൂണിറ്റി വർക്കർ മാതാപിതാക്കളെയും കുടുംബങ്ങളെയും സഹായിക്കേണ്ടതാണ്.

### റഫറലിനുള്ള മൂന്നു ചുവടുകൾ:

a. പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് എത്തിക്കുന്നതിന് തീരുമാനിക്കുന്നതിനും സഹായിക്കുന്നതിനുമായി ആശ/എ.എൻ.എം.ന് റഫർ ചെയ്യുക.

b. യു.ഡി.ഐ.ഡി.യ്ക്കും ഡിസെബിലിറ്റി സർട്ടിഫിക്കറ്റിനും വേണ്ടി www.swavlambancard.gov.in ൽ അപേക്ഷിക്കുന്നതിന് കുടുംബത്തെ സഹായിക്കുക. ആർ.പി.ഡബ്ല്യൂ.ഡി. ആക്ട് 2016 പ്രകാരം, മാതൃ ജില്ലാ ആശുപത്രികൾക്കോ പി.ഡബ്ല്യൂ.ഡി. വൈദ്യചികിത്സ എടുക്കുന്ന ആശുപത്രിക്കോ അത് ഇഷ്യൂ ചെയ്യാവുന്നതാണ്.

c. വേരിഫിക്കേഷനു വേണ്ടിയും വിലയിരുത്തുന്നതിനായുള്ള വിദഗ്ദരെ നിയോഗിക്കുന്നതിനുവേണ്ടിയും ചീഫ്മെഡിക്കൽ ഓഫീസറെയോ (സി.എം.ഒ.) ജില്ലാ മെഡിക്കൽ ഓഫീസറെയോ (ഡി.എം.ഒ.) സമീപിക്കുന്നതിന് കുടുംബത്തെ പിന്തുണയ്ക്കുക. മെഡിക്കൽ ബോർഡ് തീരുമാനത്തിനു ശേഷം, കുടുംബത്തിന് സ്പീഡ് പോസ്റ്റിലൂടെ കാർഡ് അയക്കുന്നു.

ദിവ്യാംഗ് ശിശുക്കളുടെ സ്ക്രീനിംഗിനും, റഫറലിനും, ഇൻക്ലൂഷനുമായുള്ള ഫ്ലോ ചാർട്ട്





## അദ്ധ്യായം 6

# കമ്മ്യൂണിറ്റി വര്‍ക്കര്‍മാര്‍ ഈ ചട്ടക്കൂട് എങ്ങനെ ഉപയോഗിക്കണം

കമ്മ്യൂണിറ്റി വർക്കർമാർക്ക് മൂന്ന് പ്രധാന വഴികളിലൂടെ ശിശുപരിചരണത്തെ സ്വാധീനിക്കാൻ കഴിയും: വീട്ടില്, അങ്കണവാടി കേന്ദ്രത്തിലോ ക്രെഷിലോ, കമ്മ്യൂണിറ്റി അധിഷ്ഠിത ഇവന്റുകളിലോ.

# 6.1 ആദ്യകാല ഉത്തേജനത്തിന് പരിചരണദാതാവിനുള്ള മാർഗ്ഗനിർദ്ദേശം

## 6.1.1 ശൈശവാരംഭ ഉത്തേജനം സംബന്ധിച്ച് പരിചരണദാതാക്കൾക്കുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതിനുള്ള വഴികൾ

### ഭവന സന്ദർശന വേളയിൽ

അങ്കണവാടി വർക്കർമാരും ആശമാരും അവർ സേവിക്കുന്ന കമ്മ്യൂണിറ്റികളിലെ കുടുംബങ്ങൾ, അമ്മമാർ, കൊച്ചുകുട്ടികൾ എന്നിവർക്ക് പതിവായി ഭവന സന്ദർശനം നടത്തുന്നു. സാക്ഷം അങ്കണവാടി, മിഷൻ പോഷൻ 2.0 എന്നിവയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ, അമ്മമാർക്കായി അല്ലെങ്കിൽ കുട്ടിക്ക് 2 വയസ്സ് തികയുന്നതുവരെ 18 ഭവന സന്ദർശനങ്ങൾ നിർബന്ധമായും നടത്തണമെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

- ഗർഭിണികൾക്ക് 4 സന്ദർശനങ്ങൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു
- കുട്ടിക്ക് 0-നും 6 മാസത്തിനും ഇടയിൽ പ്രായമുള്ളപ്പോൾ 9 സന്ദർശനങ്ങൾ
- 6 മാസത്തിനും 2 വയസ്സിനും ഇടയിൽ 9 സന്ദർശനങ്ങൾ കൂടി

### ക്രെഷിലെ/ കേന്ദ്രത്തിലെ പതിവ് പ്രതിമാസ മീറ്റിംഗുകളിൽ

- ആറ് വയസ്സ് വരെയുള്ള കുട്ടികളുടെ ഉയരവും ഭാരവും വിലയിരുത്തുന്നതിനായി അമ്മമാരും എല്ലാ മാസവും അങ്കണവാടി കേന്ദ്രങ്ങൾ സന്ദർശിക്കുന്നു. ഇതിനു പുറമേ, അനുബന്ധ പോഷകാഹാരത്തിന്റെ ഒരു രൂപമായി തങ്ങളുടെ ടേക്ക് ഹോം റേഷൻ സ്വീകരിക്കാൻ അമ്മമാർ പലപ്പോഴും വ്യത്യസ്ത ഇടവേളകളിൽ അങ്കണവാടി കേന്ദ്രങ്ങളിൽ എത്താറുണ്ട്.

### കമ്മ്യൂണിറ്റി ഇവന്റുകളിലൂടെ

- മിഷൻ പോഷൻ 2.0, ഗ്രാമ ആരോഗ്യ ശുചിത്വവും പോഷകാഹാര ദിനങ്ങളും (VHSND) എന്നിവയ്ക്ക് കീഴിലുള്ള കമ്മ്യൂണിറ്റി അധിഷ്ഠിത ഇവന്റുകളിൽ (CBE) പ്രാദേശിക തീരുമാനമെടുക്കുന്നവരുമായും വിശാലമായ സമൂഹവുമായും ആദ്യകാല ഉത്തേജനം സംബന്ധിച്ച് കാര്യക്ഷമമായ വിവര, വിദ്യാഭ്യാസ, ആശയവിനിമയ പ്രവർത്തനങ്ങൾ നടത്താനും അങ്കണവാടി വർക്കർമാർക്ക് കഴിയും. എല്ലാ അങ്കണവാടികളിലും മാസത്തിൽ രണ്ടുതവണ CBE-കൾ സംഘടിപ്പിക്കേണ്ടത് നിർബന്ധമാണ്, കൂടാതെ പോഷൻ മാഹിലും പോഷൻ പഖാഡയിലും ഇത് വർദ്ധിപ്പിക്കുകയും വേണം. ബാല വികാസ് സമിതി അംഗങ്ങൾ, കമ്മ്യൂണിറ്റി നേതാക്കൾ, പഞ്ചായത്ത് അംഗങ്ങൾ, സ്വയം സഹായ സംഘങ്ങൾ, മറ്റ് വനിതാ ഗ്രൂപ്പുകൾ, പ്രാദേശിക എൻ.ജി.ഒ.കൾ, അഡ്മിനിസ്ട്രേറ്റീവ് ഉദ്യോഗസ്ഥർ, പ്രത്യേകിച്ച് ജില്ലാ, ബ്ലോക്ക് തലങ്ങളിലുള്ളവര് (ഐ.സി.ഡി.എസ്., ഡബ്ല്യൂ.സി.ഡി., ആരോഗ്യം, വിദ്യാഭ്യാസം, ശിശു സംരക്ഷണം, പുനരധിവാസം, ഭിന്നശേഷി മുതലായവ) എന്നിവരെ ക്ഷണിക്കാം.

## 6.1.2 പരിചരണദാതാക്കൾക്ക് ആദ്യകാല ഉത്തേജനത്തെക്കുറിച്ച് വഴികാട്ടുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ

**1. മാതാപിതാക്കൾക്കും പരിചരിക്കുന്നവർക്കും അനുയോജ്യമായ മാർഗ്ഗനിർദ്ദേശം നൽകുക:** ഓരോ കുട്ടിയുടെയും പ്രായത്തെയും കഴിവുകളെയും അടിസ്ഥാനമാക്കി ഉചിതമായ സെഷൻ പ്ലാൻ പരിശോധിക്കുന്നതിന് അങ്കണവാടി വർക്കർമാർക്കും ആശമാർക്കും പ്രതിമാസ ഉത്തേജന പദ്ധതി പ്രയോജനപ്പെടുത്താം. ഓരോ കുട്ടിയുടെയും പ്രായത്തിനും കഴിവുകൾക്കും അനുസൃതമായി ശ്രദ്ധാപൂർവ്വമായ പരിചരണ രീതികളെയും കളി അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളെയും കുറിച്ച് രക്ഷിതാക്കളുമായി ചർച്ചകൾ നടത്തുന്നതിനുള്ള ഒരു റഫറൻസായി അവർക്ക് ഈ ഡോക്യുമെന്റ് ഉപയോഗിക്കാനാകും.

**2. കുട്ടിയുടെ വളർച്ച നിരീക്ഷിക്കുകയും രക്ഷിതാക്കൾക്ക് കൗൺസിലിംഗ് നൽകുകയും ചെയ്യുക:** ഈ ചട്ടക്കൂടിൽ വികസന നാഴികക്കല്ലുകളുടെ സമഗ്രമായ ശേഖരവും സ്ക്രീനിംഗ് ഷെഡ്യൂളും ഉൾക്കൊള്ളുന്നു. ഈ ഷെഡ്യൂളിന്റെ സഹായത്തോടെ, കുട്ടിയുടെ വളർച്ച പ്രതീക്ഷിച്ച വേഗതയിൽ നടക്കുന്നുണ്ടോ എന്നും എന്തെങ്കിലും കാലതാമസം ഉണ്ടായാൽ രക്ഷിതാക്കളെ അറിയിക്കുകയോ ശ്രദ്ധയിലെപ്പടുത്തുകയോ ചെയ്യണോ എന്നും AWWS-നും ASHA-കൾക്കും നിർണ്ണയിക്കാനാകും.

**3 അമ്മമാരുടെ മീറ്റിംഗുകളിലൂടെ സമൂഹത്തിൽ മെച്ചപ്പെട്ട ശിശുപരിപാലനത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക:** ആദ്യത്തെ മൂന്ന് വർഷങ്ങളിൽ കുട്ടികളോട് ശ്രദ്ധാപൂർവമായ പരിചരണ സമീപനം എങ്ങനെ സ്വീകരിക്കാമെന്ന് ചട്ടക്കൂട് വിവരിക്കുന്നു. ക്രെഷ് വർക്കർമാർക്ക് രക്ഷിതാക്കളുമായി ഇക്കാര്യം പങ്കുവെക്കാനും ചർച്ച ചെയ്യാനും അവരെ ശ്രദ്ധാപൂർവമായ പരിചരണദാതാക്കളാകാന് സഹായിക്കാനും കഴിയും.

### ഭവന സന്ദർശനത്തിന് തയ്യാറെടുക്കുന്നതിനുള്ള സാമ്പിൾ മാർഗ്ഗനിർദ്ദേശങ്ങൾ

- ചുവട് 1: കുട്ടിയുടെ പ്രായം തിരിച്ചറിയുക
- ചുവട് 2: കുട്ടിയുടെ പ്രായം അനുസരിച്ച് നടത്തേണ്ട പ്രവർത്തനങ്ങൾ തിരിച്ചറിയാൻ ഉത്തേജക പ്രവർത്തന കലണ്ടർ പരിശോധിക്കുക. ഉദാഹരണത്തിന്: കുട്ടിക്ക് 10 - 11 മാസം പ്രായമുണ്ടെങ്കിൽ, ഉത്തേജക പ്രവർത്തന കലണ്ടറിലെ 10-ആം മാസത്തിൽ പരാമർശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ കാണുക.
- ചുവട് 3: ഏതെങ്കിലും പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ അധ്യാപന-പഠന സാമഗ്രികൾ തയ്യാറാക്കുക.
  ഉദാ: പ്രവർത്തനം ഉൾപ്പെട്ടാൽ
- ചുവട് 4: ഭവന സന്ദർശന വേളയിൽ ഊന്നിപ്പറയേണ്ട ഒന്നോ രണ്ടോ പരിചരണദാന പെരുമാറ്റങ്ങൾ തിരിച്ചറിയുക.

# ഭവന സന്ദർശന ഗൈഡ് സാമ്പിൾ

കുട്ടിയുടെ പ്രായം: 6-8 മാസം
കഴിവുകൾ/വിഷയം: ലിപ് ലെസണുകളും കളിപ്പാട്ടം എവിടെയാണ് എന്നതും ദൈർഘ്യം: 45 മിനിറ്റ്



## വീണ്ടും കാണുക, അവലോകനം ചെയ്യുക | 10 മിനിറ്റ്

ക്ഷേമ ചോദ്യങ്ങൾ, കുഞ്ഞിന്റെ ആരോഗ്യത്തെ കുറിച്ച് അന്വേഷിക്കുക, മുമ്പത്തെ സന്ദർശനം അവലോകനം ചെയ്യുക

## ഭാഷാ പ്രവർത്തനം: ലിപ് ലെസണുകള് | 12 മിനിറ്റ്

പറയൂ,
ഇന്നത്തെ ആദ്യ പ്രവർത്തനത്തിന്റെ പേര് 'ലിപ് ലെസണുകള്' എന്നാണ്.

## അവതരണം

**ചുവട് 1:** നിങ്ങളുടെ സാന്നിധ്യത്തിൽ മാതാപിതാക്കളും കുഞ്ഞും സ്വസ്ഥരും സന്തുഷ്ടരുമാണെങ്കിൽ, കുഞ്ഞിനരികിൽ ഒരു ഇരിപ്പിടം കണ്ടെത്തുക. ഇപ്പോൾ കുഞ്ഞ് അവരുടേതായ ചില ശബ്ദങ്ങൾ ഉണ്ടാക്കുന്നത് വരെ അവരോട് സംസാരിക്കുക.

**ചുവട് 2:** കുഞ്ഞിന്റെ ശബ്ദങ്ങൾ അനുകരിക്കുക. “ആ, സ്സ്, ഊ, ഈ, ബ്ബ് ബ്ബ്” ഇങ്ങനെ ചെയ്യുമ്പോൾ കുഞ്ഞിന്റെ കണ്ണിൽ നോക്കി പുഞ്ചിരിച്ച് കുഞ്ഞ് എങ്ങനെ പ്രതികരിക്കുന്നുവെന്ന് നിരീക്ഷിക്കുക.

**ചുവട് 3:** ഇപ്പോൾ പതുക്കെ നിങ്ങളുടെ മുഖം കുഞ്ഞിനോട് കൂടുതൽ അടുപ്പിച്ച്, നിങ്ങൾ ശബ്ദങ്ങൾ ഉണ്ടാക്കുമ്പോൾ അവരുടെ കൈ നിങ്ങളുടെ വായിൽ വയ്ക്കുക. ഓരോ തവണയും വ്യത്യസ്ത ശബ്ദങ്ങൾ പരീക്ഷിച്ചുകൊണ്ട് കുഞ്ഞിനൊപ്പം ഇത് പലതവണ ആവർത്തിക്കുക.

## പ്രാധാന്യം വിശദീകരിക്കുന്നു

ഈ പ്രവർത്തനം പ്രധാനമായിരിക്കുന്നത് എന്തുകൊണ്ടാണെന്ന് നിങ്ങൾ അവരോട് പറയുകയും വേണം. “പുതിയ ശബ്ദങ്ങൾ ശ്രദ്ധിക്കുന്നതും, ശബ്ദങ്ങൾ ആവർത്തിച്ചുകൊണ്ട് കളിക്കുന്നതും, ശബ്ദമുണ്ടാക്കുമ്പോൾ വായിൽ സ്പർശിക്കുന്നതും ശ്രദ്ധിക്കുന്നതിലും ആശയവിനിമയം നടത്തുന്നതിലും കുട്ടിയുടെ താൽപ്പര്യം വളർത്തുന്നു. കേൾക്കുന്നതും സംസാരിക്കുന്നതും തമ്മിലുള്ള ബന്ധവും കുഞ്ഞിന് മനസ്സിലായി തുടങ്ങും. ഈ പ്രായത്തിൽ ഇതുപോലുള്ള ചെറിയ ശബ്ദ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് കുഞ്ഞിന് പ്രായമാകുമ്പോൾ മറ്റുള്ളവരോട് ആത്മവിശ്വാസത്തോടെ സംസാരിക്കാനുള്ള സാധ്യത വർദ്ധിപ്പിക്കും.”

## പ്രതീക്ഷകൾ സജ്ജമാക്കൽ

"കുഞ്ഞ് കളിക്കുന്നതായി കാണപ്പെടുകയും ശബ്ദങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നുവെങ്കിൽ, ശബ്ദങ്ങൾ ഉണ്ടാക്കിക്കൊണ്ട് കളിക്കുന്നതില് അവരോടൊപ്പം ചേരുക!, ഈ പ്രവർത്തനം ആവർത്തിച്ച് ചെയ്യാമെന്ന് കുടുംബത്തോട് വിശദീകരിക്കുക കുഞ്ഞിനെ കുളിപ്പിച്ച് ഒരുക്കുമ്പോൾ നിങ്ങൾക്ക് ഇത് ചെയ്യാം,അല്ലെങ്കിൽ വൈകുന്നേരം കുടുംബം ഒത്തുകൂടുമ്പോൾ നിങ്ങൾക്ക് കുഞ്ഞിനെ സംഭാഷണത്തിൽ ഉൾപ്പെടുത്താം. കഴിയുമെങ്കില് ഇത് എല്ലാ ദിവസവും ചെയ്യുക - അമ്മയ്ക്കും കഴിയും, അച്ഛനും കഴിയും, മുത്തശ്ശിക്കും കഴിയും. എല്ലാവർക്കും ഇത് ചെയ്യാം!

## പ്ലേ ആക്റ്റിവിറ്റി: കളിപ്പാട്ടം എവിടെ | 12 മിനിറ്റ്

പറയൂ,
ഇന്നത്തെ ആദ്യ പ്രവർത്തനത്തിന്റെ പേര്
'കളിപ്പാട്ടം എവിടെ' എന്നാണ്.

## അവതരണം

**ചുവട് 1:** കുഞ്ഞിനെ ആ വസ്തു കാണിച്ച് അതിനെക്കുറിച്ച് സംസാരിക്കുക. "ഇത് കണ്ടോ? ഇത് എന്താണ്? ഇത് ഒരു സ്പൂൺ ആണ്.

**ചുവട് 2:** ഇത് ചെയ്യുമ്പോൾ കുഞ്ഞിന്റെ കണ്ണുകളിൽ നോക്കുകയും അവരെ നോക്കി പുഞ്ചിരിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുക. കുഞ്ഞ് ആ വസ്തുവിന് വേണ്ടി കൈ നീട്ടുകയാണെങ്കിൽ, അത് അവർക്ക് കൊടുക്കുക. ഇല്ലെങ്കില് മറ്റൊരു വസ്തു ഉപയോഗിച്ച് നോക്കാം. കുഞ്ഞിനെ വസ്തു ഉപയോഗിച്ച് കളിക്കാൻ അനുവദിക്കുക.

**ചുവട് 3:** ഇനി പതുക്കെ വസ്തു തിരികെ എടുത്ത് അവർ നോക്കിനിൽക്കുമ്പോൾ ഒരു തുണിക്കടിയിൽ വയ്ക്കാൻ ശ്രമിക്കുക. തുണിയിലേക്ക് വിരൽ ചൂണ്ടി കുഞ്ഞിനോട് "സ്പൂൺ എവിടെ" എന്ന് ചോദിക്കുക. തുണിയില് തൊടാനും വസ്തു കണ്ടെത്താനും കുട്ടി ശ്രമിക്കുമ്പോൾ അവരെ ശ്രദ്ധാപൂർവ്വം പിടിക്കുക. കുഞ്ഞിനോട് സംസാരിക്കുക, അവരുടെ പ്രയത്നങ്ങളെ അഭിനന്ദിക്കുക! "കൊള്ളാം കുഞ്ഞേ! സ്പൂൺ തുണിക്കടിയിൽ ആണെന്ന് നിനക്ക് മനസ്സിലായോ?"

## പ്രാധാന്യം വിശദീകരിക്കുന്നു

ഈ പ്രവർത്തനം പ്രധാനമായിരിക്കുന്നത് എന്തുകൊണ്ടാണെന്ന് ഇപ്പോൾ നിങ്ങൾക്ക് അവരോട് പറയാൻ കഴിയും. "ഈ പ്രവർത്തനം കുഞ്ഞിന്റെ മസ്തിഷ്കത്തിന് ഒരു രസകരമായ പസിൽ പോലെയാണ്. നേരിട്ട് കാണാന് കഴിയാത്തപ്പോള് പോലും വസ്തുക്കൾ നിലനിൽക്കുന്നുണ്ടെന്ന് കുഞ്ഞ് മനസ്സിലാക്കാന് തുടങ്ങും അവർ തങ്ങളുടെ സ്പർശനശക്തി, കണ്ണുകൾ, കാതുകള്, എല്ലാം ഉപയോഗിച്ച് മറഞ്ഞിരിക്കുന്ന വസ്തു കണ്ടെത്തും. ഇതെല്ലാം അവരുടെ വൈജ്ഞാനിക കഴിവുകളെ മെച്ചപ്പെടുത്തും!"

## പ്രതീക്ഷകൾ സജ്ജമാക്കൽ

ഈ പ്രവർത്തനം ആവർത്തിച്ച് ചെയ്യാൻ കഴിയുമെന്ന് കുടുംബത്തോട് വിശദീകരിക്കുക, "കുഞ്ഞ് ഉല്ലാസകരമായ മാനസികാവസ്ഥയിലാണെന്ന് നിങ്ങൾ കണ്ടെത്തുമ്പോഴെല്ലാം നിങ്ങൾക്ക് അവരുമായി ഈ പ്രവർത്തനം ചെയ്യാൻ കഴിയും. ഇത് കുഞ്ഞിനും അവരുടെ എല്ലാ പരിചരണദാതാക്കള്ക്കും ഒരു മികച്ച ബോണ്ടിംഗ് പ്രവർത്തനമായിരിക്കും! കഴിയുമെങ്കിൽ എല്ലാ ദിവസവും നിങ്ങള് ഇത് ചെയ്യുക, ഓർക്കുക, അമ്മയ്ക്ക് ഇത് ചെയ്യാൻ കഴിയും, അച്ഛന് കഴിയും, മുത്തച്ഛന് ഇത് ചെയ്യാൻ കഴിയും. എല്ലാവർക്കും ഇത് ചെയ്യാം!

## പേരന്റിംഗ് നുറുങ്ങ് | 6 മിനിറ്റ്

ഇന്നത്തെ പേരന്റിംഗ് നുറുങ്ങിലേക്ക് രക്ഷിതാക്കളുടെ ശ്രദ്ധ ആകർഷിക്കുന്നതിനുള്ള മികച്ച സമയമാണിത്. "ഓരോ തവണയും ഞാൻ കുഞ്ഞുമായി കളിക്കുമ്പോൾ ഞാൻ അവരെ നോക്കി പുഞ്ചിരിക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചോ? ഇത് ചെയ്യുന്നതിലൂടെ, നിങ്ങളോടൊപ്പം ഇടപഴകുമ്പോൾ കുഞ്ഞിന് സംരക്ഷണവും പ്രത്യേകതയും അനുഭവപ്പെടുന്നു. അത് അവരോടുള്ള നിങ്ങളുടെ കരുതലും അവരുടെ ആവശ്യങ്ങളിലുള്ള നിങ്ങളുടെ ശ്രദ്ധയും പ്രകടമാക്കുന്നു! അതിനാൽ എല്ലാ ദിവസവും കുറഞ്ഞത് കുറച്ച് തവണയെങ്കിലും ഇത് ചെയ്യാൻ ഓർമ്മിക്കുക - കുഞ്ഞിനെ പരിചരിക്കുന്നവരെല്ലാം അവരോടുള്ള നിങ്ങളുടെ കരുതല് കാണിച്ചാൽ, കുഞ്ഞ് സുരക്ഷിതമായും ആത്മവിശ്വാസത്തോടെയും വളരും."

## പുനർവിചിന്തനം ചെയ്യുക, ദൃഢീകരിക്കുക, പ്രോത്സാഹിപ്പിക്കുക | 5 മിനിറ്റ്

അടുത്ത സന്ദർശനത്തെക്കുറിച്ച് രക്ഷിതാക്കളെ അറിയിച്ച് ഭവന സന്ദർശനം അവസാനിപ്പിക്കുക.

- **ദൃഢീകരിക്കുക:** "പുതിയ കളിപ്പാട്ടങ്ങളും ഗെയിമുകളുമായി അടുത്ത മാസം കാണാം. നിങ്ങൾ പ്രവർത്തനങ്ങൾ നടത്തുകയും കുഞ്ഞുമായി ദൃഷ്ടിസമ്പർക്കം പുലർത്തുകയും ചെയ്യുന്നുണ്ടെന്ന് ഞാൻ പ്രതീക്ഷിക്കുന്നു."
- **പ്രോത്സാഹിപ്പിക്കുക:** "ഇത്രയും സ്നേഹനിധികളായ പരിചരണദാതാക്കളെ ലഭിച്ചതിൽ കുഞ്ഞ് എത്ര ഭാഗ്യവാനാണ്!

# 6.2 കേന്ദ്രത്തിലെ/ക്രെഷിലെ ശിശുപരിചരണവും ഉത്തേജനവും

ഒരു അങ്കണവാടി-കം-ക്രെഷിലോ സ്റ്റാൻഡ്എലോൺ ക്രെഷിലോ ആകട്ടെ, അവശ്യ ശിശു സംരക്ഷണ സേവനങ്ങൾ ക്രെഷ് പ്രവർത്തകർ നൽകുന്നു, ഇത് നിരവധി സ്ത്രീകളെ തൊഴിൽ മേഖലയിലേക്ക് പ്രവേശിക്കാൻ സഹായിക്കുന്നു, കുടുംബത്തിന്റെ സാമ്പത്തിക സ്ഥിരത വർദ്ധിപ്പിക്കുന്നു, കൂടാതെ കുട്ടികൾക്ക് ആരോഗ്യ സംരക്ഷണത്തിലും വിദ്യാഭ്യാസത്തിലും മികച്ച ഭാവി പ്രവേശനം ഉറപ്പാക്കുകയും ചെയ്യുന്നു. വിശ്വസ്തരായ വ്യക്തികൾ എന്ന നിലയിൽ ഈ കമ്മ്യൂണിറ്റി വർക്കർമാരുടെ സുപ്രധാന പങ്കുകൾ തിരിച്ചറിയുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ഈ ചട്ടക്കൂട് അവരുടെ നിലവിലുള്ള ശ്രമങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള ഒരു വഴികാട്ടിയും കൂട്ടാളിയുമായി വർത്തിക്കുന്നു. ശൈശവാരംഭ ഉത്തേജനത്തിന് ഊന്നല് നല്കുന്നതിനായി പ്രത്യേകം സൃഷ്ടിച്ച ചട്ടക്കൂട്, പരിപാടി അധാരമായുള്ള ഇടപെടലുകൾക്കുള്ള സമഗ്രമായ അടിത്തറയായി വർത്തിക്കുന്നു.

## 6.2.1. കേന്ദ്രത്തിലെ/ക്രെഷിലെ ശിശുപരിപാലനത്തിനും ഉത്തേജനത്തിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

2023-ല് പുറത്തിറക്കിയ പല്നാ സ്കീമിനായുള്ള സ്റ്റാന്ഡേര്ഡ് ഓപ്പറേറ്റിംഗ് നടപടിക്രമത്തില് വിവരിച്ചിരിക്കുന്നതു പോലെ, മൂന്ന് വയസ്സിന് താഴെയുള്ള കുട്ടികളുടെ പരിപാലനത്തിന് ഉത്തരവാദിത്തമുള്ള ഏതൊരു ക്രെഷ് വർക്കറും സ്നേഹപൂർവമായ പരിചരണവും പ്രായത്തിന് അനുയോജ്യമായ വൈജ്ഞാനിക ഉത്തേജനവും നൽകി അവരുടെ പൊതുവായ വികസനത്തെ പിന്തുണയ്ക്കണം. ഉത്തരവുകൾക്ക് അനുസൃതമായി, താഴെപ്പറയുന്ന ജോലികൾ ചെയ്യാൻ ക്രെഷ് വർക്കർമാരെ സഹായിക്കാൻ ചട്ടക്കൂടിന് കഴിയും:



**1. മൂന്ന് വയസ്സിന് താഴെയുള്ള കുട്ടികൾക്കായി ഉത്തേജക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക:** ക്രെഷ് വർക്കർമാർക്ക് അവരുടെ നിരീക്ഷണത്തിലുള്ള കുട്ടികൾക്കായി ഉത്തേജക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ചട്ടക്കൂടിലെ പ്രവർത്തന കലണ്ടർ ഉപയോഗിക്കാം. ഓരോ പ്രവർത്തനത്തിനും ആവശ്യമായ കളി സാമഗ്രികള് കലണ്ടർ പട്ടികപ്പെടുത്തുന്നു, അവ ക്രെഷ് വർക്കർക്ക് വാങ്ങാനോ നിര്മ്മിക്കാനോ കഴിയും.

**2.കുട്ടിയുടെ വളർച്ച നിരീക്ഷിക്കുകയും രക്ഷിതാക്കൾക്ക് കൗൺസിലിംഗ് നൽകുകയും ചെയ്യുക:**ഈ ചട്ടക്കൂടിൽ വികസന നാഴികക്കല്ലുകളുടെ സമഗ്രമായ ശേഖരവും സ്ക്രീനിംഗ് ഷെഡ്യൂളും ഉൾക്കൊള്ളുന്നു. ക്രെഷ് വർക്കർമാർക്ക് സ്ക്രീനിംഗ് ഷെഡ്യൂൾ ഉപയോഗിച്ച് ഓരോരുത്തരുടെയും ട്രാക്ക് സൂക്ഷിക്കാൻ കഴിയും

## 6.2.2 മാതാപിതാക്കൾക്കുള്ള മാർഗ്ഗനിർദ്ദേശം

**1. മാതാപിതാക്കൾക്കും പരിചരിക്കുന്നവർക്കും അനുയോജ്യമായ മാർഗ്ഗനിർദ്ദേശം നൽകുക:** ഓരോ കുട്ടിയുടെയും പ്രായത്തെയും കഴിവുകളെയും അടിസ്ഥാനമാക്കി ഉചിതമായ സെഷൻ പ്ലാൻ പരിശോധിക്കുന്നതിന് അങ്കണവാടി വർക്കർമാർക്കും ആശമാർക്കും പ്രതിമാസ ഉത്തേജന പദ്ധതി പ്രയോജനപ്പെടുത്താം. ഓരോ കുട്ടിയുടെയും പ്രായത്തിനും കഴിവുകൾക്കും അനുസൃതമായി ശ്രദ്ധാപൂർവമായ പരിചരണ രീതികളെയും കളി അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളെയും കുറിച്ച് മാതാപിതാക്കളുമായി ചർച്ചകൾ നടത്തുന്നതിനുള്ള ഒരു റഫറൻസായി അവർക്ക് ഈ ഡോക്യുമെന്റ് ഉപയോഗിക്കാനാകും

**2. കുട്ടിയുടെ വളർച്ച നിരീക്ഷിക്കുകയും രക്ഷിതാക്കൾക്ക് കൗൺസിലിംഗ് നൽകുകയും ചെയ്യുക:** ഈ ചട്ടക്കൂടിൽ വികസന നാഴികക്കല്ലുകളുടെ സമഗ്രമായ ശേഖരവും സ്ക്രീനിംഗ് ഷെഡ്യൂളും ഉൾക്കൊള്ളുന്നു. ഈ ഷെഡ്യൂളിന്റെ സഹായത്തോടെ, കുട്ടിയുടെ വളർച്ച പ്രതീക്ഷിച്ച വേഗതയിൽ നടക്കുന്നുണ്ടോ എന്നും എന്തെങ്കിലും കാലതാമസം ഉണ്ടായാൽ രക്ഷിതാക്കളെ അറിയിക്കുകയോ ശ്രദ്ധയിലെപ്പടുത്തുകയോ ചെയ്യണോ എന്നും AWWS-നും ASHA-കൾക്കും നിർണ്ണയിക്കാനാകും.

**3 . അമ്മമാരുടെ മീറ്റിംഗുകളിലൂടെ സമൂഹത്തിൽ മെച്ചപ്പെട്ട ശിശുപരിചരണത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക :** ആദ്യത്തെ മൂന്ന് വർഷങ്ങളിൽ കുട്ടികളോട് ശ്രദ്ധാപൂർവമായ പരിചരണ സമീപനം എങ്ങനെ സ്വീകരിക്കാമെന്ന് ചട്ടക്കൂട് വിവരിക്കുന്നു. ക്രെഷ് വർക്കർമാർക്ക് രക്ഷിതാക്കളുമായി ഇക്കാര്യം പങ്കുവെക്കാനും ചർച്ച ചെയ്യാനും അവരെ ശ്രദ്ധാപൂർവമായ പരിചരണദാതാക്കളാകാന് സഹായിക്കാനും കഴിയും.



അദ്ധ്യായം 7

# പിന്തുണയേകുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കൽ

# 7.1 കമ്മ്യൂണിറ്റി വർക്കർമാരെ പ്രാപ്തരാക്കലും ശക്തീകരിക്കലും

കുട്ടികളുടെ സംരക്ഷണത്തില് മാതാപിതാക്കളെയും കുടുംബങ്ങളെയും സഹായിക്കുന്നതിലൂടെയോ, അനുബന്ധ ശിശു പരിപാലന സേവനങ്ങൾ നൽകുന്നതിലൂടെയോ അങ്കണവാടി വർക്കർമാർ, അംഗീകൃത സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റുകള് (ASHA), ക്രെഷ് വര്ക്കര്മാര് എന്നിവര് നിർണായക പങ്ക് വഹിക്കുന്നു അതിനാൽ, ഉത്തേജക പ്രവർത്തനങ്ങൾ ശ്രദ്ധയോടെയും കാര്യക്ഷമതയോടെയും നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ, കമ്മ്യൂണിറ്റി പ്രവർത്തകർക്ക് ചിട്ടയായതും അർത്ഥവത്തായതുമായ പരിശീലനം അത്യന്താപേക്ഷിതമാണ്. ആവശ്യമായ അറിവ്, മനോഭാവം, നൈപുണ്യങ്ങൾ എന്നിവവ്യാപനം ചെയ്യാനാവുന്ന നിരവധി ചാനലുകളുണ്ട്. ഇനിവരുന്ന സെക്ഷനിൽ, ഈ മാർഗങ്ങളില് ചിലത് ഞങ്ങൾ പരിശോധിക്കും.

**1.'പോഷണ് ഭി പഠായ് ഭി' എന്നതിന് കീഴിലുള്ള അങ്കണവാടി വർക്കർ പരിശീലനം':** പോഷകാഹാരത്തിന്റെയും ആരോഗ്യത്തിന്റെയും പ്രധാന തലങ്ങള്ക്ക് പുറമെ വിദ്യാഭ്യാസത്തിന്റെയും ഉത്തേജനത്തിന്റെയും മൂല്യം ഉയർത്തിക്കാട്ടുക എന്നതാണ് പോഷണ് ഭി പഠായ് ഭി പ്രോഗ്രാമിന്റെ ഒരു നിർണായക ഘടകം. കുട്ടികളുടെമസ്തിഷ്കവികാസത്തിൽആദ്യത്തെമൂന്ന് വർഷത്തെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നതിനും ഭവന സന്ദർശനങ്ങളിലൂടെയും പരിചരണം നല്കുന്നവര്ക്ക് കൗൺസിലിംഗ് നല്കുന്നതിലൂടെയും കുട്ടികളുടെ ബുദ്ധിപരമായ ഉത്തേജനം പ്രോത്സാഹിപ്പിക്കുന്നതില് അങ്കണവാടി ജീവനക്കാരുടെ പങ്ക് ഉറപ്പിക്കുന്നതിനും ഈ പരിപാടിയുടെ ഭാഗമായി നടത്തുന്ന CDPO, സൂപ്പർവൈസർ, അങ്കണവാടി വർക്കർ പരിശീലനം ഒരു മികച്ച അവസരം നല്കുന്നു.

**2.ഡിജിറ്റൽ, പ്രിന്റ് വിഭവങ്ങളുടെ വിതരണം:** സ്റ്റിമുലേഷൻ ആക്റ്റിവിറ്റി കലണ്ടർ, ശ്രദ്ധാപൂരവമായ പരിചരണം, സെർവ് ആൻഡ് റിട്ടേൺ, ടോക്ക്-പ്ലേ-ലവ്, പോസിറ്റീവ് ഗൈഡൻസ് എന്നിവയെക്കുറിച്ചുള്ള പോസ്റ്ററുകൾ പോലുള്ള മനോഹരമായിരൂപകൽപ്പനചെയ്ത ഡിജിറ്റൽ,പ്രിന്റ് സാമഗ്രികൾകമ്മ്യൂണിറ്റിവര്ക്കര്മാര്ക്ക്അവരുടെ സ്മാർട്ട്ഫോണുകളിൽ റഫർ ചെയ്യാനും അതത് കേന്ദ്രങ്ങളിലോക്രെഷുകളിലോപ്രദർശിപ്പിക്കാനും ലഭ്യമാക്കണം. ലളിതമായ ഭാഷ, ആകർഷകവും സാംസ്കാരികമായി വൈവിധ്യമാർന്നതുമായ ചിത്രീകരണങ്ങള്, ഉപയോഗപ്രദമായ പ്രബോധന രൂപകൽപ്പന എന്നിവ ഉപയോഗിക്കുന്ന വിഭവങ്ങൾ മികച്ച രീതികളുടെ സ്വീകാര്യത വർദ്ധിപ്പിക്കും. ഇനിപ്പറയുന്നവ പോലെയുള്ള വിപുലമായ വിവര, വിദ്യാഭ്യാസ, ആശയവിനിമയ (IEC) സാമഗ്രികളുടെ ഉപയോഗം ECCE ടാസ്ക് ഫോഴ്സ് ശുപാർശ ചെയ്യുന്നു:

a. കുഞ്ഞുങ്ങൾക്കും പിച്ചനടക്കുന്നവര്ക്കുമുള്ള പ്ലേ ആക്റ്റിവിറ്റികളുടെ പ്രകടനം

b. വ്യാഖ്യാനിക്കാനും ചർച്ച ചെയ്യാനും സന്നദ്ധപ്രവർത്തകരുടെ സഹായമുള്ള, സമഗ്ര ശിശു പരിപാലനത്തെക്കുറിച്ചുള്ള പ്രധാന സന്ദേശങ്ങള് ഉൾക്കൊള്ളുന്ന സംവേദനാത്മക സ്വഭാവമുള്ള ചിത്ര പോസ്റ്റർ പ്രദർശനങ്ങൾ

c. പോഷകസമൃദ്ധമായ പ്രാദേശിക പാചകക്കുറിപ്പുകളുടെ പ്രദർശനം

d. സമഗ്ര ശിശു പരിപാലനത്തെക്കുറിച്ചുള്ള വിവരങ്ങളുമായി ബന്ധപ്പെട്ട ക്വിസ്സുകള്

e. പാഴ് വസ്തുക്കളിൽ നിന്നോ വിലകുറഞ്ഞ വസ്തുക്കളിൽ നിന്നോ കളിപ്പാട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള കോർണർ

f. പ്രാദേശിക ഭാഷയില് പ്രധാന സന്ദേശങ്ങള് നല്കുന്ന തെരുവ് നാടകങ്ങള്

g. ഹ്രസ്വചിത്രങ്ങൾ, തുടർന്ന് ചോദ്യോത്തര സെഷനുകൾ

**3. എല്ലാവരെയും ഉള്ക്കൊള്ളുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കല്:** ദിവ്യാംഗ് അല്ലെങ്കിൽ ഭിന്നശേഷി പ്രോട്ടോക്കോളിന്റെ ഭാഗമായ പ്രത്യേക നടപടികളെക്കുറിച്ച് എല്ലാ കമ്മ്യൂണിറ്റി വര്ക്കര്മാര്ക്കും പരിശീലനം നൽകണം. അതോടൊപ്പം, എല്ലാ കമ്മ്യൂണിറ്റി വർക്കർമാരോടും അവരുടെ പശ്ചാത്തലം കണക്കിലെടുക്കാതെ ശ്രദ്ധയോടെയും ബഹുമാനത്തോടെയും പെരുമാറുന്നത്, അവർ ഇടപഴകുന്ന കമ്മ്യൂണിറ്റികളിൽ ഉൾക്കൊള്ളലിന്റെ ചാമ്പ്യൻമാരാകാൻ അവരെ പ്രേരിപ്പിക്കും. DEPWDയുമായുള്ള ഏകീകരണം കുട്ടികളെ സ്ക്രീനിംഗിനും സ്വാവലംബൻ കാർഡിലേക്കുള്ള പ്രവേശനത്തിനും സഹായിക്കും.

**4. പോഷണ് ട്രാക്കർ ആപ്പ് പോലുള്ള ഡിജിറ്റൽ ആപ്പുകള്:** പോഷൻ ട്രാക്കർ ആപ്പ് പോലുള്ള ഡിജിറ്റൽ ആപ്ലിക്കേഷനുകൾ സ്ഥിരവും കാലികവുമായ വിഭവങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ, നിർദ്ദേശങ്ങൾ എന്നിവയിലൂടെ കമ്മ്യൂണിറ്റി വര്ക്കര്മാര്ക്ക് പൂർണ്ണ പിന്തുണ നൽകുന്നതിനുള്ള ഒരു സവിശേഷ അവസരം നല്കുന്നു. പാലൻ 1000 ആപ്പിനായി ആരോഗ്യ മന്ത്രാലയവുമായി സംയോജിപ്പിക്കുന്നത് ഉത്തേജനത്തിന് സഹായിക്കും.

**5.ബജറ്റ്വകയിരുത്തലുകൾ:** സക്ഷംഅങ്കണവാടി, പൽന സ്കീം മാർഗ്ഗനിർദ്ദേശങ്ങൾക്ക് കീഴിൽ ഉത്തേജനത്തിനും കളി സാമഗ്രികൾക്കുമുള്ള

ബജറ്റ് വകയിരുത്തലുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശീയ കളിപ്പാട്ടങ്ങൾ, പ്രായത്തിന് അനുയോജ്യമായ വസ്തുക്കൾ, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ മുതലായവ ഉയർന്ന നിലവാരമുള്ള ശൈശവാരംഭ ഉത്തേജനം നൽകുന്നതിന് കമ്മ്യൂണിറ്റി വർക്കർമാരെ സഹായിക്കും. വിദ്യാഭ്യാസ വികസന പരിപാടികളുമായി ചേർന്ന് ആറു വയസ്സിന് താഴെയുള്ള കുട്ടികളുടെ സർഗാത്മക, സാമൂഹിക, വൈകാരിക, വൈജ്ഞാനിക, ബുദ്ധിപരമായ വികസനം പ്രോത്സാഹിപ്പിക്കുന്നതിന്, ഇന്റർനെറ്റ്/വൈഫൈ കണക്റ്റിവിറ്റി, LED സ്ക്രീനുകള്, വാട്ടര് പ്യൂരിഫയര്/RO മെഷീന് ഇൻസ്റ്റലേഷൻ, സ്മാർട്ട് ലേണിംഗ് എയ്ഡുകൾ, കൂടാതെ, ഓഡിയോ-വിഷ്വൽ എയ്ഡുകൾ, ശിശുസൗഹൃദ പഠന ഉപകരണങ്ങൾ, ആര്ട്ട് വര്ക്കുകള്, (വിദ്യാഭ്യാസ പെയിന്റിംഗ്, കുട്ടികള്ക്കുള്ള പരിശീലന ബോർഡ്, ഇന്ഫര്മേഷന് ബോർഡ്) തുടങ്ങിയവ ഉപയോഗിച്ചുള്ള ശൈശവാരംഭ പരിചരണവും വിദ്യാഭ്യാസവും ഉള്പ്പെടെ മികച്ച അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ കൂടുതല് സേവനങ്ങള് സാക്ഷം അങ്കണവാടി നല്കുന്നു.

**6. സംസ്ഥാന-നിർദ്ദിഷ്ട വ്യവസ്ഥകൾ:** സെക്ഷൻ 1.3-ൽ പരാമർശിച്ചിരിക്കുന്നതുപോലെ, സംസ്ഥാനങ്ങൾ വിപുലമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്, കമ്മ്യൂണിറ്റി വർക്കർമാർക്ക് പിന്തുണ നല്കുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കാനുമാവും

## 7.2 മാതാപിതാക്കളുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്ക്

മാതാപിതാക്കളും അടുത്ത കുടുംബാംഗങ്ങളും മുതൽ അയൽപക്കവും സമൂഹവും വരെ, ഒരു കുട്ടിയുടെ സമഗ്രമായ വികസനം ഉറപ്പാക്കേണ്ടത് അവരുടെ ചുറ്റുമുള്ള മുതിർന്നവരുടെ കൂട്ടായ ഉത്തരവാദിത്തമാണ്. ശക്തമായ സമൂഹബോധത്തോടെയും, അയൽവാസികളുടെ വീടുകളിൽ ഭക്ഷണം കഴിച്ചും കളിച്ചും, സമൂഹത്തിലെ മുതിർന്നവരുടെയെല്ലാം അറിവിനാൽ നയിക്കപ്പെട്ടും കുട്ടികളെ വളർത്തുന്ന ഇന്ത്യ പോലുള്ള ഒരു രാജ്യത്ത്, ഇത് പ്രത്യേകിച്ചും സത്യമാണ്. അതിനാൽ, ഈ പ്രാഥമിക, ദ്വിതീയ പരിതരണദാതാക്കളെല്ലാം തങ്ങളുടെ പങ്കിനെക്കുറിച്ച് ബോധവാന്മാരാകുകയും കുട്ടികളെ പരിപാലിക്കുന്നതിൽ ഉത്തരവാദിത്തത്തോടെ അവരുടെ പങ്ക് വഹിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

മാതാപിതാക്കളുടെ പങ്ക്: ചരിത്രപരമായി, ഇന്ത്യയിലും ആഗോളതലത്തിലും കുട്ടികളെ പരിപാലിക്കാനുള്ള ചുമതല സ്ത്രീകളുടെ ചുമലിലാണ്. പുരുഷ കുടുംബാംഗങ്ങൾ ജോലി ചെയ്യുകയും, കുട്ടിയെ വീടിന് പുറത്തേക്ക് കൊണ്ടുപോകുകയും, മാർക്കറ്റിൽ നിന്ന് കളിപ്പാട്ടങ്ങളും മറ്റ് സാധനങ്ങളും വാങ്ങുകയും ചെയ്യുമ്പോൾ, ഭക്ഷണം കൊടുക്കൽ, കുളിപ്പിക്കല്, കുട്ടിയെ ഉറങ്ങാൻ കിടത്തൽ തുടങ്ങിയ ചുമതലകൾ സ്ത്രീകൾ സാധാരണയായി കൈകാര്യം ചെയ്യുന്നു. എന്നിരുന്നാലും, ഒരു കുട്ടിയുടെ ജീവിതത്തിലെ ആദ്യ വർഷങ്ങൾ ഏറ്റവും സ്വാധീനം ചെലുത്തുന്നവയാണ്, കൂടാതെ, പരിചരണ ജോലികൾ തുല്യമായി പങ്കിടല്, മാതാപിതാക്കളുടെയും കുട്ടികളുടെയും ഇടപെടലുകളിൽ ലിംഗ-നിർദ്ദിഷ്ട സമീപനങ്ങൾക്ക് പ്രാധാന്യം നൽകാതിരിക്കൽ തുടങ്ങിയ ലിംഗ-നിഷ്പക്ഷമായ രക്ഷാകർതൃ പ്രവര്ത്തനങ്ങള് നടപ്പിലാക്കാന് മാതാപിതാക്കൾക്ക് ഇത് ഒരു മികച്ച സമയമാണ്. അത്തരം പ്രവര്ത്തനങ്ങള്, പരിചരണം നല്കുന്ന രണ്ടുപേർക്കും നല്ല പിന്തുണ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും, എല്ലാ ലിംഗത്തിലുള്ള കുട്ടികളും ശാരീരികവും വൈകാരികവുമായ സുരക്ഷിതത്വവും സന്തുലിതാവസ്ഥയും അനുഭവിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യും.

കുടുംബത്തിന്റെ പങ്ക്: മാതാപിതാക്കളെക്കൂടാതെ, മുത്തശ്ശീമുത്തശ്ശന്മാർ, അമ്മായിമാർ, അമ്മാവന്മാർ, സഹോദരങ്ങൾ തുടങ്ങിയ കുടുംബാംഗങ്ങൾ കുട്ടികളെ പരിപാലിക്കുന്നതിൽ ഏറ്റവും നിർണായക പങ്ക് വഹിക്കുന്നു. നിരവധി കുടുംബാംഗങ്ങൾ ഒരു വീട്ടിലോ പരസ്പരം അടുത്തോ ഒരുമിച്ച് താമസിക്കുന്ന സാഹചര്യങ്ങളിൽ, വിപുലമായ കുടുംബാംഗങ്ങൾക്ക് നിരവധി വിധങ്ങളിൽ പിന്തുണ നല്കാന് കഴിയും. പ്രത്യേകിച്ചും, പ്രസവത്തിനു ശേഷമുള്ള മാസങ്ങളിൽ, മാതാപിതാക്കൾ സാധാരണയായി ചെയ്യുന്ന വീട്ടുജോലികൾ ഏറ്റെടുക്കുക, കുട്ടിയുമായി പോസിറ്റീവും രസകരവുമായ ഇടപെടലുകൾ നടത്തുക, ആവശ്യമുള്ളപ്പോൾ ദൈനംദിന ശിശു പരിചരണ ജോലികൾ സുഗമമാക്കുക തുടങ്ങിയവ. വൈവിധ്യമാർന്ന അത്ഭുതകരമായ ബന്ധങ്ങൾ സൃഷ്ടിക്കുന്നതിലൂടെ, ഇത്തരത്തിലുള്ള സഹായം കുട്ടിയുടെ വിജയസാധ്യത വർദ്ധിപ്പിക്കുന്നു; ഇത് മാതാപിതാക്കളുടെ സമ്മർദ്ദം ലഘൂകരിക്കുകയും കുട്ടികളെ നന്നായി പരിപാലിക്കാന് അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

കമ്മ്യൂണിറ്റിയുടെ പങ്ക്: ഒരു കുട്ടിക്ക് ശോഭിക്കാനും വളരാനും കഴിയുന്ന സുരക്ഷിതവും പോസിറ്റീവുമായ അന്തരീക്ഷമാക്കി മാറ്റുന്നതിന് സമൂഹത്തിലെ എല്ലാവർക്കും ഉത്തരവാദിത്തമുണ്ട്. ഗാർഹിക പീഡനം, ലൈംഗിക അതിക്രമം, ലഹരിവസ്തുക്കളുടെ ദുരുപയോഗം തുടങ്ങിയവ പോലുള്ള വീട്ടിലെയും സമൂഹത്തിലെയും പ്രതികൂല ബാല്യകാല അനുഭവങ്ങൾ കുട്ടിയുടെ വൈജ്ഞാനികവും വൈകാരികവുമായ വികാസത്തെ പ്രതികൂലമായി ബാധിക്കുന്നു സ്ത്രീകളുടെ സുരക്ഷയും ശാക്തീകരണവും ഉൾപ്പെടെയുള്ള ലിംഗസമത്വം, വീട്ടിലും

സമൂഹത്തിലും മാതൃകയാക്കുന്നത്, കുട്ടിയുടെ സന്തുലിതവും നീതിയുക്തവുമായ മനോഭാവം വികസിപ്പിക്കുന്നതിന് വളരെ പ്രധാനമാണ്. സ്ത്രീ സാക്ഷരതയും തൊഴിൽ ശക്തി പങ്കാളിത്തവും വർദ്ധിക്കുന്ന വിശാലമായ ദേശീയ പശ്ചാത്തലം ഈ പ്രവണതയ്ക്ക് കാരണമാകുന്നു. സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും കുട്ടിയെയും അവരുടെ പരിചരണദാതാവിനെയും സൂക്ഷ്മമായി നിരീക്ഷിക്കാനും സാധ്യമായ എല്ലാവിധത്തിലും അവരെ പിന്തുണയ്ക്കാനും കഴിയും. ചെറിയ കുട്ടികള്ക്ക് പരസ്പരം ഒത്തുചേരാനും കളിക്കാനുമുള്ള ഇടങ്ങള് സമൂഹത്തിന് നിര്ണയിക്കാന് കഴിയും. കുട്ടികള്ക്ക് സുരക്ഷിതമായ സാമൂഹിക ഇടപെടലിനുള്ള അവസരം നല്കുന്നതിനു പുറമെ, അത്തരം ഇടങ്ങള് കുട്ടികളെ പരിചിരിക്കുന്നവര് തമ്മില് ആശയങ്ങളും പ്രവര്ത്തനങ്ങളും കൈമാറാനും സഹായിക്കും. സെലിബ്രിറ്റി പ്രചാരകർ, ഡിജിറ്റൽ, അച്ചടി, റേഡിയോ, ഓഡിയോ വിഷ്വൽ സാമഗ്രികൾ, മത്സരങ്ങൾ, മുദ്രാവാക്യങ്ങൾ, ജിംഗിൾസ്, സംഗീതം മുതലായവ ഉപയോഗിച്ച് രാജ്യവ്യാപകമായി വ്യാപകമായ ബഹുജന മാധ്യമ പ്രചാരണ പരിപാടികള് നടത്തണം.

# 7.3 നൂതനാശയങ്ങൾക്കായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ

ഇന്ത്യയിൽ ഡിജിറ്റൽ കണക്റ്റിവിറ്റിയിലും സാങ്കേതിക ഉണർവിലും ഉയർച്ചയുണ്ടായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, തന്ത്രപരമായ സാങ്കേതിക ഇടപെടലുകളിലൂടെ കുട്ടികളുടെ ശൈശവാരംഭ വികസനത്തിന്റെ ഗുണനിലവാരവും ലഭ്യതയും മെച്ചപ്പെടുത്താന് ഒരു സവിശേഷവും വിലപ്പെട്ടതുമായ അവസരമുണ്ട്. 2023 നവംബറിലെ ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യയുടെ കണക്കനുസരിച്ച് ഇന്ത്യയിൽ 880 ദശലക്ഷത്തിലധികം ഇന്റർനെറ്റ് ഉപയോക്താക്കളുണ്ട്. വ്യാപകമായ ഡിജിറ്റല് കടന്നുകയറ്റവും സാങ്കേതിക സാക്ഷരതയുടെ വളര്ച്ചയും കുട്ടികളില് ശൈശവാരംഭ വികസനത്തിനും ഉത്തേജനത്തിനും സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന് ഉത്തമമായ ഒരു പശ്ചാത്തലം നല്കുന്നു.
സ്വീകരിക്കാവുന്ന ചില ആശയങ്ങൾ താഴെപ്പറയുന്നവയാണ്:




**1.അറിവ് പങ്കിടലിനുള്ള സന്ദേശമയയ്ക്കൽ ആപ്പുകൾ:** ഇന്ത്യയിലെ കുടുംബങ്ങളിൽ ഗണ്യമായ ഒരു വിഭാഗം ആശയവിനിമയത്തിനായി വാട്ട്സ്ആപ്പും മറ്റ് സന്ദേശമയയ്ക്കലും ഉപയോഗിക്കുന്നു. ടെക്സ്റ്റ്, ഇമേജ്, ഓഡിയോ, വിഡിയോ ഫോർമാറ്റുകളില് വിവിധ ഡിജിറ്റല് സാമഗ്രികൾ രാജ്യത്തുടനീളം താരതമ്യേന കുറഞ്ഞ ചെലവില് പങ്കുവെക്കുന്നതിന് സന്ദേശമയയ്ക്കൽപ്ലാറ്റ്ഫോമുകൾഉപയോഗിക്കാന് കഴിയും. ഈ പ്ലാറ്റ്ഫോമുകള് വ്യക്തിഗത ആശയവിനിമയങ്ങള്ക്ക് അവസരമൊരുക്കുന്നു, കുട്ടിയുടെയോ പരിചരണദാതാക്കളുടെയോ ആവശ്യങ്ങൾക്കനുസൃതമായി ടാർഗെറ്റ് ചെയ്ത ആശയവിനിമയം സാധ്യമാക്കുന്നു. മറുവശത്ത്, സമാന അനുഭവങ്ങളിലൂടെ പരസ്പരം പിന്തുണയ്ക്കാൻ കഴിയുന്ന പഠിതാക്കളുടെ സ്വയംപര്യാപ്തമായ ഒരു സമൂഹം സൃഷ്ടിക്കുന്നതിന് വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾപോലുള്ള പ്രവർത്തനങ്ങൾ ഉപയോഗിക്കാം. അതിനാൽ, ഈ തത്സമയ ആശയവിനിമയ പ്ലാറ്റ്ഫോം വിദ്യാഭ്യാസ ഉൾക്കാഴ്ചകളുടെ തടസ്സമില്ലാത്ത കൈമാറ്റത്തിനുള്ള ഒരു വഴിയായി വർത്തിക്കുന്നു, കുട്ടികൾക്ക് സാധ്യമായ ഏറ്റവും മികച്ച പഠനം പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ അറിവും ധാരണയും കൊണ്ട് മാതാപിതാക്കളെ സജ്ജമാക്കുകയും ചെയ്യുന്നു.

**2. അങ്കണവാടി വര്ക്കര്മാര്ക്കുള്ള പോഷണ് ട്രാക്കർ ആപ്പ്**
സംയോജനം അങ്കണവാടി വര്ക്കര്മാരെ ശാക്തീകരിക്കുന്നതിനും വിവര വിതരണം കാര്യക്ഷമമാക്കുന്നതിനും പ്രവർത്തനങ്ങൾ, നാഴികക്കല്ലുകൾ, ചെക്ക്ലിസ്റ്റുകൾ, മറ്റ് വിഭവങ്ങൾ എന്നിവയുടെ സമഗ്രമായ ശേഖരം പോഷൻ ട്രാക്കർ ആപ്പിലേക്ക് സംയോജിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഈ കേന്ദ്രീകൃത ഡിജിറ്റല് ഹബ്ബ് കാര്യക്ഷമമായ ആശയവിനിമയം ഉറപ്പാക്കുകയും കുട്ടികളെ ഫലപ്രദമായി ഉത്തേജിപ്പിക്കുന്നതിനും അവരുടെ വളര്ച്ചയും വികാസവും നിരീക്ഷിക്കുന്നതിനും വളർച്ചയുടെ കാലതാമസങ്ങളും വൈകല്യത്തിന്റെ ആദ്യകാല

ലക്ഷണങ്ങളും കണ്ടെത്തുന്നതിനും ആവശ്യമായ വിഭവങ്ങള് വര്ക്കര്മാര്ക്ക് ലഭ്യമാക്കുകയും ചെയ്യുന്നു.

**3. ഭിന്നശേഷിയുള്ള കുട്ടികള്ക്കായി ഉൾക്കൊള്ളുന്ന സാങ്കേതികവിദ്യ:** ശൈശവാരംഭ സമഗ്ര വികസനം പിന്തുടരുന്നതിൽ, ഭിന്നശേഷിയുള്ള കുട്ടികളുടെ പഠന വിടവുകൾ നികത്താൻ സാങ്കേതികവിദ്യ സഹായിക്കും. യുവ സംഘടനകളും സ്റ്റാർട്ടപ്പുകളും, കാഴ്ചയും കേൾവിയും കുറവുള്ള കുട്ടികള്ക്ക് വേണ്ടി പ്രത്യേകം രൂപകൽപ്പന ചെയ്ത മൾട്ടിസെൻസറി ഉപകരണങ്ങൾകൂടുതലായിവാഗ്ദാനംചെയ്യുന്നു.ഒരു സ്മാർട്ട്ഫോൺ ക്യാമറ, വോയ്സ് റെക്കോർഡറുകൾ, വിവിധ ഡിജിറ്റൽ ആപ്ലിക്കേഷനുകൾ എന്നിവ സംയോജിപ്പിക്കുന്നതിലൂടെ, സെൻസറി ഭിന്നശേഷികൾ കണക്കിലെടുക്കാതെ ലോകത്തെ വ്യാഖ്യാനിക്കാൻ പഠിതാക്കളെ സാങ്കേതികവിദ്യ സഹായിക്കും.

കുട്ടികളുടെ ശൈശവാരംഭ വികസനത്തില് സാങ്കേതികവിദ്യയുടെ സംയോജനം, പഠനാനുഭവങ്ങള് സമ്പുഷ്ടമാക്കുന്നതിനുള്ള വിജയസാധ്യതയുള്ള സമീപനമാര്ഗമാണ്. QR കോഡുകൾ, ആപ്പ് ഇന്റഗ്രേഷനുകൾ, ഉൾക്കൊള്ളുന്ന സാങ്കേതികവിദ്യകൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ് (AI & ML) പോലുള്ള പുതിയ കണ്ടുപിടുത്തങ്ങള് എന്നിവയുടെ ഉപയോഗം ഇന്നത്തെ ഡിജിറ്റല് യാഥാര്ഥ്യവുമായി യോജിക്കുന്നു. ആദ്യ വർഷങ്ങളിൽ കുട്ടികളിൽ മികച്ച പഠനത്തിനും വികാസത്തിനുമുള്ള സാധ്യത ഇത് വർദ്ധിപ്പിക്കുന്നു. അത്തരമൊരു ചിന്താപരമായ സംയോജനത്തിലൂടെ, സാങ്കേതികവിദ്യ എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു ശക്തിയായി മാറുന്നുവെന്ന് നമുക്ക് ഉറപ്പാക്കാൻ കഴിയും, ഓരോ കുട്ടിക്കും അഭിവൃദ്ധി പ്രാപിക്കാൻ അവസരമുള്ള കൂടുതൽ ശാക്തീകരിക്കപ്പെട്ട ഒരു സമൂഹത്തെ പരിപോഷിപ്പിക്കാൻ കഴിയും
ತಂತ್ರಜ್ಞಾನವು ಅಂತರ್ಗತ ಶಕ್ತಿಯಾಗುವುದನ್ನು ನಾವು ಖಚಿತಪಡಿಸಿಕೊಳ್ಳಬಹುದು, ಪ್ರತಿ ಮಗುವಿಗೆ ಅಭಿವೃದ್ಧಿ ಹೊಂದಲು ಅವಕಾಶವಿರುವ ಹೆಚ್ಚು ಸಶಕ್ತ ಸಮಾಜವನ್ನು ಪೋಷಿಸಬಹುದು.

# അനുബന്ധങ്ങൾ



# അനുബന്ധങ്ങൾ

## അനുബന്ധം I: നാഷണൽ എർലി ചൈൽഡ്ഹുഡ് കെയർ ആൻഡ് എഡ്യൂക്കേഷൻ (ECCE) പാഠ്യപദ്ധതിയെക്കുറിച്ചുള്ള ആഭ്യന്തര സമിതി, 2024

വനിതാ-ശിശു വികസന മന്ത്രാലയം, നാഷണൽ എർലി ചൈൽഡ്ഹുഡ് കെയർ ആൻഡ് എഡ്യൂക്കേഷൻ (ECCE)

പാഠ്യപദ്ധതിയെക്കുറിച്ചുള്ള ഇന്റേണൽ സമിതി, 2024

ശൈശവാരംഭ പരിചരണവും വിദ്യാഭ്യാസവും (ECCE) സാർവത്രികമായി ലഭ്യമാക്കുക എന്ന കാഴ്ചപ്പാടോടെ ദേശീയ വിദ്യാഭ്യാസ നയം (NEP) 2020, 3-8 വയസ്സ് വരെയുള്ള കുട്ടികളുടെ പഠനത്തിന്റെ അടിസ്ഥാന ഘട്ടത്തിന് ഒരു പരിഷ്കരിച്ച പാഠ്യപദ്ധതിയുടെ ആവശ്യകത ഊന്നിപ്പറയുന്നു. നാഷണല് കരിക്കുലം ഫ്രെയിംവര്ക്ക് ഫോര് ഫൗണ്ടേഷനല് സ്റ്റേജ് (NCF-FS) 2022-ന് അനുസൃതമായി അങ്കണവാടികളിലെ ECCE-യുടെ മുഴുവന് ചട്ടക്കൂടും ശക്തിപ്പെടുത്താന് ഇത് അവസരം നല്കുന്നു. അങ്കണവാടി കേന്ദ്രങ്ങളിലും (സമൂഹത്തിൽ സ്ഥിതി ചെയ്യുന്നതോ സ്കൂളുകൾക്കൊപ്പം സ്ഥിതി ചെയ്യുന്നതോ), സ്കൂളുകളിലെ (സർക്കാർ അല്ലെങ്കിൽ സ്വകാര്യ) പ്രീ-പ്രൈമറി ക്ലാസുകളിലും, സ്വതന്ത്ര പ്രീ-സ്കൂളുകളിലും കുട്ടികൾ ആദ്യകാല പരിചരണവും വിദ്യാഭ്യാസവും (ECCE) പ്രോഗ്രാമുളില് പങ്കെടുക്കണമെന്ന് നയം ശുപാർശ ചെയ്യുന്നു.

വനിതാ-ശിശു വികസന മന്ത്രാലയം (MWCD) ദേശീയ ECCE പാഠ്യപദ്ധതി ചട്ടക്കൂട് (2013), ECCE-യുടെ ഗുണനിലവാര മാനദണ്ഡങ്ങൾ, പ്രീ-സ്കൂൾ കിറ്റിനായുള്ള ദേശീയ മാതൃക, പ്രായത്തിനനുസരിച്ചുള്ള വർക്ക്ബുക്കുകൾ, കുട്ടികളുടെ വിലയിരുത്തൽ കാർഡുകൾ (2017) എന്നിവ വികസിപ്പിച്ചെടുത്തിട്ടുണ്ട്. എല്ലാ അങ്കണവാടി കേന്ദ്രങ്ങളിലും (AWC) പശ്ചാത്തലവൽക്കരണത്തിനും നടപ്പിലാക്കുന്നതിനുമായി ഈ വിഭവങ്ങൾ എല്ലാ സംസ്ഥാനങ്ങളുമായും/കേന്ദ്രഭരണ പ്രദേശങ്ങളുമായും(UT) പങ്കിട്ടു. വനിതാ ശിശു വികസന മന്ത്രാലയം (MWCD) പുറത്തിറക്കിയ 2013-ലെ ദേശീയ ECCE പാഠ്യപദ്ധതിയെ അടിസ്ഥാനമാക്കി, പല സംസ്ഥാനങ്ങളും/കേന്ദ്രഭരണ പ്രദേശങ്ങളും അവരുടെ വാർഷിക സന്ദർഭോചിത ECCE പാഠ്യപദ്ധതി വികസിപ്പിക്കുകയും അന്തിമരൂപം നൽകുകയും ചെയ്തിട്ടുണ്ട്.

2022 മാർച്ചിൽ വനിതാ ശിശു വികസന മന്ത്രാലയം (MWCD) രൂപീകരിച്ച ആദ്യകാല പരിപാലനവും വിദ്യാഭ്യാസവും (ECCE) ടാസ്ക് ഫോഴ്സിന്റെ ശുപാർശകൾ പ്രകാരം, ദേശീയ വിദ്യാഭ്യാസ നയം (NEP), 2020, നാഷണല് കരിക്കുലം ഫ്രെയിംവര്ക്ക്-ഫൌണ്ടേഷണല് സ്റ്റേജ് (NCF-FS), 2022 എന്നിവയുടെ വെളിച്ചത്തിൽ നിലവിലുള്ള ദേശീയ ആദ്യകാല പരിപാലനവും വിദ്യാഭ്യാസവും (ECCE) പാഠ്യപദ്ധതി ചട്ടക്കൂട് 2013 പുനഃപരിശോധിക്കേണ്ടതുണ്ട്. നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് പബ്ലിക് കോ-ഓപ്പറേഷൻ ആൻഡ് ചൈൽഡ് ഡെവലപ്മെന്റിനെ (NIPCCD) ഈ ചുമതല ഏൽപ്പിച്ചിരിക്കുന്നു.

സമഗ്രമായ ഒരു പാഠ്യപദ്ധതി തയ്യാറാക്കാന് ഒരു ആഭ്യന്തര സമിതി രൂപീകരിച്ചു.

2013-ലെ ദേശീയ ശൈശവാരംഭ പരിപാലനവും വിദ്യാഭ്യാസവും (ECCE) പാഠ്യപദ്ധതിയെ നാഷണല് കരിക്കുലം ഫ്രെയിംവര്ക്ക്-ഫൌണ്ടേഷണല് സ്റ്റേജ് (NCF-FS), സംസ്ഥാന പാഠ്യപദ്ധതി രേഖകളിൽ നിന്നുള്ള മികച്ച രീതികൾ, കുട്ടികളുടെ വികസനത്തെക്കുറിച്ചുള്ള ഏറ്റവും പുതിയ ശാസ്ത്രം, ദിവ്യാംഗ് കുട്ടികളുടെ ആവശ്യങ്ങൾ എന്നിവയുമായി സംയോജിപ്പിച്ചുകൊണ്ട്,

ശൈശവാരംഭ പരിപാലനത്തിനും വിദ്യാഭ്യാസത്തിനും (3-6 വയസ്സ്) ആദ്യകാല ഉത്തേജനത്തിനും (0-3 വയസ്സ്) ഒരു സമഗ്ര പാഠ്യപദ്ധതി തയ്യാറാക്കുക എന്നതാണ് ഈ സമിതിയുടെ ലക്ഷ്യം ഈ പാഠ്യപദ്ധതി സംസ്ഥാനങ്ങളും അങ്കണവാടി ഉദ്യോഗസ്ഥരും പ്രായോഗികമായി നടപ്പാക്കണം.

ഈ പാഠ്യപദ്ധതിയില് ഇനിപ്പറയുന്ന പ്രധാന സവിശേഷതകള് ഉണ്ടായിരിക്കും:

**1. സമ്പൂർണ ശൈശവാരംഭ തുടർച്ച നിറവേറ്റുന്നു:** ജനനം മുതൽ ആറ് വയസ്സ് വരെയുള്ള നിർണായക ഘട്ടങ്ങളെ അഭിസംബോധന ചെയ്യുന്ന ഈ രേഖ ഇന്ത്യയിലെയും അന്താരാഷ്ട്രതലത്തിലെയും ആദ്യകാല പരിപാലനവും വിദ്യാഭ്യാസവും (ECCE) ഗവേഷണവും അധ്യാപന രീതികളും അടിസ്ഥാനമാക്കി അങ്കണവാടി വർക്കർമാർക്കുള്ള സന്ദർഭോചിത ഗൈഡായി വർത്തിക്കും. 0-3 വയസ്സ് പ്രായമുള്ളവർക്കുള്ള പ്രായത്തിനനുയോജ്യമായ, ഉത്തേജക പ്രവർത്തനങ്ങൾക്കും ശ്രദ്ധാപൂർവമായ പരിചരണനിർദ്ദേശങ്ങൾക്കും ഇത് ഊന്നൽ നൽകും. 0-3 വയസ്സിനിടയിലെ ഉത്തേജനം ആദ്യമായി ഉൾക്കൊള്ളുന്നു. 3 മുതല് 6 വയസ്സുവരെയുള്ള കുട്ടികള്ക്ക്, പാഠ്യപദ്ധതിയില് കാര്യക്ഷമത അടിസ്ഥാനമാക്കിയുള്ള പാഠ പദ്ധതികളും പ്രതിമാസ തീമാറ്റിക് സമീപനവും അവതരിപ്പിക്കും.

**2. നാഷണല് കരിക്കുലം ഫ്രെയിംവര്ക്ക്-ഫൌണ്ടേഷണല് സ്റ്റേജുമായി (NCF-FS) യോജിപ്പിച്ചിരിക്കുന്നു:** ആദ്യകാല പരിപാലനവും വിദ്യാഭ്യാസവും (ECCE) പാഠ്യപദ്ധതി പഠനത്തിന്റെ എല്ലാമേഖലകളെയും ഉൾക്കൊള്ളുകയും നാഷണല് കരിക്കുലം ഫ്രെയിംവര്ക്ക്-ഫൌണ്ടേഷണല് സ്റ്റേജില് (NCF-FS) വിവരിച്ചിരിക്കുന്ന ലക്ഷ്യങ്ങളുമായും കഴിവുകളുമായും സുഗമമായി യോജിക്കുകയും ചെയ്യും.

**3. സംസ്ഥാന പാഠ്യപദ്ധതി രേഖകളുമായി യോജിപ്പിച്ചത്:** ഉത്തർപ്രദേശ്, മഹാരാഷ്ട്ര, ഒഡീഷ, മേഘാലയ, ഹരിയാന, മധ്യപ്രദേശ്, ചണ്ഡീഗഡ്, രാജസ്ഥാൻ, ഛത്തീസ്ഗഢ്, ഡൽഹി, പഞ്ചാബ്, കശ്മീർ, നാഗാലാൻഡ്, തമിഴ്നാട്, തെലങ്കാന എന്നിവയുൾപ്പെടെ കുറഞ്ഞത് 15 സംസ്ഥാന പാഠ്യപദ്ധതി രേഖകള് ശ്രദ്ധാപൂർവ്വം പഠിച്ചതിനുശേഷം പ്രതിമാസ ചിന്താവിഷയങ്ങളും ദൈനംദിന ഘടനയും നൈപുണ്യ പുരോഗതിയും പ്രവർത്തന നിർദ്ദേശങ്ങളും ഉൾപ്പെടുത്തും.

**4. ഉത്തേജന പ്രവർത്തനങ്ങൾ:** 0-നും 3 വയസ്സിനും ഇടയില് പ്രായമുള്ള കുട്ടികള്ക്കുള്ള ഉത്തേജക പ്രവര്ത്തനങ്ങള് ഈ പാഠ്യപദ്ധതിയില് വിവരിക്കുകയും, വീട്ടില് പരിചരിക്കുന്നവരെ പഠിപ്പിക്കുന്നതിനും ഉൾപ്പെടുത്തുന്നതിനുമുള്ള ഒരു ശക്തമായ ആശയവിനിമയ പദ്ധതി അങ്കണവാടി അധ്യാപകർക്ക് നൽകുകയും

ചെയ്യും. കുട്ടികളുടെ വളര്ച്ചയെ ഉത്തേജിപ്പിക്കുന്ന നിര്ണായകവും സമഗ്രവും പ്രായത്തിന് അനുയോജ്യവുമായ പ്രവര്ത്തനങ്ങള് വീട്ടില് നടത്താന് ഇത് അവരെ പ്രാപ്തരാക്കും.

**5. ദൈനംദിന ഉപയോഗത്തിനുള്ള പാഠ പദ്ധതികൾ:** 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക്, പാഠ്യപദ്ധതിയിൽ കാര്യക്ഷമത അടിസ്ഥാനമാക്കിയുള്ള വിശദമായ പാഠ പദ്ധതികളും, അങ്കണവാടികൾക്കായി പ്രതിമാസ തീമാറ്റിക് സമീപനവും ഉൾപ്പെടുത്തും, ഇത് ആകർഷകവും സമ്പന്നവുമായ അന്തരീക്ഷം വളർത്തിയെടുക്കും. ദൈനംദിന (4 മണിക്കൂർ ഷെഡ്യൂൾ), പ്രതിവാര (6 ദിവസം), പ്രതിമാസ പാഠ പദ്ധതികളിൽ ഭിന്നശേഷിയുടെയും ലിംഗഭേദത്തിന്റെയും സൂക്ഷ്മതകൾ ഉൾക്കൊള്ളുന്ന പ്രത്യേക പ്രവർത്തനങ്ങൾ, നിർദ്ദേശിക്കപ്പെട്ട കളിപ്പാട്ടങ്ങൾ, അധ്യാപന പഠന സാമഗ്രികൾ, കേന്ദ്രത്തിലെ കുട്ടികളുടെ പ്രായവും ശേഷിയും വൈദഗ്ധ്യവും അനുസരിച്ചുള്ള പ്രവർത്തന വ്യതിയാനങ്ങൾ എന്നിവ വിശദമായി

വിവരിക്കണം. പഠന വേഗത നിരീക്ഷിക്കാനും, പ്രധാനപ്പെട്ട പഠനഫലങ്ങളെ ദൃഢീകരിക്കാനും, ആവർത്തിക്കാനും, അവലോകനം ചെയ്യാനും ആവശ്യമായ സമയവും വഴക്കവും ഉറപ്പാക്കിക്കൊണ്ട് പാഠ പദ്ധതികൾ രൂപകൽപ്പന ചെയ്യണം.

**6. തുടർച്ചയായതും സമഗ്രവുമായ മൂല്യനിര്ണയവും (CCE) ശക്തമായ വിലയിരുത്തലും:** കുട്ടികളുടെ പ്രതിവാര, പ്രതിമാസ, ത്രൈമാസ നിരീക്ഷണത്തിനും വിലയിരുത്തലിനും വേണ്ടിയുള്ള വർക്ക് ഷീറ്റുകളും ചെക്ക് ലിസ്റ്റുകളും അടക്കമുള്ള സമഗ്രമായ ടൂളുകള് പാഠ്യപദ്ധതിയില് പ്രദാനം ചെയ്യും. നിരീക്ഷണവും വിലയിരുത്തലും, നിർദ്ദിഷ്ട കഴിവുകൾക്കും പഠന ഫലങ്ങൾക്കും അനുസൃതമായി ഓരോ കുട്ടിയുടെയും വികാസത്തെയും പഠന പാതയെയും കുറിച്ച് ശ്രദ്ധാപൂർവ്വം മനസ്സിലാക്കാൻ സഹായിക്കുന്നു.

| നാഷണൽ എർലി ചൈൽഡ്ഹുഡ് കെയർ ആൻഡ് എഡ്യൂക്കേഷൻ (ECCE) പാഠ്യപദ്ധതി ചട്ടക്കൂട്, 2024, വനിതാ ശിശു വികസന മന്ത്രാലയത്തിന് (MWCD) അന്തിമരൂപം നൽകുന്നതിനായുള്ള ആഭ്യന്തര സമിതിയുടെ രൂപീകരണം | | |
|---|---|---|
| ക്ര. നം. | പേര് | ഔദ്യോഗിക പദവി |
| 1. | പ്രൊഫ. വെനിത കൗൾ, പ്രൊഫസർ എമെറിറ്റ, അംബേദ്കർ യൂണിവേഴ്സിറ്റി - ഡൽഹി | ചെയർപേഴ്സൺ |
| 2. | ശ്രീമതി. ത്രിപ്തി ഗുർഹ, ജോയിന്റ് സെക്രട്ടറി, വനിതാ ശിശു വികസന മന്ത്രാലയം (MWCD) & ഡയറക്ടർ, നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് പബ്ലിക് കോ-ഓപ്പറേഷൻ ആൻഡ് ചൈൽഡ് ഡെവലപ്മെന്റ് (NIPCCD) | അംഗം |
| 3. | ഡോ. ശുഭ്ര ചാറ്റർജി, വിക്രമശില വിദ്യാഭ്യാസ കേന്ദ്ര ഡയറക്ടർ | അംഗം |
| 4. | ശ്രീമതി സുനിഷ അഹൂജ, വിദ്യാഭ്യാസ സ്പെഷ്യലിസ്റ്റ് | അംഗം |
| 5. | ഡോ.റീതു ചന്ദ്ര, ഡെപ്യൂട്ടി സെക്രട്ടറി (ECCE & FLN പോളിസി), MoE | അംഗം |
| 6. | ഡോ. വിഭാ കൃഷ്ണമൂർത്തി, ഉമ്മീദ് | അംഗം |
| 7. | പ്രൊഫ. സുനിതി സൻവാൾ, പ്രാഥമിക വിദ്യാഭ്യാസ ശിശുവികസന വിഭാഗം, നാഷണൽ കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് (NCERT) | അംഗം |
| 8. | ഡോ. ശോഭന ഗുപ്ത, ഡെപ്യൂട്ടി കമ്മീഷണറും ഇൻ-ചാർജും (ചൈൽഡ് ഹെൽത്ത് & RBSK), ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം (MoHFW) | അംഗം |
| 9. | ശ്രീമതി നമ്യ മഹാജൻ, റോക്കറ്റ് ലേണിംഗിന്റെ സഹസ്ഥാപക | അംഗം |
| 10. | ശ്രീമതി ജ്യോതിക, ഡെപ്യൂട്ടി സെക്രട്ടറി, വനിതാ ശിശു വികസന മന്ത്രാലയം (MWCD) | അംഗം |
| 11. | ഡോ. ഗീത ചോപ്ര, പ്രൊഫസർ, ഇൻസ്റ്റിട്യൂട്ട് ഓഫ് ഹോം ഇക്കണോമിക്സ്, ഡൽഹി സർവകലാശാല | അംഗം |
| 12. | ഡോ. റീത്ത പട്ടായിക്, ജോയിന്റ് ഡയറക്ടർ, നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് പബ്ലിക് കോഓപ്പറേഷൻ ആൻഡ് ചൈൽഡ് ഡെവലപ്മെന്റ് (NIPCCD) | മെമ്പർ സെക്രട്ടറി |

ആഭ്യന്തര സമിതി അംഗങ്ങളുടെ വിലയേറിയ ശുപാർശകളെ അടിസ്ഥാനമാക്കി, രേഖ സമന്വയിപ്പിക്കുന്നതിനായി, NIPCCDയിൽ നിന്നുള്ള ഡോ. റീത്ത പട്ടായിക്, റോക്കറ്റ് ലേണിംഗിൽ നിന്നുള്ള ശ്രീമതി വിഭ അയ്യർ, ശ്രീമതി സഞ്ജന മനക്തല, ശ്രീമതി സുഖ്ന സാവ്നി എന്നിവരടങ്ങുന്ന ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചു.

# അനുബന്ധം II: ഭിന്നശേഷി പരിശോധനാ ഷെഡ്യൂൾ (DSS)

**ദയവായി ശ്രദ്ധിക്കുക: ഭിന്നശേഷി പരിശോധനാ ഷെഡ്യൂൾ (DSS) കുട്ടിക്കാലത്തെ വൈകല്യങ്ങൾ പരിശോധിക്കുന്നതിനുള്ള വിശാലമായ സ്ക്രീനിംഗ് ഉപകരണമാണ്. ഭിന്നശേഷി ഉണ്ടെന്നോ ഭിന്നശേഷി വരാനുള്ള സാധ്യതയുണ്ടെന്നോ സൂചിപ്പിക്കുന്ന 'മുന്നറിയിപ്പ് അടയാളങ്ങൾ' അല്ലെങ്കിൽ 'ആപത് സൂചനകള്' തിരിച്ചറിയുന്നതിനുള്ള പ്രാഥമിക പരിശോധനയ്ക്കായി അങ്കണവാടി വർക്കർമാർ, ക്രെഷ് വർക്കർമാർ അല്ലെങ്കിൽ അംഗീകൃത സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റുകള് (ASHA) എന്നിവർ ഉൾപ്പെടെയുള്ള കമ്മ്യൂണിറ്റി വര്ക്കര്മാര്ക്ക് വൈകല്യ പരിശോധനാ ഷെഡ്യൂൾ (DSS) ഉപയോഗിക്കാം. ഡിഎസ്എസ് ഒരു രോഗനിർണയ പരിശോധനയല്ലാത്തതിനാൽ, ഭിന്നശേഷിയോ രോഗമോ കണ്ടുപിടിക്കാന് ഉദ്ദേശിച്ചുള്ളതല്ല. അതിൽ വിശദമായി പറഞ്ഞിരിക്കുന്ന ഒന്നോ അതിലധികമോ മുന്നറിയിപ്പ് അടയാളങ്ങൾ ഒരു കുട്ടിയില് കാണുന്നുണ്ടെങ്കില് ശരിയായ രോഗനിർണയത്തിനും ഇടപെടലിനുമായി കുട്ടിയെ PHC/CMO/DEIC/റിഹാബിലിറ്റേഷൻ പ്രാക്ടീഷണർമാരുടെ അടുത്തേക്ക് റഫർ ചെയ്യണം.**

**നിർദ്ദേശങ്ങൾ:**

1. ആറ് വയസ്സിന് താഴെയുള്ള എല്ലാ കുട്ടികൾക്കും ഉപയോഗിക്കാൻ എളുപ്പമുള്ള ഈ ചെക്ക് ലിസ്റ്റ് അംഗൻവാടി വർക്കറിന് (AWW) നൽകാനാകും

2. വികസനത്തിലെ കാലതാമസത്തിന്റെയോ വ്യതിചലനത്തിന്റെയോ പ്രാരംഭ മുന്നറിയിപ്പ് അടയാളങ്ങൾ തിരിച്ചറിയുക എന്നതാണ് ഈ ചെക്ക് ലിസ്റ്റിന്റെ ലക്ഷ്യം

3. കമ്മ്യൂണിറ്റി വർക്കർ പരിശോധിക്കുന്ന കുട്ടി ഏതെങ്കിലും 'മുന്നറിയിപ്പ് അടയാളങ്ങൾ'/ഭിന്നശേഷിയുടെ പ്രാരംഭ ലക്ഷണങ്ങൾ/ വികസനത്തിലെ ആപത് സൂചനകള് എന്നിവ കാണിക്കുന്നുവെങ്കിൽ, ദിവ്യാംഗ് പ്രോട്ടോക്കോൾ അനുസരിച്ച് റഫറലിന് വേണ്ടിയുള്ള നടപടികള് പാലിക്കണം.

4. ഈ കുട്ടിയുടെ കുടുംബവുമായി അംഗൻവാടി വർക്കര് (AWW) സമ്പർക്കം പുലർത്തുകയും മാതാപിതാക്കൾ സ്വീകരിച്ച നടപടികൾ പിന്തുടരുകയും വേണം.

**കുട്ടിയെക്കുറിച്ചുള്ള വിവരങ്ങൾ**

1. കുട്ടിയുടെ പേര്:
2. അമ്മയുടെ പേര്:
3. അച്ഛന്റെ പേര്:
4. വിലാസം:
5. കുട്ടിയുടെ ലിംഗപദവി:
   a. ആൺകുട്ടി
   b. പെൺകുട്ടി
6. ജനനത്തീയതി:
7. കുട്ടിയുടെ പ്രായം:
   a. 0-3 മാസം
   b. 3-6 മാസം
   c. 6-12 മാസം
   d. 1-2 വയസ്സ്
   e. 2-3 വയസ്സ്
   f. 3-4 വയസ്സ്
   g. 4-5 വയസ്സ്
   h. 5-6 വയസ്സ്

## പാർട്ട് A: ദയവായി താഴെ പറയുന്നവ രക്ഷിതാവിൽ നിന്ന് ചോദിച്ചറിയുക/ കുട്ടിയിൽ നിരീക്ഷിക്കുക, പ്രതികരണം പൂരിപ്പിക്കുക

| ക്ര. നം. | ചോദ്യം | അതെ/ ഇല്ല | അഭിപ്രായങ്ങൾ |
|---|---|---|---|
| 1. | ഗർഭകാലത്ത് നിങ്ങൾക്ക് എന്തെങ്കിലും സങ്കീർണതകൾ അനുഭവപ്പെട്ടിരുന്നോ? ഉദാഹരണത്തിന്, ഉയർന്ന രക്തസമ്മർദ്ദം, പ്രമേഹം, വിളർച്ച, അല്ലെങ്കിൽ അഞ്ചാംപനി, മുണ്ടിനീര്, റുബെല്ല പോലുള്ള രോഗങ്ങൾ? | | ഈ ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനുള്ള ഉത്തരം അതെ എന്നാണെങ്കിൽ, ഭിന്നശേഷി ഉണ്ടാകാനുള്ള സാധ്യതയുള്ളതിനാൽ കുട്ടിയെ ശ്രദ്ധാപൂർവ്വം നിരീക്ഷിക്കണം. |
| 2. | പ്രസവ വേളയിൽ ഇനിപ്പറയുന്ന ഏതെങ്കിലും സങ്കീർണതകൾ നിങ്ങൾക്ക് അനുഭവപ്പെട്ടിട്ടുണ്ടോ? ഉദാഹരണത്തിന്: വളരെ ദൈർഘ്യമേറിയ പ്രസവം, ശസ്ത്രക്രിയ, ഫോഴ്സെപ്സ് ഡെലിവറി, മാസം തികയാതെയുള്ള പ്രസവം, കുറഞ്ഞ ഭാരത്തോടെയാണ് കുഞ്ഞ് ജനിച്ചത് | | |
| 3. | കുഞ്ഞിന് ജനനസമയത്തോ അതിനു തൊട്ടുപിന്നാലെയോ എന്തെങ്കിലും പ്രശ്നങ്ങളുണ്ടായിരുന്നോ?<br><br>ഉദാഹരണത്തിന്, കാലതാമസമുള്ള ജനന കരച്ചിൽ, മഞ്ഞപ്പിത്തം, നീലനിറം, അല്ലെങ്കിൽ കടുത്ത പനി. | | |
| 4. | ജനനസമയത്ത് കുട്ടിയുടെ നിറം അസാധാരണമായിരുന്നോ? (നീല / മഞ്ഞ / വിളറിയ) | | |
| 5. | അമ്മയുടെ മുലയൂട്ടൽ സമയത്ത് മുലകുടിക്കല് അല്ലെങ്കിൽ വിഴുങ്ങൽ പോലുള്ള ഭക്ഷണ ബുദ്ധിമുട്ടുകൾ കുട്ടിക്ക് ഉണ്ടായിരുന്നോ? | | |
| 6. | ജനനം മുതൽ കുട്ടിക്ക് ഫിറ്റ്സ് ഉണ്ടാകുകയോ ബോധം നഷ്ടപ്പെടുകയോ ചെയ്തിട്ടുണ്ടോ? | | അതെ എങ്കിൽ, ഇതൊരു ആപത് സൂചന അല്ലെങ്കിൽ മുന്നറിയിപ്പ് അടയാളമാണ്. രോഗനിർണയത്തിനും ചികിത്സയ്ക്കുമായി കുട്ടിയെ റഫർ ചെയ്യുക. |
| 7. | കുട്ടിയുടെ കണ്ണുകൾ ഇടയ്ക്കിടെ ചുവപ്പാകുകയോ വെള്ളം വരികയോ ചെയ്യാറുണ്ടോ? | | അതെ എങ്കിൽ, ഇതൊരു ആപത് സൂചന അല്ലെങ്കിൽ മുന്നറിയിപ്പ് അടയാളമാണ്. രോഗനിർണയത്തിനും ചികിത്സയ്ക്കുമായി കുട്ടിയെ റഫർ ചെയ്യുക. |
| 8. | കുട്ടിയുടെ ചെവിയിൽ നിന്ന് പഴുപ്പോ വെള്ളമോ ഇടയ്ക്കിടെ വരാറുണ്ടോ? | | അതെ എങ്കിൽ, ഇതൊരു ആപത് സൂചന അല്ലെങ്കിൽ മുന്നറിയിപ്പ് അടയാളമാണ്. രോഗനിർണയത്തിനും ചികിത്സയ്ക്കുമായി കുട്ടിയെ റഫർ ചെയ്യുക. |

| ക്ര. നം. | ചോദ്യം | അതെ/ ഇല്ല | അഭിപ്രായങ്ങൾ |
|---|---|---|---|
| 9. | ചെവി വേദനയെക്കുറിച്ചോ തലവേദനയെക്കുറിച്ചോ കുട്ടി പതിവായി പരാതിപ്പെടാറുണ്ടോ? ഉണ്ടെങ്കിൽ, ഇത് ഒരു ആപത് സൂചന അല്ലെങ്കിൽ മുന്നറിയിപ്പ് അടയാളമാണ്. രോഗനിർണയത്തിനും ചികിത്സയ്ക്കുമായി കുട്ടിയെ റഫർ ചെയ്യുക. | | അതെ എങ്കിൽ, ഇതൊരു ആപത് സൂചന അല്ലെങ്കിൽ മുന്നറിയിപ്പ് അടയാളമാണ്. രോഗനിർണയത്തിനും ചികിത്സയ്ക്കുമായി കുട്ടിയെ റഫർ ചെയ്യുക. |
| 10. | കുട്ടിയുടെ ശരീരഭാഗങ്ങൾ നഷ്ടപ്പെട്ടതോ വികലമായതോ ആണോ? | | അതെ എങ്കിൽ, ഇതൊരു ആപത് സൂചന അല്ലെങ്കിൽ മുന്നറിയിപ്പ് അടയാളമാണ്. രോഗനിർണയത്തിനും ചികിത്സയ്ക്കുമായി കുട്ടിയെ റഫർ ചെയ്യുക. |
| 11. | സമാന പ്രായത്തിലുള്ള മറ്റ് കുട്ടികളുമായി താരതമ്യപ്പെടുത്തുമ്പോൾ കുട്ടി തീരെ ചെറുതോ തീരെ ദുർബലനോ ആണോ? | | അതെ എങ്കിൽ, ഇതൊരു ആപത് സൂചന അല്ലെങ്കിൽ മുന്നറിയിപ്പ് അടയാളമാണ്. രോഗനിർണയത്തിനും ചികിത്സയ്ക്കുമായി കുട്ടിയെ റഫർ ചെയ്യുക. |
| 12. | കുട്ടിയുടെ ശരീര ചലനങ്ങൾ ഏകോപനമില്ലാത്തതോ വേച്ചുവേച്ചുള്ളതാണോ,അതോനടക്കുമ്പോൾ കുട്ടിക്ക് ബാലൻസ് കുറവുണ്ടോ? | | അതെ എങ്കിൽ, ഇതൊരു ആപത് സൂചന അല്ലെങ്കിൽ മുന്നറിയിപ്പ് അടയാളമാണ്. രോഗനിർണയത്തിനും ചികിത്സയ്ക്കുമായി കുട്ടിയെ റഫർ ചെയ്യുക. |
| 13. | കുട്ടി മുടന്തിയാണോ നടക്കുന്നത്? | | അതെ എങ്കിൽ, ഇതൊരു ആപത് സൂചന അല്ലെങ്കിൽ മുന്നറിയിപ്പ് അടയാളമാണ്. രോഗനിർണയത്തിനും ചികിത്സയ്ക്കുമായി കുട്ടിയെ റഫർ ചെയ്യുക. |
| 14. | കുട്ടിക്ക് നടക്കാൻ കഴിയുന്നില്ലേ, അതോ മറ്റ് കുട്ടികളേക്കാൾ വളരെ വൈകിയാണോ കുട്ടി നടക്കാൻ തുടങ്ങിയത്? | | അതെ എങ്കിൽ, ഇതൊരു ആപത് സൂചന അല്ലെങ്കിൽ മുന്നറിയിപ്പ് അടയാളമാണ്. രോഗനിർണയത്തിനും ചികിത്സയ്ക്കുമായി കുട്ടിയെ റഫർ ചെയ്യുക. |
| 15. | കുട്ടിയുടെ നട്ടെല്ലിൽ ഒരു മുഴയോ വീക്കമോ ഉണ്ടോ? | | അതെ എങ്കിൽ, ഇതൊരു ആപത് സൂചന അല്ലെങ്കിൽ മുന്നറിയിപ്പ് അടയാളമാണ്. രോഗനിർണയത്തിനും ചികിത്സയ്ക്കുമായി കുട്ടിയെ റഫർ ചെയ്യുക. |
| 16. | കുട്ടിയുടെ കണ്ണുകള് പാളുന്നുണ്ടോ? | | അതെ എങ്കിൽ, ഇതൊരു ആപത് സൂചന അല്ലെങ്കിൽ മുന്നറിയിപ്പ് അടയാളമാണ്. രോഗനിർണയത്തിനും ചികിത്സയ്ക്കുമായി കുട്ടിയെ റഫർ ചെയ്യുക. |

| ക്ര. നം. | ചോദ്യം | അതെ/ ഇല്ല | അഭിപ്രായങ്ങൾ |
|---|---|---|---|
| 17. | കുട്ടിയുടെ കണ്ണുകളുടെ കൃഷ്ണമണികൾ ചാരനിറമാണോ വെളുത്തതാണോ? | | അതെ എങ്കിൽ, ഇതൊരു ആപത് സൂചന അല്ലെങ്കിൽ മുന്നറിയിപ്പ് അടയാളമാണ്. രോഗനിർണയത്തിനും ചികിത്സയ്ക്കുമായി കുട്ടിയെ റഫർ ചെയ്യുക. |
| 18. | നടക്കുമ്പോൾ കുട്ടി പലപ്പോഴും വസ്തുക്കളിൽ ഇടിക്കാറുണ്ടോ, അതോ ഇടയ്ക്കിടെ വീഴാറുണ്ടോ? അവർക്ക്രാത്രിയിൽകാഴ്ചയ്ക്ക് ബുദ്ധിമുട്ടുണ്ടോ? | | അതെ എങ്കിൽ, ഇതൊരു ആപത് സൂചന അല്ലെങ്കിൽ മുന്നറിയിപ്പ് അടയാളമാണ്. രോഗനിർണയത്തിനും ചികിത്സയ്ക്കുമായി കുട്ടിയെ റഫർ ചെയ്യുക. |
| 19. | കുട്ടിയുടെ ചെവികള് രൂപമാറ്റമുള്ളതാണോ അതോ കാണാനില്ലേ? ഉണ്ടെങ്കിൽ, ഇത് ഒരു ആപത് സൂചന അല്ലെങ്കിൽ മുന്നറിയിപ്പ് അടയാളമാണ്. രോഗനിർണയത്തിനും ചികിത്സയ്ക്കുമായി കുട്ടിയെ റഫർ ചെയ്യുക. | | അതെ എങ്കിൽ, ഇതൊരു ആപത് സൂചന അല്ലെങ്കിൽ മുന്നറിയിപ്പ് അടയാളമാണ്. രോഗനിർണയത്തിനും ചികിത്സയ്ക്കുമായി കുട്ടിയെ റഫർ ചെയ്യുക. |
| 20. | കളിപ്പാട്ടം അല്ലെങ്കിൽ പേന പോലുള്ള ഏതെങ്കിലും വസ്തു കുട്ടിയുടെ മുന്നിൽ ഏകദേശം 12-20 ഇഞ്ച് നീക്കുക. അവരുടെ വിഷ്വൽ ഫീൽഡിനുള്ളിൽ അത് നീക്കുക. വസ്തുവിന്റെ ചലനത്തിനനുസരിച്ച് കുട്ടി തല ചലിപ്പിക്കുന്നുണ്ടോ? | | അതെ എങ്കിൽ, ഇതൊരു ആപത് സൂചന അല്ലെങ്കിൽ മുന്നറിയിപ്പ് അടയാളമാണ്. രോഗനിർണയത്തിനും ചികിത്സയ്ക്കുമായി കുട്ടിയെ റഫർ ചെയ്യുക. |
| 21. | കുട്ടിയുടെ ചെവിയിൽ നിന്ന് ഏകദേശം 1-3 അടി അകലെ ഒരു റാറ്റിൽ/ മണി/ പാത്രം എടുക്കുക. കുട്ടി നിങ്ങളുടെ നേരെ നോക്കാതിരിക്കാൻ ശ്രദ്ധിക്കുക. ഇപ്പോള്, ആ വസ്തുവിനെ കുലുക്കി/അടിച്ചുകൊണ്ട് ഒരു ശബ്ദം ഉണ്ടാക്കുക. കുട്ടി ശബ്ദത്തിന്റെ ഉറവിടത്തിലേക്ക് തല തിരിക്കുന്നുണ്ടോ? | | കുട്ടി ശബ്ദത്തിന്റെ ഉറവിടത്തിലേക്ക് തല തിരിക്കുന്നില്ലെങ്കിൽ, ഇത് ഒരു ആപത് സൂചന അല്ലെങ്കിൽ മുന്നറിയിപ്പ് അടയാളമാണ്. രോഗനിർണയത്തിനും ചികിത്സയ്ക്കുമായി കുട്ടിയെ റഫർ ചെയ്യുക. |

## പാർട്ട് ബി: പ്രായത്തിനനുസരിച്ചുള്ള നാഴികക്കല്ലുകൾ

വര്ക്കര് ഒരു കാലതാമസം നിരീക്ഷിക്കുകയോ മാതാപിതാക്കൾ റിപ്പോർട്ട് ചെയ്യുകയോ ചെയ്താൽ, നേരത്തെയുള്ള രോഗനിർണയത്തിനും നേരത്തെയുള്ള ഇടപെടലിനുമായി കുട്ടിയെ ഒരു ആരോഗ്യ കേന്ദ്രത്തിലേക്കോ പുനരധിവാസ കേന്ദ്രത്തിലേക്കോ റഫർ ചെയ്യണം

| ക്ര. നം. | ചോദ്യം | അതെ/ ഇല്ല | അഭിപ്രായങ്ങൾ |
|---|---|---|---|
| 1. | 6 മാസമാകുമ്പോഴേക്ക് വലിയ പുഞ്ചിരിയോ മറ്റു ഊഷ്മളമായ | സന്തോഷപ്രകടനങ്ങളോ ഇല്ല | |
| 2. | സ്വന്തം കഴുത്തിനെ പിന്തുണയ്ക്കുന്നു | | |
| 3. | വയറിൽ നിന്ന് പിന്നിലേക്കും തിരികെ വയറിലേക്കും തിരിയുന്നു | 7-8 മാസം ആകുമ്പോഴേക്കും | |
| 4. | പിന്തുണയില്ലാതെ ഇരിക്കുന്നു | പിന്തുണയില്ലാതെ ഇരിക്കുന്നു9 മാസം ആകുമ്പോഴേക്കും | |
| 5. | ശബ്ദങ്ങൾ, പുഞ്ചിരി അല്ലെങ്കിൽ മറ്റ് മുഖഭാവങ്ങൾ ഉപയോഗിച്ച് അങ്ങോട്ടും ഇങ്ങോട്ടും പ്രതികരണങ്ങൾ നൽകുന്നു | | |
| 6. | 'ബ ബാ' 'മാ മാ' 'ഡാ ഡാ' പോലെയുള്ള ബാബ്ലിംഗ് ശബ്ദങ്ങൾ ഉണ്ടാക്കുന്നു | 12 മാസം ആകുമ്പോഴേക്കും | |
| 7. | 12 മാസം ആകുമ്പോഴേക്കും സ്വന്തം പേരിനോട് പ്രതികരിക്കുന്നു | | |
| 8. | ചൂണ്ടിക്കാണിക്കുക, കാണിക്കുക, എത്തുക അല്ലെങ്കിൽ കൈ വീശുക തുടങ്ങിയ ആംഗ്യങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും ചെയ്യുന്നു | | |
| 9. | കുറച്ച് വാക്കുകൾ സംസാരിക്കുന്നു | 16 മാസം ആകുമ്പോഴേക്കും | |
| 10. | പിന്തുണയില്ലാതെ നടക്കുന്നു | 18 മാസം ആകുമ്പോഴേക്കും | |
| 11. | 'ഇവിടെ വരൂ' അല്ലെങ്കിൽ 'എനിക്ക് ഗ്ലാസ് തരൂ' പോലുള്ള എന്തെങ്കിലും ചെയ്യാൻ ആവശ്യപ്പെടുമ്പോൾ നിർദ്ദേശങ്ങൾ പാലിക്കുന്നു | 18 മാസം ആകുമ്പോഴേക്കും | |
| 12. | കുറച്ച് വാക്കുകൾ സംസാരിക്കുന്നു | 24 മാസം ആകുമ്പോഴേക്കും | |
| 13. | സ്വന്തം പേര് പറയാൻ കഴിയും | 3 വയസ്സ് ആകുമ്പോഴേക്കും | |

| ക്രമ. നം. | ചോദ്യം | അതെ/ ഇല്ല | അഭിപ്രായങ്ങൾ |
|---|---|---|---|
| 14. | ടോയ്ലറ്റ് നിയന്ത്രണം നേടുന്നു | 4 വയസ്സ് ആകുമ്പോഴേക്കും | |
| 15. | ലളിതമായ അപകടങ്ങൾ ഒഴിവാക്കുന്നു | 4 വയസ്സ് ആകുമ്പോഴേക്കും | |
| 16. | തനിയെ ഭക്ഷണം കഴിക്കുന്നു | 4 വയസ്സ് ആകുമ്പോഴേക്കും | |
| 17. | ತಾನೆ ಬಟ್ಟೆ ಹಾಕಿಕೊಳ್ಳುತ್ತದೆ | 5 വയസ്സ് ആകുമ്പോഴേക്കും | |

# അനുബന്ധം III: ചുമതലകളും ഉത്തരവാദിത്തങ്ങളും

3 വയസ്സിന് താഴെയുള്ള കുട്ടികളുമായി ഇടപെടുന്ന അങ്കണവാടി സംവിധാനം, ആശാ വര്ക്കർമാർ, ക്രെഷ് വര്ക്കർമാർ, മറ്റ് മുൻനിര പ്രവർത്തകർ, രക്ഷിതാക്കൾ, പരിചരണദാതാക്കൾ എന്നിവർക്ക് പിന്തുണ നൽകുന്നതിനാണ് ഈ ഡോക്യുമെന്റ് രൂപകൽപ്പന ചെയ്യിരിക്കുന്നത്.

1. അങ്കണവാടി വർക്കർമാർ, ആശാ വർക്കർമാർ, ക്രെഷ് വർക്കർമാർ എന്നിവർക്കായി:

a.2വയസ്സിന്താഴെയുള്ളകുട്ടികൾക്കായിഷെഡ്യൂൾ ചെയ്ത ഭവന സന്ദർശന വേളയിൽ അങ്കണവാടി, ആശാ വർക്കർമാർക്ക് മാസാടിസ്ഥാനത്തിലുള്ള ഉത്തേജക പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. വളർച്ചാ നിരീക്ഷണ വേളയിൽ, അതായത് ശിശുക്കളുടെ തൂക്കം നോക്കുമ്പോള്, അതുപോലെ തന്നെ അമ്മമാർ അങ്കണവാടി വർക്കറുമായി ടേക്ക് ഹോം റേഷൻ വാങ്ങാന് ഇടപെടുമ്പോൾ അവ കൂടുതലായി കൊണ്ടുപോകാം. അവസാനമായി, വിപുലീകരിച്ച സമയക്രമവും ക്രെഷ് സൗകര്യങ്ങളും നൽകുന്ന സംസ്ഥാനങ്ങളിലെ അങ്കണവാടി കേന്ദ്രങ്ങളിലും ഇവ ഉപയോഗിക്കാൻ കഴിയും.

b. പൽന സ്കീമിന് കീഴിലുള്ള ക്രെഷ് വര്ക്കർമാർക്ക് അവരുടെ പരിചരണത്തിലുള്ള കുട്ടികളോടൊപ്പം പതിവായി ഈ പ്രവർത്തനങ്ങൾ നടത്താം.

c.ആശാവര്ക്കർമാർക്ക്ഈമാസാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ വിനിയോഗിക്കുകയും അവരുടെ കുട്ടിയുടെ വികസന നാഴികക്കല്ലുകളെക്കുറിച്ച് പരിചരണദാതാക്കൾക്ക് അറിവ് വർദ്ധിപ്പിക്കുന്നതിന് ദിവ്യാംഗ് കുട്ടികൾക്ക് സ്ക്രീനിംഗ് ഷെഡ്യൂൾ നൽകുകയും ചെയ്യാം.

d. സ്ക്രീനിംഗും (വികസന കാലതാമസങ്ങളും ഭിന്നശേഷിയുടെ പ്രാരംഭ ലക്ഷണങ്ങളും) റഫറലുകളും പോഷണ് ട്രാക്കർ വഴി ട്രാക്ക് ചെയ്യാവുന്നതാണ്.

2. സൂപ്പർവൈസർമാർക്കായി:

a.ഈ ചട്ടക്കൂടിന്റെ സിദ്ധാന്തപരമായ ഭാഗങ്ങൾ പരിശോധിച്ച് കുട്ടികളുടെ ആദ്യകാല വികസനത്തെ കുറിച്ചും ശ്രദ്ധാപൂര്വ്വമായ പരിചരണത്തെ കുറിച്ചും പൊതുവായ ധാരണ നേടാം.

b.ചട്ടക്കൂടിലെ പ്രതിമാസ പ്രവർത്തനങ്ങൾ സ്വന്തമായി ആക്സസ് ചെയ്യാൻ കഴിയാത്ത അങ്കണവാടി വര്ക്കർമാർക്ക് നൽകാവുന്നതാണ്.

c.പ്രതിമാസപ്രവർത്തനങ്ങളുംദിവ്യാംഗ്സ്ക്രീനിംഗ് ഷെഡ്യൂളുകളും പാലിക്കുന്നുണ്ടോ എന്ന് പിന്തുണാ മേൽനോട്ടത്തിലും അവലോകന യോഗങ്ങളിലും പരിശോധിക്കാൻ കഴിയും. നൽകിയിരിക്കുന്ന പ്രവർത്തനങ്ങൾ പിന്തുടരാൻ അങ്കണവാടി വര്ക്കർമാരെ പ്രോത്സാഹിപ്പിച്ചേക്കാം.

d. പ്രവർത്തന പ്രദർശന സെഷനുകൾ, രക്ഷാകർതൃ മാർഗനിർദേശം, ഉത്തേജനം, ആദ്യകാല വികസനത്തിന്റെ (ECD) പ്രാധാന്യം എന്നിവയെ ചുറ്റിപ്പറ്റി സാമൂഹിക അടിസ്ഥാനത്തിലുള്ള പരിപാടികൾ സംഘടിപ്പിക്കാം.

3. ശിശു വികസന പദ്ധതി ഓഫീസർമാര്ക്കായി (CDPO):

a. ഈ ചട്ടക്കൂടിന്റെ സിദ്ധാന്തപരമായ ഭാഗങ്ങൾ പരിശോധിച്ച് കുട്ടികളുടെ ആദ്യകാല വികസനത്തെ കുറിച്ചും ശ്രദ്ധാപൂര്വ്വമായ പരിചരണത്തെ കുറിച്ചും പൊതുവായ ധാരണ നേടാം.

b.ചട്ടക്കൂടിലെ പ്രതിമാസ പ്രവർത്തനങ്ങൾ സ്വന്തമായി ആക്സസ് ചെയ്യാൻ കഴിയാത്ത സൂപ്പർവൈസർമാര്ക്ക് നൽകാവുന്നതാണ്.

c.പ്രതിമാസ പ്രവർത്തനങ്ങളും ദിവ്യാംഗ് സ്ക്രീനിംഗ് ഷെഡ്യൂളുകളും പാലിക്കുന്നുണ്ടോ എന്ന് പിന്തുണാ മേൽനോട്ടത്തിലും അവലോകന യോഗങ്ങളിലും പരിശോധിക്കാൻ കഴിയും. ഇൻ-സെന്റർ പരിചരണവും ഭവന സന്ദർശന മാർഗ്ഗനിർദ്ദേശവും നല്കുന്നതിന് അങ്കണവാടി വര്ക്കർമാരുമായി (AWW) ആശയവിനിമയം നടത്താനും അവരെ പിന്തുണയ്ക്കാനും സൂപ്പർവൈസർമാരെ പ്രോത്സാഹിപ്പിക്കണം.

d.അങ്കണവാടി വര്ക്കർമാരെ (AWW) പിന്തുണയ്ക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും നഴ്സറി അധ്യാപക പരിശീലന സ്ഥാപനങ്ങൾ, ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സംഘടനകൾ, സ്വകാര്യ ഡേകെയർ സെന്ററുകൾ, ബാൽവതികകൾ, മറ്റ് സർക്കാർ അല്ലെങ്കിൽ സ്വകാര്യ പ്രീ-പ്രൈമറി സ്കൂളുകൾ അല്ലെങ്കിൽ അധ്യാപകർ, താൽപ്പര്യമുള്ളവരും പരിചയസമ്പന്നരുമായ വ്യക്തികൾ, കമ്മ്യൂണിറ്റി ലീഡർമാർതുടങ്ങിയ ബ്ലോക്കിലെ അധികറിസോഴ്സ് പേഴ്സൺമാരെ കണ്ടെത്താം.

4. ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും (DPO) ജില്ലാ ഉദ്യോഗസ്ഥർക്കും:

a.ഈ ചട്ടക്കൂടിന്റെ സിദ്ധാന്തപരമായ ഭാഗങ്ങൾ പരിശോധിച്ച് കുട്ടികളുടെ ആദ്യകാല വികസനത്തെ കുറിച്ചും ശ്രദ്ധാപൂര്വ്വമായ പരിചരണത്തെ കുറിച്ചും പൊതുവായ ധാരണ നേടാം.

b.ചട്ടക്കൂടിലെ പ്രതിമാസ പ്രവർത്തനങ്ങൾ സ്വന്തമായി ആക്സസ് ചെയ്യാൻ കഴിയാത്ത ശിശു വികസന പദ്ധതി ഓഫീസർമാർക്ക് (CDPO) നൽകാവുന്നതാണ്.

c.പ്രതിമാസ പ്രവർത്തനങ്ങളും ദിവ്യാംഗ് സ്ക്രീനിംഗ് ഷെഡ്യൂളുകളും പാലിക്കുന്നുണ്ടോ എന്ന് ജില്ലാ പോഷകാഹാര സമിതികളിലടക്കം നടക്കുന്ന അവലോകന യോഗങ്ങളില് പരിശോധിക്കാൻ കഴിയും. ഇൻ-സെന്റർ പരിചരണവും ഭവന സന്ദർശന മാർഗ്ഗനിർദ്ദേശവും നല്കുന്നതിന് അങ്കണവാടി വർക്കർമാരുമായി (AWW) ആശയവിനിമയം നടത്താനും അവരെ പിന്തുണയ്ക്കാനും ശിശു വികസന പദ്ധതി ഓഫീസർമാരെ (CDPO) പ്രോത്സാഹിപ്പിക്കാം.

d.അങ്കണവാടി വർക്കർമാരെ (AWW) പിന്തുണയ്ക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങള് (DIET), നഴ്സറി ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിട്യൂട്ടുകൾ, ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നസ്ഥാപനങ്ങൾസ്വകാര്യഡേകെയർ സെന്ററുകൾ, ബാൽവതികകൾ, മറ്റ് സർക്കാർ അല്ലെങ്കിൽ സ്വകാര്യ പ്രീ-പ്രൈമറി സ്കൂളുകൾ അല്ലെങ്കിൽ അധ്യാപകർ, താൽപ്പര്യമുള്ളവരും പരിചയസമ്പന്നരുമായ വ്യക്തികൾ, കമ്മ്യൂണിറ്റി ലീഡർമാർ തുടങ്ങിയ ജില്ലയിലെ അധിക റിസോഴ്സ് പേഴ്സണുകളെ കണ്ടെത്താം.

5.സംസ്ഥാന വനിതാ ശിശു വികസനം (WCD) അല്ലെങ്കിൽ സാമൂഹിക നീതി വകുപ്പുകൾക്ക്:

a.അങ്കണവാടി സംവിധാനത്തിനും ക്രെഷ് പ്രവർത്തകർക്കും നൽകേണ്ട സംസ്ഥാനതല ചട്ടക്കൂടുകൾക്കുള്ള ഒരു മാതൃകയായി ഈ മുഴുവൻ രേഖയെയും പരിഗണിക്കാം.

b.പ്രാദേശിക സംസ്കാരം, പാരമ്പര്യം, നാടോടി കഥകൾ, കഥകൾ, കളികൾ, തദ്ദേശീയ കളിപ്പാട്ടങ്ങൾ മുതലായവയ്ക്ക് അനുസൃതമായി വിശദമായ പ്രതിമാസ പതിപ്പ് സംസ്ഥാനത്തിന് ഇഷ്ടാനുസൃതമാക്കാം.

c.ഇഷ്ടാനുസൃതമാക്കിയതും വിവർത്തനം ചെയ്തതുമായ സാമഗ്രികൾ ഓരോ അങ്കണവാടി സെന്ററിലും ജില്ലാ പ്രോഗ്രാം ഓഫീസർമാർ (DPO), ശിശു വികസന പദ്ധതി ഓഫീസർമാർ (CDPO), സൂപ്പർവൈസർമാർ എന്നിവരിലൂടെ പ്രിന്റ് ചെയ്ത് നൽകാം.

d.പ്രതിമാസ പ്രവർത്തനങ്ങളും ദിവ്യാംഗ് സ്ക്രീനിംഗ് ഷെഡ്യൂളുകളും പാലിക്കുന്നുണ്ടോ എന്ന് വാർഷിക പരിപാടി നിർവ്വഹണ പദ്ധതി, മിഷൻപോഷൺ2.0-യുടെത്രൈമാസഅവലോകന യോഗങ്ങൾഎന്നിവയുൾപ്പെടെയുള്ള അവലോകന യോഗങ്ങളിൽ പരിശോധിക്കാൻ കഴിയും. ഇൻ-സെന്റർ പരിചരണ മാർഗ്ഗനിർദ്ദേശം നല്കുന്നതിന് സൂപ്പർവൈസർമാരുമായും അങ്കണവാടി വർക്കർമാരുമായും (AWW) ആശയവിനിമയം നടത്താനും അവരെ പിന്തുണയ്ക്കാനും ശിശു വികസന പദ്ധതി ഓഫീസർമാർമാരെ (CDPO) പ്രോത്സാഹിപ്പിക്കാം.

e . പ്രാദേശികവൽക്കരണത്തിന് സഹായിക്കുന്നതിനും അങ്കണവാടി വർക്കർമാർക്ക് (AWW) പരിശീലനം നൽകുന്നതിനും സ്റ്റേറ്റ് കൗൺസിൽ ഓഫ് എജ്യുക്കേഷണൽ റിസർച്ച് ആന്ഡ് ട്രെയിനിംഗ് (SCERT), ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങള് (DIET), സ്കൂൾ വിദ്യാഭ്യാസ വകുപ്പിന്റെ ക്ലസ്റ്റർ റിസോഴ്സ് സെന്ററുകൾ, ഭിന്നശേഷിയുള്ള വ്യക്തികളുടെ ശാക്തീകരണ വകുപ്പിന്റെ (DEPWD) കീഴിലുള്ള ദേശീയ സ്ഥാപനങ്ങൾ, നഴ്സറി ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിട്യൂട്ടുകൾ,ലാഭേച്ഛയില്ലാതെപ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, സ്വകാര്യ ഡേകെയർ സെന്ററുകൾ, ബാൽവതികകൾ, മറ്റ് സർക്കാർ അല്ലെങ്കിൽ സ്വകാര്യ പ്രീ-പ്രൈമറി സ്കൂളുകൾ അല്ലെങ്കിൽ അധ്യാപകർ, താൽപ്പര്യമുള്ളവരും പരിചയസമ്പന്നരുമായ വ്യക്തികൾ, കമ്മ്യൂണിറ്റി ലീഡർമാർ തുടങ്ങിയ സംസ്ഥാനത്തിലെ അധിക റിസോഴ്സ് പേഴ്സണുകളെ കണ്ടെത്തി കൊണ്ടുവരാവുന്നതാണ്.

6.ആരോഗ്യം,ഗോത്രകാര്യം,ഭിന്നശേഷിവകുപ്പുകൾ തുടങ്ങിയവയ്ക്ക്:

a.ആരോഗ്യ വകുപ്പിന് കീഴിലുള്ള ഭിന്നശേഷിയുള്ള കുട്ടികളുടെ റഫറൽ, മെഡിക്കൽ രോഗനിർണയം, ഉൾപ്പെടുത്തൽ (വൈകല്യമുള്ള കുട്ടികൾക്കായി, ക്രോസ് ഡിസെബിലിറ്റി ഏർലി ഇന്റർവെൻഷൻ സെന്ററുകൾ (CDEIC), നാഷണൽ ഇൻസ്റ്റിട്യൂട്ടുകൾ (NI) എന്നിവയുമായുള്ള ബന്ധം, വികലാംഗ വകുപ്പിന് കീഴിലുള്ള സ്വാവ്ലംബൻ കാർഡ്, സഹായ ഉപകരണങ്ങൾ എന്നിവ നൽകൽ) എന്നിവയുടെ സംയോജനത്തിനായി ഈ രേഖ റഫർ ചെയ്യാവുന്നതാണ്.

b.പ്രാദേശികവൽക്കരണത്തിന്സഹായിക്കുന്നതിനും അങ്കണവാടി വർക്കർമാർക്ക് (AWW) പരിശീലനം നൽകുന്നതിനും സ്റ്റേറ്റ് കൗൺസിൽ ഓഫ് എജ്യുക്കേഷണൽ റിസർച്ച് ആന്ഡ് ട്രെയിനിംഗ് (SCERT), ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങള് (DIET), സ്കൂൾ വിദ്യാഭ്യാസ വകുപ്പിന്റെ ക്ലസ്റ്റർ റിസോഴ്സ് സെന്ററുകൾ, ഭിന്നശേഷിയുള്ള വ്യക്തികളുടെ ശാക്തീകരണ വകുപ്പിന്റെ (DEPWD) കീഴിലുള്ള ദേശീയ സ്ഥാപനങ്ങൾ, നഴ്സറി ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിട്യൂട്ടുകൾ, ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, സ്വകാര്യ ഡേകെയർ സെന്ററുകൾ, ബാൽവതികകൾ, മറ്റ് സർക്കാർ അല്ലെങ്കിൽ സ്വകാര്യ പ്രീ-പ്രൈമറി സ്കൂളുകൾ അല്ലെങ്കിൽ അധ്യാപകർ, താൽപ്പര്യമുള്ളവരും പരിചയസമ്പന്നരുമായ വ്യക്തികൾ, കമ്മ്യൂണിറ്റി ലീഡർമാർ തുടങ്ങിയ സംസ്ഥാനത്തിലെ അധിക റിസോഴ്സ് പേഴ്സണുകളെ കണ്ടെത്തി കൊണ്ടുവരാവുന്നതാണ്.

7.മറ്റ് സ്ഥാപനങ്ങളും വ്യക്തികളും:

a. ജനനം മുതൽ മൂന്ന് വയസ്സ് വരെയുള്ള കുട്ടികൾക്കുള്ള സന്ദർഭോചിതമായ ആദ്യകാല വികസനം (ECD) എത്തിക്കുന്നതിലെ മികച്ച രീതികള്ക്കായി ഈ ഡോക്യുമെന്റ് റെഡി റഫറൻസായി ഉപയോഗിക്കാം.

b. ഇന്ത്യയിലെ സാഹചര്യങ്ങള്ക്കു പ്രത്യേകമായി തയ്യാറാക്കിയ ഈ സാമഗ്രി, മറ്റ് അന്താരാഷ്ട്ര സാഹചര്യങ്ങളിലും, പ്രത്യേകിച്ച് ഗ്ലോബൽ സൗത്തില് ഉപയോഗിക്കുന്നതിന് അന്വേഷിക്കുകയും പരിഷ്കരിക്കുകയും ചെയ്യാം.

c.തങ്ങളുടെ കുട്ടികളുമായി എങ്ങനെ ഇടപഴകണം എന്നതിനെക്കുറിച്ചുള്ള ആശയങ്ങൾക്കായി ഗവേഷകർ, നയരൂപകർത്താക്കൾ, ആദ്യകാല അധ്യാപകർ, പാഠ്യപദ്ധതി രൂപകൽപന ചെയ്യുന്നവർ, രക്ഷിതാക്കൾ എന്നിവർക്ക് ഇത് റഫർ ചെയ്യാവുന്നതാണ്.

# നാഴികക്കല്ല് നിമിഷങ്ങൾ

## കുട്ടികൾ അവർ അനുഭവിക്കുന്ന കാര്യങ്ങൾ പഠിക്കുന്നു

നിങ്ങളുടെ കുട്ടി എങ്ങനെ കളിക്കുന്നു, പഠിക്കുന്നു, സംസാരിക്കുന്നു, പ്രവർത്തിക്കുന്നു എന്നിവയെല്ലാം നിങ്ങളുടെ കുട്ടിയുടെ വളർച്ചയെക്കുറിച്ചുള്ള പ്രധാന സൂചനകൾ നൽകുന്നു. ഓരോ പ്രായത്തിലും നിങ്ങളുടെ കുട്ടി എത്തിയ നാഴികക്കല്ലുകൾ പരിശോധിക്കുക.

ഈ നാഴികക്കല്ലുകൾ കൈവരിക്കാൻ കുട്ടിയെ സഹായിക്കുന്നതിന് നിങ്ങൾ എന്തുചെയ്യണമെന്ന് മനസ്സിലാക്കുകയും ചെയ്യുക.

# ആമുഖം

മസ്തിഷ്ക വികസനത്തെക്കുറിച്ചുള്ള ഗവേഷണങ്ങൾ സൂചിപ്പിക്കുന്നത്, ജീവിതത്തിന്റെ ആദ്യ രണ്ട് വർഷങ്ങളിലെ അനുഭവങ്ങൾ നിങ്ങളുടെ കുട്ടിയുടെ ഭാവിയിൽ വലിയ സ്വാധീനം ചെലുത്തുന്നു എന്നാണ്. ഓരോ തവണയും നിങ്ങൾ കളിക്കുമ്പോഴും സംസാരിക്കുമ്പോഴും സ്പർശിക്കുമ്പോഴും നിങ്ങളുടെ കുട്ടിയോട് സ്നേഹപൂർവ്വം പ്രതികരിക്കുമ്പോഴും നിങ്ങൾ കാര്യമായ മാറ്റം വരുത്തിയിട്ടുണ്ട്. ഈ അധ്യായത്തിൽ, വളര്ച്ചയുടെ ഓരോ ഘട്ടത്തിലും കുട്ടികൾ ചെയ്യുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങളും വളര്ച്ചയുടെ ഓരോ ഘട്ടത്തിലും നമ്മുടെ കുട്ടികൾക്ക് പ്രയോജനം ലഭിക്കുന്നതിന് നാം എന്താണ് ചെയ്യേണ്ടതെന്നും നിറഞ്ഞിരിക്കുന്നു. ഇത് എല്ലാ മാതാപിതാക്കളെയും കളി പ്രവർത്തനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ഓർമിപ്പിക്കും.



> "നിങ്ങളുടെ കുട്ടികൾ ബുദ്ധിമാന്മാരാകണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, അവർക്ക് സങ്കല്പ്പകഥകള് വായിച്ചു കൊടുക്കുക. അവർ കൂടുതൽ ബുദ്ധിമാന്മാരാകണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, അവർക്ക് കൂടുതല് സങ്കല്പ്പകഥകള് വായിച്ചു കൊടുക്കുക." - ആൽബർട്ട് ഐൻസ്റ്റീൻ

# ജനനം മുതൽ 2 മുതൽ 3 മാസം വരെ

ഓരോ സന്ദർശനത്തിലും നിങ്ങളുടെ കുട്ടി കൈവരിച്ച നാഴികക്കല്ലുകളെക്കുറിച്ചും അടുത്തതായി എന്താണ് പ്രതീക്ഷിക്കേണ്ടതെന്നും നിങ്ങളുടെ കുട്ടിയുടെ ഡോക്ടറുമായി സംസാരിക്കുക.

## ഈ പ്രായത്തിലുള്ള മിക്ക കുഞ്ഞുങ്ങളും എന്ത് ചെയ്യും?





- 8-12 ഇഞ്ച് അകലെയുള്ള ആളുകളുടെ മുഖം തിരിച്ചറിയാൻ തുടങ്ങുന്നു
- മനുഷ്യ മുഖങ്ങളും കറുപ്പും വെളുപ്പും കോൺട്രാസ്റ്റ് പാറ്റേണുകളും ഇഷ്ടപ്പെടുന്നു
- ചലിക്കുന്ന വസ്തുക്കളെ പിന്തുടരുന്നു
- അമ്മയുടെ ശബ്ദത്തിന് നേരെ ശ്രദ്ധ കേന്ദ്രീകരിക്കുകയും തല തിരിക്കുകയും ചെയ്യുന്നു
- ആളുകളെ നോക്കി പുഞ്ചിരിക്കാൻ തുടങ്ങുന്നു
- ഉച്ചത്തിലുള്ള ശബ്ദങ്ങളിൽ ഞെട്ടുന്നു അല്ലെങ്കിൽ പൊട്ടിക്കരയുന്നു
- സന്തോഷിക്കുമ്പോഴോ ഭക്ഷണം നൽകിയ ശേഷമോ കൂവി, ഗളഗള ശബ്ദങ്ങൾ ഉണ്ടാക്കുന്നു
- കമിഴ്ന്ന് കിടക്കുമ്പോൾ തല ഉയർത്തി പിടിച്ച് മുകളിലേക്ക് തള്ളാൻ തുടങ്ങുന്നു
- കൈകളും കാലുകളും കൊണ്ട് സുഗമമായ ചലനങ്ങള് നടത്തുന്നു
- അയഞ്ഞ പിടി നിലനിർത്തിക്കൊണ്ട് തൂങ്ങിക്കിടക്കുന്ന വസ്തുക്കളിൽ സ്വൈപ്പ് ചെയ്യുന്നു
- പുലമ്പാന് തുടങ്ങുന്നു

## നിങ്ങള് എന്തു ചെയ്യണം?





- കുഞ്ഞിന് ഭക്ഷണം കൊടുക്കുമ്പോഴും, വസ്ത്രം ധരിപ്പിക്കുമ്പോഴും, കുളിപ്പിക്കുമ്പോഴും അവനെ കെട്ടിപ്പിടിക്കുക, സംസാരിക്കുക,
- കളിക്കുക തേങ്ങലുകളോട് ഉടനടി പ്രതികരിക്കുക, കുഞ്ഞിന് സുരക്ഷിതത്വം തോന്നാൻ അവളെ ചേർത്തു പിടിക്കുക
- കളിക്കുക തേങ്ങലുകളോട് ഉടനടി പ്രതികരിക്കുക, കുഞ്ഞിന് സുരക്ഷിതത്വം തോന്നാൻ അവളെ ചേർത്തു പിടിക്കുക
- നിങ്ങളുടെ കുഞ്ഞിനെ സ്വയം ശാന്തനാകാൻ പഠിപ്പിക്കുക,
- നിങ്ങളുടെ കുഞ്ഞിന്റെ വ്യത്യസ്തമായ കരച്ചിൽ ശ്രദ്ധിക്കുക, അതുവഴി അവൾക്ക് എന്താണ് വേണ്ടതെന്ന് അറിയാൻ നിങ്ങൾ പഠിക്കും.
- നിങ്ങളുടെ കുഞ്ഞിനോട് സംസാരിക്കുകയും വായിക്കുകയും പാടുകയും ചെയ്യുക
- കുഞ്ഞ് ഉണരുമ്പോൾ കമഴ്ത്തി കിടത്തി കളിപ്പാട്ടങ്ങൾ അവളുടെ അടുത്ത് വയ്ക്കുക.

## ഈ “മുന്നറിയിപ്പ്”ലക്ഷണങ്ങളിൽ ഒന്ന് കാണുകയാണെങ്കിൽ, ANfvt/AWW/ആരോഗ്യപരിചരണ ദാതാവുമായി ഉടൻ ബന്ധപ്പെടുക.


സാമൂഹിക പുഞ്ചിരി ഇല്ല


ഭക്ഷണം നൽകുമ്പോഴോ കെട്ടിപ്പിടിക്കുമ്പോഴോ സംസാരിക്കുമ്പോഴോ കണ്ണില് നോക്കുന്നില്ല


2 മാസത്തിന് ശേഷം തുടർച്ചയായി കണ്ണുചിമ്മൽ


പെട്ടെന്നുള്ള ഉച്ചത്തിലുള്ള ശബ്ദത്തിന് പ്രതികരണമായി / പേടിച്ച് / ഞെട്ടുകയോ ഉണരുകയോ കരയുകയോ ചെയ്യുന്നില്ല


കൈകളും കാലുകളും മുറുകെപ്പിടിച്ച് തല പുറകോട്ട് തള്ളി


കൈകൾ മുഷ്ടി ചുരുട്ടിയോ തുറന്നോ വച്ചിരിക്കുന്നു, തള്ളവിരലുകൾ കൈപ്പത്തിക്കുള്ളിൽ സ്ഥിരമായി പിടിച്ചിരിക്കുന്നു.

# ജനനം മുതൽ 2-3 മാസം വരെ

## കളിയിലൂടെയും പ്രായത്തിന് അനുയോജ്യമായ കളിപ്പാട്ടങ്ങളിലൂടെയും പഠിക്കല്



പരമ്പരാഗത "ജൂല" അല്ലെങ്കില് "തൂലി" അടിസ്ഥാനപരമായി അമ്മയുടെ കോട്ടണ് സാരിയില് നിന്ന് നിര്മ്മിച്ച U-ആകൃതിയിലുള്ള തുണി കൊണ്ടുള്ള ഒരു ഊഞ്ഞാലാണ്, പരമ്പരാഗതമായി കുഞ്ഞുങ്ങളെ ഉറങ്ങാൻ കിടത്താൻ ഇത് ഉപയോഗിക്കുന്നു, അമ്മയുടെ വയറ്റിൽ അവൾ അനുഭവിച്ച അതേ ഭാവം നൽകുകയും ചെയ്യുന്നു. ഇത് അമ്മയുടെ ഗന്ധം വഹിക്കുന്നു, ഇത് കുട്ടിയെ വിശ്രമിക്കാൻ സഹായിക്കുന്നു.



നിറമുള്ള വസ്തുക്കളെയും രൂപങ്ങളെയും നോക്കുന്നത് ശിശുക്കൾക്ക് ഇഷ്ടമാണ്, 30 സെ.മീ. വരെ മാത്രമേ അവർക്ക് കാണാൻ കഴിയൂ. അതുകൊണ്ട് കളിപ്പാട്ടങ്ങൾ അവരുടെ മുഖത്തിന് അടുത്ത് വയ്ക്കുക. വളർച്ചയുടെ ഈ ഘട്ടത്തിൽ, കുട്ടി അമ്മയുടെ മുഖം തിരിച്ചറിയാൻ തുടങ്ങുന്നു.



മാതാപിതാക്കള് അവരോട് സംസാരിക്കുകയും പാടുകയും വേണം. കുഞ്ഞിന് തിരിച്ചറിയാന് സഹായിക്കുന്ന അമ്മയുടെ യഥാര്ത്ഥ ഗന്ധം മറയ്ക്കുന്നതിനാല്, അമ്മമാര് ഒരു ബോഡി സ്പ്രേയും ഉപയോഗിക്കരുത്. അമ്മയുടെ ഹെയര് സ്റ്റൈല് മാറ്റരുത്, കാരണം ഇത് നവജാതശിശുവിന് തന്റെ പരിമിതമായ കാഴ്ചശക്തി ഉപയോഗിച്ച് അവളെ തിരിച്ചറിയാൻ സഹായിക്കും.



ശബ്ദത്തിന്റെ ഉറവിടം അറിയുന്നതിനും ആസ്വദിക്കുന്നതിനുമായി ഒരു മുഴക്കം, മണി അല്ലെങ്കിൽ ഞരങ്ങുന്ന കളിപ്പാട്ടം കിലുക്കുക.



വിഷ്വൽ ഫിക്സേഷനും ട്രാക്കിംഗും സഹായിക്കുന്നതിനും വസ്തുവിലേക്ക് എത്താൻ പ്രോത്സാഹിപ്പിക്കുന്നതിനും, ഈ ചുവന്ന വളകളോ കറുപ്പും വെളുപ്പും കളിപ്പാട്ടങ്ങളോ ഒരു നൂലിൽ കെട്ടി കുഞ്ഞിന്റെ മുന്നിൽ തൂക്കിയിടാം. ഈ വർണ്ണാഭമായ പിപ്പി അല്ലെങ്കിൽ ധൗൾ വസ്ത്രങ്ങൾ കുട്ടികൾക്ക് കാഴ്ചയിൽ ഉത്തേജനം നൽകുന്നു, കുട്ടിയുടെ മുഖത്ത് നിന്ന് 40-50 cm അകലത്തിൽ കുട്ടിയുടെ സമീപം തൂക്കിയിടാം.

# 4-6 മാസങ്ങളിൽ നിങ്ങളുടെ കുഞ്ഞ്: "സുന്ദരനും"

ഓരോ സന്ദർശനത്തിലും നിങ്ങളുടെ കുട്ടി കൈവരിച്ച നാഴികക്കല്ലുകളെക്കുറിച്ചും അടുത്തതായി എന്താണ് പ്രതീക്ഷിക്കേണ്ടതെന്നും നിങ്ങളുടെ കുട്ടിയുടെ ഡോക്ടറുമായി സംസാരിക്കുക.

## ഈ പ്രായത്തിലുള്ള മിക്ക കുഞ്ഞുങ്ങളും എന്ത് ചെയ്യും?





- ചിരിക്കുന്നതോ നെറ്റി ചുളിക്കുന്നതോ പോലുള്ള ചില ചലനങ്ങളും മുഖഭാവങ്ങളും പകർത്തുക
- കണ്ണാടിയിൽ സ്വയം നോക്കാൻ ഇഷ്ടപ്പെടുന്നു, ഒരു കൈകൊണ്ട് കളിപ്പാട്ടത്തിനായി എത്തുന്നു
- കൈകളും കണ്ണുകളും ഒരുമിച്ചുപയോഗിച്ച് ഒരു കളിപ്പാട്ടത്തിലെത്താനും പിടിക്കാനും ശ്രമിക്കുക
- ഒരു വശത്ത് നിന്ന് മറ്റൊന്നിലേക്ക് കണ്ണുകള് ഉപയോഗിച്ച് ചലിക്കുന്ന വസ്തുക്കളെ പിന്തുടരുക
- നിവർന്നു പിടിക്കുമ്പോൾ, പിന്തുണയില്ലാതെ, തല ഉറച്ച് നിലനിർത്തുക
- ഒരു കളിപ്പാട്ടം പിടിച്ച് കുലുക്കാനും കൈകൾ വായിലേക്ക് കൊണ്ടുവരാനും കഴിയും
- കമിഴ്ന്ന് കിടക്കുമ്പോൾ കൈമുട്ടുകൾ വരെ ഉയർത്തുക
- സ്വതസിദ്ധമായി പുഞ്ചിരിക്കുക, പ്രത്യേകിച്ച് പരിചിതരായ ആളുകളെ നോക്കി
- പരിചിതരായ ആളുകളുമായി കളിക്കാൻ ഇഷ്ടപ്പെടുന്നു, കളിക്കുന്നത് നിർത്തുമ്പോൾ കരഞ്ഞേക്കാം
- Begin to babble (ah; ee, oo, other than when crying), ബാബിള് ചെയ്യാന് തുടങ്ങുക (ആഹ്; ഈ, ഊ, കരയുമ്പോൾ ഒഴികെ), ഉറക്കെ ചിരിക്കുന്നു അല്ലെങ്കിൽ അലറുന്ന ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു
- വാത്സല്യത്തോട് പ്രതികരിക്കുകയും അവൾ സന്തോഷവാനാണോ ദുഃഖിതയാണോ എന്ന് നിങ്ങള്ക്ക് മനസ്സിലാകുകയും ചെയ്യുന്നു

## നിങ്ങള് എന്തു ചെയ്യണം?





- ചേർത്തുപിടിച്ച് കുഞ്ഞിനോട് സംസാരിക്കൂ. നിങ്ങള് അങ്ങനെ ചെയ്യുമ്പോൾ ചിരിച്ചുകൊണ്ട് സന്തോഷത്തോടെയിരിക്കുക, അവളെ ഒരു കണ്ണാടി കാണിച്ചിട്ട് ചോദിക്കൂ, "എവിടെ എന്റെ കുഞ്ഞ്?"
- ഉറങ്ങാനും ഭക്ഷണം നൽകാനും സ്ഥിരമായ ദിനചര്യകൾ ക്രമീകരിക്കുക, ഒളിച്ചേ പാത്തേ പോലുള്ള ഗെയിമുകൾ കളിക്കുക
- അവളെ ചിത്രങ്ങൾ കാണിക്കുകയും വസ്തുക്കൾക്ക് പേരിടുകയും ചെയ്യുക, എന്നാൽ അവളെ അക്ഷരമാല പഠിപ്പിക്കരുത്. അവളോട് കഥകൾ പറയുക.
- കുഞ്ഞുങ്ങൾ പഠിക്കുന്നത് അവരുടെ വീടുകളിലെ വസ്തുക്കളെ അടുത്തറിഞ്ഞുകൊണ്ടാണ്. കുഞ്ഞിന് കൈ നീട്ടി അടുത്തറിയാന് രസകരവും സുരക്ഷിതവുമായ വസ്തുക്കൾ തറയിൽ വയ്ക്കുക.
- കുട്ടികളെ പുറത്തേക്ക് കൊണ്ടുപോയി പുറംലോകവുമായി പരിചയപ്പെടുത്തുക.
- സുഖത്തിനായി കുട്ടികൾ വിരലുകളും തള്ളവിരലും കുടിക്കുന്നു. ഇത് ആശങ്കപ്പെടേണ്ട കാര്യമല്ല. ഈ ചെറുപ്രായത്തിൽ, അവരെ തടയരുത്.
- കുഞ്ഞുമായി ആശയവിനിമയം നടത്തുക. കുഞ്ഞിന്റെ ശബ്ദങ്ങൾ അനുകരിക്കുക, അവൾ നിങ്ങളുടേത് അനുകരിക്കുമ്പോൾ അവളെ പ്രശംസിക്കുക .

## ഈ "മുന്നറിയിപ്പ്" ലക്ഷണങ്ങളിൽ ഒന്ന് കാണുകയാണെങ്കിൽ, ANfvt/AWW/ആരോഗ്യപരിചരണ ദാതാവുമായി ഉടൻ ബന്ധപ്പെടുക.


തലയുടെ നിയന്ത്രണം ഇല്ല


ഞരമ്പുകൾ കാരണം ഇരിക്കാൻ പോലും കഴിയില്ല.


തൊട്ടടുത്തുള്ള കാര്യങ്ങളൊന്നും പിടിച്ചെടുക്കാന് നോക്കുന്നില്ല


വ്യത്യസ്ത ശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ശബ്ദമുണ്ടാക്കുന്നു, ഉദാഹരണത്തിന് 'ആഹ്; '; 'ഓ' ഐ


തലയും കണ്ണുകളും ചലിക്കുന്നില്ല അല്ലെങ്കിൽ


തല ഉയർത്താൻ കഴിയുന്നില്ല

# 4-6 മാസത്തിനുള്ളിൽ നിങ്ങളുടെ കുഞ്ഞ്; "ദി ലുക്കർ"

## കളിയിലൂടെയും പ്രായത്തിന് അനുയോജ്യമായ കളിപ്പാട്ടങ്ങളിലൂടെയും പഠിക്കല്



6 മാസം പ്രായമുള്ള നിങ്ങളുടെ കുട്ടിയ്ക്ക് കിടക്കയുടെ അകത്ത് അറ്റാച്ച് ചെയ്തിരിക്കുന്ന പൊട്ടാത്ത പ്ലാസ്റ്റിക് കണ്ണാടികളോ കൈയിൽ പിടിക്കാവുന്ന കണ്ണാടിയോ നൽകുക.



സുഖകരമായ ശബ്ദങ്ങൾ ഉണ്ടാക്കുന്ന മൃദുവായ പന്തുകള് ഉപയോഗിച്ച് കളിക്കുക.



വീട്ടിൽ തയ്യാറാക്കാവുന്ന ടെക്സ്ചർ ചെയ്ത കളിപ്പാട്ടങ്ങൾ കുട്ടികളെ വിവിധ ടെക്സ്ചറുകളുടെ അനുഭവം മനസ്സിലാക്കാൻ സഹായിക്കും.



കുഞ്ഞുങ്ങൾക്ക് 4 മാസം പ്രായമാകുമ്പോൾ കിലുക്കം കൈകളിൽ പിടിക്കാനും ശബ്ദം ആസ്വദിക്കാനും കഴിയും.



കുട്ടികൾക്ക് ലളിതമായ കാറുകൾ അല്ലെങ്കിൽ ചക്രങ്ങളിലോ റോളറുകളിലോ ഉള്ള മൃഗങ്ങൾ പോലുള്ള ചെറുതും വൃത്താകൃതിയിലുള്ളതുമായ പുഷ് ടോയ് നൽകുക (ഏകദേശം 6 മാസം മുതൽ).

# 7-9 മാസങ്ങളിൽ നിങ്ങളുടെ കുഞ്ഞ്: "സവാരി ആരംഭിക്കും"

ഓരോ സന്ദർശനത്തിലും നിങ്ങളുടെ കുട്ടി കൈവരിച്ച നാഴികക്കല്ലുകളെക്കുറിച്ചും അടുത്തതായി എന്താണ് പ്രതീക്ഷിക്കേണ്ടതെന്നും നിങ്ങളുടെ കുട്ടിയുടെ ഡോക്ടറുമായി സംസാരിക്കുക.

## ഈ പ്രായത്തിലുള്ള മിക്ക കുഞ്ഞുങ്ങളും എന്ത് ചെയ്യും?





- രണ്ട് ദിശകളിലേക്കും ഉരുളുക അല്ലെങ്കിൽ തിരിയുക
- എല്ലാ വിരലുകളും ഉപയോഗിച്ച് ഒരു കളിപ്പാട്ടം പിടിക്കുക
- ശബ്ദത്തിന്റെ ഉറവിടം കണ്ടെത്തുക
- പരിചിതമായ മുഖങ്ങളോ കളിപ്പാട്ടങ്ങളോ ദൃശ്യപരമായി പിന്തുടരാൻ തല തിരിക്കുക
- പ, ബ, മ പോലുള്ള ശബ്ദങ്ങൾ ഉച്ചരിക്കുക,""മാമാമ", "ബാബാബ" എന്നിങ്ങനെ പറയാൻ തുടങ്ങുക
- അവരുടെ മുന്നിൽ ഒളിപ്പിച്ചിരിക്കുന്ന കളിപ്പാട്ടങ്ങൾ തിരയുന്നു
- പേര് വിളിക്കുന്നതിനോട് പ്രതികരിക്കുക
- എടുക്കാൻ കൈകൾ നീട്ടുക
- അപരിചിതരെ ഭയപ്പെടുക
- സാധനങ്ങൾ വായിലിടുക
- ഒരു കൈയിൽ നിന്ന് മറുകൈയിലേക്ക് കാര്യങ്ങൾ സുഗമമായി കൈമാറുക

## നിങ്ങള് എന്തു ചെയ്യണം?





- കുട്ടികൾ സാധനങ്ങൾ ആവർത്തിച്ച് താഴെയിടാനും, ഇടിക്കാനും, എറിയാനും അനുവദിക്കുക.
- കുട്ടി ഉണ്ടാക്കുന്ന ശബ്ദത്തോട് സൗമ്യമായും ക്ഷമയോടെയും പ്രതികരിക്കുക, കളിക്കാനും അടുത്തറിയാനും വൃത്തിയുള്ളതും സുരക്ഷിതവുമായ വീട്ടുപകരണങ്ങൾ നിങ്ങളുടെ കുട്ടിക്ക് നൽകുക.
- ഒളിച്ചേ പാത്തേ, ഒളിച്ചുകളി പോലെയുള്ള ഗെയിമുകൾ കളിക്കുക
- കുട്ടിയുടെ പ്രിയപ്പെട്ട കളിപ്പാട്ടം ഒരു തുണിയുടെയോ പെട്ടിയുടെയോ അടിയിൽ ഒളിപ്പിക്കുക. കുട്ടിക്ക് അത് കണ്ടെത്താൻ കഴിയുമോ എന്ന് നോക്കുക. "എന്റെ ഊഴം, നിന്റെ ഊഴം" എന്ന കളികൾ കളിക്കുക
- പന്തുകൾ മുന്നോട്ടും പിന്നോട്ടും ഉരുട്ടിയും, കളിപ്പാട്ട കാറുകളും ട്രക്കുകളും ഓടിച്ചും, ഒരു കണ്ടെയ്നറിൽ ബ്ലോക്കുകൾ അകത്തേക്കിട്ടും പുറത്തേക്കെടുത്തും കൊണ്ട് കാരണവും-ഫലവും പഠിപ്പിക്കുക.
- നിങ്ങളുടെ കുഞ്ഞിനോട് സംസാരിക്കുകയും വായിക്കുകയും ചെയ്യുക.

## ഈ "മുന്നറിയിപ്പ്"ലക്ഷണങ്ങളിൽ ഒന്ന് കാണുകയാണെങ്കിൽ, ANfvt/AWW/ആരോഗ്യപരിചരണ ദാതാവുമായി ഉടൻ ബന്ധപ്പെടുക.


ഉരുളാൻ കഴിയുന്നില്ല


ഇരിക്കാൻ പിന്തുണ ആവശ്യമാണ്.


(കാഴ്ചയിൽ ഇല്ലാത്ത) ഒരു ശബ്ദത്തിലേക്കും തിരിയുന്നില്ല


പാ..പാ..പാ, മാ.. മാ, ബാ ബാ, തുടങ്ങിയവ ഉച്ചരിക്കുന്നില്ല.


വസ്തുക്കളെ നോക്കുമ്പോൾ ഓരോ തവണയും തല ഒരു വശത്തേക്ക് ചരിക്കുന്നു

# നിങ്ങളുടെ കുഞ്ഞ് 7-9 മാസങ്ങളിൽ: "ദി ക്രൂയിസർ"

## കളിയിലൂടെയും പ്രായത്തിന് അനുയോജ്യമായ കളിപ്പാട്ടങ്ങളിലൂടെയും പഠിക്കല്



ഒളിച്ചേ പാത്തേ ഭാഗികമായി മറഞ്ഞിരിക്കുന്ന വ സ്തു ക്ക ളെ ക്കു റി ച്ച് ധാരണ വികസിപ്പിക്കുന്നു. ഭാഗികമായി മറഞ്ഞിരിക്കുന്ന ഒ രു വ സ്തു വി ലേ ക്ക് കു ഞ്ഞു ങ്ങ ൾ എ ത്തും , ഇത് മു ഴു വ ൻ വ സ്തു വും ഇപ്പോഴും അവിടെ ഉണ്ടെന്ന അറിവിനെ സൂചിപ്പിക്കുന്നു: ഒ രു വ സ്തു പൂ ർ ണ്ണ മാ യും മറഞ്ഞിരിക്കുകയാണെങ്കിൽ, കുഞ്ഞ് അത് വീണ്ടെടുക്കാൻ ആദ്യം ശ്രമിക്കില്ല.



സ്റ്റോ ക്ക് ചെ യ്യാ വു ന്ന വ്യ ത്യ സ്ത വ ലു പ്പ ത്തി ലും ആ കൃ തി യി ലും നി റ ങ്ങ ളി ലു മു ള്ള കളിപ്പാട്ടങ്ങൾ ഉപയോഗിച്ച് നി ങ്ങ ളു ടെ കു ട്ടി യെ കളിക്കാൻ അനുവദിക്കൂ.



ഞെ ക്കു ന്ന തും ഒ ച്ച യു ണ്ടാ ക്കു ന്ന തു മാ യ ക ളി പ്പാ ട്ട ങ്ങ ൾ ഉപയോഗിക്കുക.



അവൾക്ക് ഒരു മോതിരത്തിൽ പരസ്പരം ബന്ധിപ്പിച്ച പ്ലാസ്റ്റിക് ഡിസ്കുകളും, മൌത്തിങ്ങിനും പ ല്ലു ക ടി യ് ക്കും സു ര ക്ഷി ത മാ യ പ്ലാ സ്റ്റി ക് വളയങ്ങളും നല്കുക



ബ്ലോക്കുകളും ആകൃതികളും ഉ പ യോ ഗി ച്ച് ക ളി ക്കാ ൻ കുട്ടിയെപ്രോത്സാഹിപ്പിക്കുക.

# 10-12 മാസങ്ങളിൽ നിങ്ങളുടെ കുഞ്ഞ്: "സാഹസികനാവും "

ഓരോ സന്ദർശനത്തിലും നിങ്ങളുടെ കുട്ടി കൈവരിച്ച നാഴികക്കല്ലുകളെക്കുറിച്ചും അടുത്തതായി എന്താണ് പ്രതീക്ഷിക്കേണ്ടതെന്നും നിങ്ങളുടെ കുട്ടിയുടെ ഡോക്ടറുമായി സംസാരിക്കുക.

## ഈ പ്രായത്തിലുള്ള മിക്ക കുഞ്ഞുങ്ങളും എന്ത് ചെയ്യും?






- പിന്തുണയില്ലാതെ ഇരിക്കുക, വീഴാതെ കളിപ്പാട്ടങ്ങള്ക്കായി എത്തുക
- എടുക്കാൻ കൈകൾ ഉയർത്തുക
- ആവശ്യമുള്ള കളിപ്പാട്ടങ്ങൾ നേടാൻ ഏതെങ്കിലും വസ്തുക്കളെ ഇടിക്കാതെ ഇഴയുക
- ഒരു കൈയിൽ നിന്ന് മറ്റൊന്നിലേക്ക് വസ്തു മാറ്റുക, രണ്ട് വസ്തുക്കള് തമ്മില് അടിക്കുക
- മാതൃഭാഷയിൽ ഒന്നോ രണ്ടോ പൊതുവായ വാക്കുകൾ ഉപയോഗിക്കുക
- "അമ്മ" എന്നും "അച്ഛാ" എന്നും "ഉഹ്-ഓ!" പോലെയുള്ള ആശ്ചര്യവാക്കുകളും പറയുക
- "വേണ്ട; "ഇവിടെ വരൂ" തുടങ്ങിയ ലളിതമായ അഭ്യർത്ഥനകളോട് പ്രതികരിക്കുക.
- അമ്മയോ അച്ഛനോ പോകുമ്പോൾ കരയുക
- അവൾ ഒരു കഥ കേൾക്കാൻ ആഗ്രഹിക്കുമ്പോൾ ഒരു പുസ്തകം കാണിക്കുക അല്ലെങ്കിൽ നിങ്ങള്ക്ക് കൈമാറുക
- തല കുലുക്കുക അല്ലെങ്കിൽ , "ബൈ-ബൈ" കൈവീശുക പോലുള്ള ലളിതമായ ആംഗ്യങ്ങൾ ഉപയോഗിക്കുക
- മറഞ്ഞിരിക്കുന്നസാധനങ്ങൾ എളുപ്പത്തിൽ കണ്ടെത്തുക
- ആംഗ്യങ്ങൾ അനുകരിക്കുക

## നിങ്ങള് എന്തു ചെയ്യണം?





- പിന്തുണ ലഭിക്കുമ്പോൾ നിൽക്കാനും നടക്കാനും പ്രോത്സാഹിപ്പിക്കാൻ ഒരു കളിപ്പാട്ടം കുറച്ച് അകലെ വയ്ക്കുക
- അന്വേഷണം നടത്തുമ്പോള്, കുഞ്ഞുങ്ങൾ അബദ്ധവശാൽ മറ്റുള്ളവരെ വേദനിപ്പിച്ചേക്കാം. സൗമ്യമായി എങ്ങനെ സ്പർശിക്കാമെന്ന് അവരെ കാണിക്കുക. അവരോട് ഒച്ചയിടരുത്.
- നിങ്ങളുടെ കുഞ്ഞു കഥകൾ പറയുകയും ചിത്ര പുസ്തകങ്ങൾ ഉറക്കെ വായിക്കുകയും ചെയ്യുക.
- കുഞ്ഞുങ്ങൾ എല്ലാ കാര്യങ്ങളിലും ജിജ്ഞാസയുള്ളവരാണ്. എന്താണ് കളിക്കേണ്ടതെന്ന് തിരഞ്ഞെടുക്കാൻ അവർ പഠിക്കുകയാണ് അവരുടെ അന്വേഷണത്തിൽ അവരെ സഹായിക്കുക എന്നാൽ അവരുടെ സുരക്ഷ ഉറപ്പാക്കുക.
- മാതാപിതാക്കൾ ചെയ്യുന്നതെന്തെന്ന് നിരീക്ഷിച്ചും അത് അനുകരിക്കാൻ ശ്രമിച്ചും കുഞ്ഞുങ്ങള് പഠിക്കുന്നു. ഇങ്ങനെയാണ് അവർ പഠിക്കുന്നത്.
- കുഞ്ഞുങ്ങൾ അടുത്തതായി എന്ത് സംഭവിക്കുമെന്ന് കാണാൻ വസ്തുക്കൾ താഴെ വീഴ്ത്തുകയും ശബ്ദമുണ്ടാക്കുകയും എറിയുകയും ചെയ്യുന്നു. മാതാപിതാക്കൾ ക്ഷമയോടെ ഇരിക്കണം, അതിനെ തിരയൽകളിയാക്കി മാറ്റണം.
- ചുറ്റുപാടിലെ വസ്തുക്കളെ കാണിക്കുകയും അവയുടെ പേരുകൾ പറയുകയും ചെയ്യുക.

## ഈ "മുന്നറിയിപ്പ്"ലക്ഷണങ്ങളിൽ ഒന്ന് കാണുകയാണെങ്കിൽ, ANfvt/AWW/ആരോഗ്യപരിചരണ ദാതാവുമായി ഉടൻ ബന്ധപ്പെടുക.


വിരലും തള്ളവിരലും ഉപയോഗിച്ച് ചെറിയ വസ്തുക്കൾ എടുക്കാൻ കഴിയില്ല


എടുക്കാനായി കൈകൾ നീട്ടുന്നില്ല



സ്വന്തം പേരിനോട് പ്രതികരിക്കുന്നില്ല


കുട്ടി നിങ്ങൾ ഒളിപ്പിച്ചുവെക്കുന്നതായി കാണുന്ന പകുതി മറച്ചുവെച്ചിരിക്കുന്ന കളിപ്പാട്ടങ്ങൾക്കായി തിരയുന്നില്ല


ഒളിച്ചേ പാത്തേ (ജലക്/ആങ്ക് മിചൌലി) പോലുള്ള സാമൂഹിക ഗെയിമുകൾ കളിക്കുന്നില്ല

# നിങ്ങളുടെ കുഞ്ഞ് 10-12 മാസങ്ങളിൽ; "ദി എക്സ്പ്ലോറർ"

## കളിയിലൂടെയും പ്രായത്തിന് അനുയോജ്യമായ കളിപ്പാട്ടങ്ങളിലൂടെയും പഠിക്കല്



വീട്ടിലെ വസ്തുക്കൾ അന്വേഷിക്കുകയും അടിച്ചുതട്ടിയും കുഞ്ഞുങ്ങൾ കളിക്കുകയും പഠിക്കുകയും ചെയ്യുന്നു മൂർച്ചയുള്ള വസ്തുക്കൾ ഒഴിവാക്കുക.



വിരലുകളുംകൈകളുംകാലുകളും ഉള്ള കളിപ്പാട്ടങ്ങൾ: തുണികൊണ്ട് ഉണ്ടാക്കിയ റാഗ് പാവ പോലെ.



11-12 മാസം പ്രായമുള്ള കുട്ടികൾക്ക് പ്രത്യേകമായി പുഷ് ആൻഡ് പുൾ കളിപ്പാട്ടങ്ങൾ.



ബേബി ബുക്കുകള് അല്ലെങ്കില് തിളക്കമുള്ള ചിത്രങ്ങളുള്ള പഴയ മാസികകൾ (അവരെ അക്ഷരമാല പഠിപ്പിക്കരുത്, പക്ഷേ ചിത്രങ്ങൾ മാത്രം കാണിച്ച് കഥകൾ പറഞ്ഞുകൊടുക്കുക).



കുഞ്ഞുങ്ങൾ വ്യത്യസ്ത നിറങ്ങൾ, ആകൃതികൾ, വലിപ്പം, പ്രതലങ്ങൾ എന്നിവയിലുള്ള കളിപ്പാട്ടങ്ങൾ ഉപയോഗിച്ച് കളിക്കുന്നു, അവ ഉപയോഗിച്ച് അവർ പഠിക്കുകയും അന്വേഷണം നടത്തുകയും ചെയ്യുന്നു. അവർ പലതവണ രണ്ട് കളിപ്പാട്ടങ്ങൾ ഒരുമിച്ച് കൊണ്ടുവരുകയും തുടർന്ന് കളിയുടെ ഭാഗമായി പിന്നീട് അവയെ വേർപെടുത്തുകയും ചെയ്യുന്നു. അവർ ഒരു ടംബ്ലർ മറ്റൊന്നിലേക്ക് ഇടുകയും വലുപ്പങ്ങളെയും രൂപങ്ങളെയും കുറിച്ച് പഠിക്കുകയും ചെയ്യുന്നു. കുട്ടികളെ വിവിധ ടെക്സ്ചറുകളുടെ അനുഭവം മനസ്സിലാക്കാൻ, ടെക്സ്ചർ ചെയ്ത കളിപ്പാട്ടങ്ങൾ വീട്ടിൽ തന്നെ തയ്യാറാക്കാവുന്നതാണ്.

# 13-18 മാസങ്ങളിൽ നിങ്ങളുടെ കുഞ്ഞ്: "നടത്തമാരംഭിക്കും "

ഓരോ സന്ദർശനത്തിലും നിങ്ങളുടെ കുട്ടി കൈവരിച്ച നാഴികക്കല്ലുകളെക്കുറിച്ചും അടുത്തതായി എന്താണ് പ്രതീക്ഷിക്കേണ്ടതെന്നും നിങ്ങളുടെ കുട്ടിയുടെ ഡോക്ടറുമായി സംസാരിക്കുക.

## ഈ പ്രായത്തിലുള്ള മിക്ക കുഞ്ഞുങ്ങളും എന്ത് ചെയ്യും?





- നിരവധി സ്വതന്ത്ര ചുവടുകൾ എടുക്കാം. ഒറ്റയ്ക്ക് നടക്കാൻ കഴിയും.
- കൈവീശൽ, clapping , കൈയ്യടി തുടങ്ങിയ പരിചിതമായ നിരവധി ആംഗ്യങ്ങൾ ഉപയോഗിക്കുക
- വെള്ളാരംകല്ലുകൾ/ ചെറിയ വസ്തുക്കൾ ഒരു പാത്രത്തിൽ ഇടുക
- ഒരു പുസ്തകത്തിലെ സാധാരണ വസ്തുക്കളുടെ പേര് പറയുകയും അവയുടെ ചിത്രങ്ങൾ തിരിച്ചറിയുകയും ചെയ്യുക.
- ഭക്ഷണം കൊടുക്കുന്നതായി നടിച്ച് ഒരു പാവയിലോ സ്റ്റഫ് ചെയ്ത മൃഗ കളിപ്പാട്ടത്തിലോ താൽപ്പര്യം പ്രകടിപ്പിക്കുക
- ബാലിശമായ ദുശ്ശാഠ്യം പ്രകടിപ്പിച്ചേക്കാം
- ആവശ്യമുള്ളത് എന്തെന്ന് മറ്റൊരാളെ കാണിക്കാൻ വിരൽ ചൂണ്ടുക
- വ്യക്തമല്ലെങ്കിൽപ്പോലും നിരവധി ഒറ്റവാക്കുകള് കുറഞ്ഞത് 5 വാക്കുകളെങ്കിലും തുടർച്ചയായി പറയുക.
- "ഇല്ല" എന്ന് പറഞ്ഞ് തലയാട്ടുക
- സാധാരണ വസ്തുക്കളുടെ ഉപയോഗം അറിയുക; ഉദാഹരണത്തിന്, സോപ്പ്, ഗ്ലാസ്, ബ്രഷ്, സ്പൂൺ
- സ്വതസിദ്ധമായി സ്വയം എഴുതുക
- ആംഗ്യങ്ങളൊന്നുമില്ലാതെ 1-ഘട്ട വാക്കാലുള്ള കമാൻഡുകൾ പിന്തുടരാനാകും, ഉദാഹരണത്തിന് "ഇരിക്കുക" എന്ന് പറയുമ്പോൾ ഇരിക്കുക
- ഒരു കപ്പിൽ നിന്നോ ചെറിയ ഗ്ലാസിൽ നിന്നോ കുടിക്കുക

## നിങ്ങള് എന്തു ചെയ്യണം?






- കുഞ്ഞുങ്ങള്ക്ക് നടത്തം പഠിക്കാൻ പുഷ് ടോയ് നൽകുക
- കുട്ടികൾക്ക് കുറച്ച് പഴങ്ങൾ, കളിപ്പാട്ടങ്ങൾ, തുടങ്ങിയവ നൽകുക. വസ്തുക്കൾ തിരിച്ചറിയാനും അവയെ പാത്രങ്ങളിൽ ഇടാനും പുറത്തെടുക്കാനും അവരോട് ആവശ്യപ്പെടുക
- നിങ്ങളുടെ കുട്ടിയോട് ലളിതമായ ചോദ്യങ്ങൾ ചോദിക്കുക. സംസാരിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുക.
- സുരക്ഷിതമായ , സ്നേഹമുള്ള അന്തരീക്ഷം നൽകുക. It's സ്ഥിരതയും പ്രവചിക്കാൻ കഴിയുന്നതും ആകുന്നത് വളരെ പ്രധാനമാണ് മോശം പെരുമാറ്റത്തെ ശിക്ഷിക്കുന്നതിനേക്കാൾ നല്ല പെരുമാറ്റത്തെ പ്രശംസിക്കുക.
- സഹാനുഭൂതി പ്രോത്സാഹിപ്പിക്കുക. ഉദാഹരണത്തിന്, കുഞ്ഞ് ഒരു ദുഃഖം കണ്ടാൽ മറ്റേ കുട്ടിയെ കെട്ടിപ്പിടിക്കാനോ തലോടാനോ പ്രോത്സാഹിപ്പിക്കുക.
- ലളിതമായ വാക്കുകൾഉപയോഗിച്ച് പുസ്തകങ്ങൾ വായിക്കുക, ചിത്രങ്ങളെക്കുറിച്ച് സംസാരിക്കുക.
- അഭിനയനത്തിന് പ്രോത്സാഹനം നൽകുന്ന കളിപ്പാട്ടങ്ങൾ നൽകുക, ഉദാഹരണത്തിന്, പാവകൾ, കളിപ്പാട്ട ടെലിഫോണുകൾ. ഒരു കപ്പിൽ നിന്ന് കുടിക്കാനും ഒരു സ്പൂൺ ഉപയോഗിക്കാനും അവളെ പ്രോത്സാഹിപ്പിക്കുക, എത്ര അഴുക്കായാലും
- കുമിളകൾ ഊതി നിങ്ങളുടെ കുട്ടി അത് പൊട്ടിക്കാൻ അനുവദിക്കുക.

## ഈ "മുന്നറിയിപ്പ്"ലക്ഷണങ്ങളിൽ ഒന്ന് കാണുകയാണെങ്കിൽ, ANfvt/AWW/ആരോഗ്യപരിചരണ ദാതാവുമായി ഉടൻ ബന്ധപ്പെടുക.



പിന്തുണ ഇല്ലാതെ സ്വന്തമായി നില്ക്കാന് അവള്ക്ക് കഴിയുന്നില്ല



ചെറിയ വസ്തുക്കൾ കണ്ടെയ്നറിൽ ഇടാൻ കഴിയുന്നില്ല



ഒരു വസ്തുവിന്റെ പേര് പറയുമ്പോള്



അമ്മയുടെ ആംഗ്യങ്ങളോട് പ്രതികരിക്കുന്നില്ല, അവളുടെ സ്വന്തം ലോകത്താണെന്ന് തോന്നുന്നു



ദൈനംദിന പ്രവർത്തനങ്ങൾക്ക് രണ്ട് കൈകളും ഉപയോഗിക്കുന്നില്ല (ഒരു കൈക്ക് മുൻഗണന കാണിക്കുന്നു).

**അമ്മ, പപ്പാ,**
**അച്ഛാ**

"അമ്മ" അല്ലെങ്കിൽ "അച്ഛൻ" പോലുള്ള ഒറ്റവാക്കുകൾ പറയുന്നില്ല.

# നിങ്ങളുടെ കുഞ്ഞ് 13-18 മാസങ്ങളിൽ; "ദി വാക്കർ"

## കളിയിലൂടെയും പ്രായത്തിന് അനുയോജ്യമായ കളിപ്പാട്ടങ്ങളിലൂടെയും പഠിക്കല്



പിച്ച നടക്കുന്നവര് അനുകരിച്ചാണ് പഠിക്കുന്നത്. അവര്ക്ക് പരിശീലനത്തിന് ധാരാളം അവസരങ്ങള് വേണം.



ചിത്ര പുസ്തകങ്ങള് പരിചയപ്പെടുത്തുക, എന്നാല് ഇപ്പോള് അക്ഷരമാല പഠിപ്പിക്കരുത്.



പിഞ്ചു കുഞ്ഞുങ്ങള് വളരെ സജീവമാണ്. നടക്കുമ്പോഴും ഓടുമ്പോഴും കയറുമ്പോഴും അവരെ സുരക്ഷിതരാക്കി നിർത്തുക. ഈ പ്രായത്തിലുള്ള കുട്ടികള് വളരെ ജിജ്ഞാസയുള്ളവരാണ്.




ഈപ്രായത്തിലുള്ളകുട്ടികൾക്കുള്ള കളിപ്പാട്ടങ്ങൾ സുരക്ഷിതവും പിഞ്ചുകുഞ്ഞിന്റെ കൈകാര്യം ചെയ്യലിനെ പ്രതിരോധിക്കാൻ കഴിവുള്ളതുമായിരിക്കണം. ഉദാഹരണങ്ങളിൽ ഇവ ഉൾപ്പെടുന്നു: വലിയ ചിത്രങ്ങളോടുകൂടിയ തുണി അല്ലെങ്കിൽ പ്ലാസ്റ്റിക് പുസ്തകങ്ങൾ, കുട്ടികളുടെ കാറുകള്, മ്യൂസിക്കൽ ടോപ്പുകൾ, നെസ്റ്റിംഗ് ബ്ലോക്കുകൾ, സ്റ്റാക്കിംഗ് കളിപ്പാട്ടങ്ങൾ.



പുഷ് - ആൻഡ് - പുൾ കളിപ്പാട്ടങ്ങൾ (നീളമുള്ള ചരടുകള് ഇല്ലാതെ)

# 18-24 മാസങ്ങളിൽ നിങ്ങളുടെ കുഞ്ഞ്: "കുസൃതികൾ തുടങ്ങും"

ഓരോ സന്ദർശനത്തിലും നിങ്ങളുടെ കുട്ടി കൈവരിച്ച നാഴികക്കല്ലുകളെക്കുറിച്ചും അടുത്തതായി എന്താണ് പ്രതീക്ഷിക്കേണ്ടതെന്നും നിങ്ങളുടെ കുട്ടിയുടെ ഡോക്ടറുമായി സംസാരിക്കുക.

## ഈ പ്രായത്തിലുള്ള മിക്ക കുഞ്ഞുങ്ങളും എന്ത് ചെയ്യും?







- സ്വതന്ത്രമായി നിരവധി ചുവടുകൾ വയ്ക്കാൻ കഴിയും Can walk alone. ഒറ്റയ്ക്ക് നടക്കാൻ കഴിയും.
- കളിപ്പാട്ടം വലിക്കുമ്പോഴും സ്ഥിരതയോടെ നടക്കുന്നു
- വീട്ടുജോലികൾ/ ജോലികൾ അനുകരിക്കുന്നു.
- ഒന്നോ അതിലധികമോ ശരീരഭാഗങ്ങൾ നേരിട്ടോ പുസ്തകങ്ങളിലോ കൃത്യമായി ചൂണ്ടിക്കാണിക്കുകയും പേര് നല്കുകയും ചെയ്യുന്നു
- ഓടാനും പന്ത് ചവിട്ടാനും തുടങ്ങുക
- മറ്റ് കുട്ടികളോടൊപ്പം കളിക്കാൻ താല്പ്പര്യപ്പെടുന്നു,
- nഎന്നാൽ പരസ്പരം കളിക്കണമെന്നില്ല.
- ധിക്കാരപരമായ പെരുമാറ്റം കാണിക്കുക (അരുത് എന്ന് പറഞ്ഞ കാര്യങ്ങൾ ചെയ്യുന്നതിലൂടെ)
- മറ്റ് കുട്ടികൾക്ക് അടുത്തോ സമീപമോ കളിക്കുക, പക്ഷേ പരസ്പരം കളിക്കുന്നില്ല.
- നായ, പൂച്ച, പക്ഷികൾ എന്നിങ്ങനെ പേര് പറയുമ്പോള് വസ്തുക്കളോ ചിത്രങ്ങളോ ചൂണ്ടിക്കാണിക്കുക
- മാമാ-ദുധു (പാൽ); മാമാ-മോം (വെള്ളം) പോലുള്ള രണ്ട് വാക്കുകൾ ചേർത്ത് വാചകങ്ങൾ പറയുക.
- പ്രവർത്തനങ്ങളും വാക്കുകളും പകർത്തുക

## നിങ്ങള് എന്തു ചെയ്യണം?







- കുട്ടികൾക്ക് സുരക്ഷിതമായി നടക്കാനും ഓടാനും കയറാനും അവസരം നൽകുക.
- നിങ്ങളെ അനുകരിക്കാനും അവരുടെ കഴിവുകൾ പ്രയോഗിക്കാനുള്ള അവസരം നൽകിക്കൊണ്ട് അവരെ സഹായിക്കാനും കുട്ടികളെ അനുവദിക്കുക.
- അവർ കുഴപ്പമുണ്ടാക്കിയാലും അവരോട് ക്ഷമയോടെ പെരുമാറുക.
- ഒരു നിശ്ചിത സമയത്ത് ഉറങ്ങുക, ഉണരുക, എന്നിങ്ങനെയുള്ള ദിനചര്യകൾ പിന്തുടരാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
- നിങ്ങളുടെ കുട്ടിക്ക് ഉറക്കെ കഥകൾ വായിച്ചു കൊടുക്കുക, അവ പലപ്പോഴും ആവർത്തിക്കുക. കുട്ടിക്ക് എഴുതാൻ ഒരു കോപ്പിയും പേപ്പറും നൽകുക.
- തൂത്തുവാരൽ, അത്താഴം ഉണ്ടാക്കൽ എന്നിങ്ങനെയുള്ള വീട്ടിലെ ലളിതമായ ജോലികളിൽ സഹായിക്കാൻ നിങ്ങളുടെ കുട്ടിയെ പ്രോത്സാഹിപ്പിക്കുക. ഒരു നല്ല സഹായിയായതിന് നിങ്ങളുടെ കുട്ടിയെ പ്രശംസിക്കുക.
- ഈ പ്രായത്തിൽ കുട്ടികൾ (ഒരുമിച്ചു കളിയ്ക്കാതെ) പരസ്പരം സമീപത്തായി കളിക്കുകയാണ് ചെയ്യുന്നത്, കൂടാതെ പരസ്പരം നന്നായി പങ്കുവെക്കുന്നില്ല. കുട്ടികൾക്ക് കളിക്കാൻ ധാരാളം കളിപ്പാട്ടങ്ങൾ കൊടുക്കുക. കുട്ടികളെ സൂക്ഷ്മമായി നിരീക്ഷിക്കുക, അവർ വഴക്കിടുകയോ തർക്കിക്കുകയോ ചെയ്യുകയാണെങ്കിൽ ഇടപെടുക.
- കുഞ്ഞ്നിങ്ങളുടെനിർദ്ദേശങ്ങൾപാലിക്കുമ്പോൾഅവന്ശ്രദ്ധയുംപ്രശംസയുംനൽകുക.ധിക്കാരപരമായ പെരുമാറ്റം ശ്രദ്ധിക്കുന്നത് പരിമിതപ്പെടുത്തുക. ചീത്ത പെരുമാറ്റങ്ങളെ ശിക്ഷിക്കുന്നതിനേക്കാൾ നല്ല പെരുമാറ്റങ്ങളെ പ്രശംസിക്കാൻ കൂടുതൽ സമയം ചെലവഴിക്കുക.
- നിങ്ങളുടെ കുട്ടിയുടെ കളിപ്പാട്ടങ്ങൾ മുറിക്ക് ചുറ്റും ഒളിപ്പിക്കുക, അവ അവൾ തന്നെ കണ്ടെത്തട്ടേ.

## ഈ "മുന്നറിയിപ്പ്"ലക്ഷണങ്ങളിൽ ഒന്ന് കാണുകയാണെങ്കിൽ, ANfvt/AWW/ആരോഗ്യപരിചരണ ദാതാവുമായി ഉടൻ ബന്ധപ്പെടുക.



കളിപ്പാട്ടം വലിക്കുമ്പോൾ സ്ഥിരതയോടെ നടക്കുന്നില്ല



എഴുതാനാവുന്നില്ല




"അമ്മ വരൂ" "പാൽ തരൂ" എന്നതുപോലുള്ള രണ്ട് പദ വാക്യങ്ങള് ഉപയോഗിക്കുന്നില്ല.




ബൈ/നമസ്തേ പോലുള്ള ആംഗ്യങ്ങൾക്ക് ഉചിതമായ പ്രതികരണം നടത്തുന്നില്ല




ശരീരഭാഗങ്ങളിലേക്ക് വിരൽ ചൂണ്ടുന്നില്ല നിർദ്ദേശങ്ങൾ മനസ്സിലാക്കുകയോ



ലളിതമായ പിന്തുടരുകയോ ചെയ്യുന്നില്ല.

# 18 - 24 മാസങ്ങളിൽ നിങ്ങളുടെ കുഞ്ഞ്; "ദ ഡൂവര്"

## കളിയിലൂടെയും പ്രായത്തിന് അനുയോജ്യമായ കളിപ്പാട്ടങ്ങളിലൂടെയും പഠിക്കല്



കുട്ടികൾ സമാനമായ ആകൃതിയിലും വലിപ്പത്തിലും ഉള്ള വസ്തുക്കൾ പൊരുത്തപ്പെടുത്താൻ തുടങ്ങുന്നു.



ഒരു പന്ത് തട്ടുന്നു. ചലനത്തിലായിരിക്കുമ്പോൾ ബാലൻസ് ചെയ്യാനും മുൻകൂട്ടി കാണാനും പഠിക്കുന്നു.



ക്യൂബുകളുള്ള ബിൽഡിംഗ് ബ്ലോക്കുകൾ.



സോഷ്യൽ ടോയ്സ്



പങ്കുവെക്കാനും സാമൂഹികമായി ഇടപഴകാനും പഠിക്കുന്നു. ഒരേ പ്രവർത്തനത്തിൽ ഏർപ്പെടുന്ന മറ്റ് കുട്ടികളുടെ സാന്നിധ്യത്തിൽ കുട്ടികൾ കളിക്കുന്നു, എന്നിട്ടും പരസ്പരം ശ്രദ്ധിക്കുന്നില്ല

# കളി അത്യാവശ്യമാണെങ്കിലും എപ്പോൾ അത് നിർത്തി വിശ്രമിക്കണമെന്ന് ഒരാൾ അറിഞ്ഞിരിക്കണം

### ശിശു സൂചനകൾ: 'എനിക്ക് ഒരു ഇടവേള അല്ലെങ്കിൽ പ്രവർത്തനത്തിൽ മാറ്റം ആവശ്യമാണ്'

നിങ്ങളുടെ കുഞ്ഞ് അവളുടെ തല തിരിക്കുകയോ അവളുടെപുറകിലേക്ക്വളയുകയോകരയുകയോ ചെയ്യുകയാണെങ്കിൽ, അവൾക്ക് ഒരു ഇടവേളയോ പ്രവർത്തനത്തിൽ മാറ്റം വരുത്തുകയോ വേണമെന്ന് അവൻ/അവൻ നിങ്ങളോട് പറയുന്നു. ഉറങ്ങാനുള്ള സമയമാണെങ്കിൽ കുഞ്ഞിനെ കളിക്കാൻ തറയിൽ കിടത്താനോ കിടക്കയിൽ കിടത്താനോ ശ്രമിക്കുക.





### കുട്ടി ക്ഷീണിച്ച അടയാളങ്ങൾ: 'എനിക്ക് വിശ്രമം വേണം'

നിങ്ങളുടെ കുഞ്ഞ് കോട്ടുവാ ഇടുകയോ കണ്ണുകൾ തിരുമ്മുകയോ കൈകാലുകൾ ചലിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ, അവൻ ക്ഷീണിച്ച ലക്ഷണങ്ങൾ കാണിക്കുന്നു. പിഞ്ചുകുഞ്ഞുങ്ങളും മുതിർന്ന കുഞ്ഞുങ്ങളും വിയർക്കുകയും കരയുകയും ശ്രദ്ധ ആവശ്യപ്പെടുകയും ചെയ്യാം. നിങ്ങളുടെ കുട്ടിക്ക് ഉറങ്ങാൻ കിടക്കയിൽ കുറച്ച് സമയം നൽകാൻ ശ്രമിക്കുക.





## നിങ്ങളുടെ കുഞ്ഞിനെ ദോഷകരമായി ബാധിക്കുന്ന സാധാരണ രീതികൾ

- ഒരു വയസ്സിന് മുമ്പ് കുഞ്ഞിന് തേൻ അല്ലെങ്കിൽ 'ജനം ഗുട്ടി' കൊടുക്കുക, ജനിച്ച് കുറച്ച് ദിവസത്തേക്ക് മുലപ്പാൽ നൽകാതിരിക്കുക.
- പശുവിൻ പാൽ - ഇത് എളുപ്പം ദഹിക്കുന്നതും പവിത്രവുമാണെന്ന് കരുതുക, അമിതമായി ബേബി പൗഡർ ഉപയോഗിക്കുക
- കഠിനമായ മസാജ് നൽകുക അല്ലെങ്കിൽ ഇടയ്ക്കിടെ മസാജ് ചെയ്യുക
- കടലമാവ്, ആട്ട (പയർ, "ഗോതമ്പ് പൊടി) എന്നിവ ഉപയോഗിച്ച് ശരീരത്തിലെ രോമം നീക്കം ചെയ്യാൻ ശ്രമിക്കുക.
- നവജാതശിശുവിന്റെ കണ്ണുകളിൽ 'സുർമ' അല്ലെങ്കിൽ 'കാജൽ' പുരട്ടുക.
- നിങ്ങളുടെ കുഞ്ഞിന്റെ കൈത്തണ്ടയിലോ കഴുത്തിലോ ഒരു കറുത്ത ചരട് കെട്ടാതിരിക്കുന്നതാണ് നല്ലത്. ഇത് ശ്വാസംമുട്ടൽ,കഴുത്ത് ഞെരുക്കം, ചർമ്മത്തിൽ അണുബാധ എന്നിവയ്ക്ക് കാരണമാകും. ആവശ്യമെങ്കിൽ, നെറ്റിയിലോ കാലിലോ ഒരു കാല ടീക്ക ഇടാം.
- ചെവിയിലും പൊക്കിളിലും ഏതാനും തുള്ളി എണ്ണ പുരട്ടുക. കുറച്ച് സമയത്തേക്ക് കുഞ്ഞിനെ തനിച്ചാക്കി പോകുക



# References


1. Ministry of Women and Child Development. 2023. *Report of the Task Force on Early Childhood Care and Education (ECCE).* Government of India.

2. Press Information Bureau. 16 December 2013. *Implementation of Restructured ICDS.*

3. Ministry of Women and Child Development. 2013. *National Early Childhood Care and Education Policy.* Government of India.

4. National Institute for Public Cooperation and Child Development. 2014. *NATIONAL EARLY CHILDHOOD CARE AND EDUCATION (ECCE) CURRICULUM FRAMEWORK.* Ministry of Women and Child Development, Government of India.

5. Andrew, Alison, Orazio Attanasio, Britta Augsburg, Monimalika Day, Sally Grantham-McGregor, Costas Meghir, Fardina Mehrin, Smriti Pahwa, and Marta Rubio-Codina. 2019. "Effects of a scalable home-visiting intervention on child development in slums of urban India: Evidence from a randomised controlled trial." ***Journal of Child Psychology and Psychiatry 61, no. 6 (December): 644-652. doi: 10.1111/jcpp.13171.***

6. Ministry of Health and Family Welfare. *Handbook for ASHA Facilitators .pdf.* Government of India.

7. Chattopadhyay N, Aneja S. The Status of Early Childhood Development in India: Will We Reach the Countdown to 2030 Targets? Indian Pediatr. 2021 Nov 15;58 Suppl 1:S4-S10. PMID: 34687181.

8. Ertem IO, Krishnamurthy V, Mulaudzi MC, Sguassero Y, Balta H, Gulumser O, Bilik B, Srinivasan R, Johnson B, Gan G, Calvocoressi L, Shabanova V, Forsyth BWC. Similarities and differences in child development from birth to age 3 years by sex and across four countries: a cross-sectional, observational study. Lancet Glob Health. 2018 Mar;6(3):e279-e291. doi: 10.1016/S2214-109X(18)30003-2. PMID: 29433666.

9. National Health Mission. 2018. *Journey of the First 1000 Days: Foundation for a Brighter Future.* Ministry of Health and Family Welfare, Government of India.

10. McClean S. 2016. *Understanding child development - Emerging Minds.* Emerging Minds.

11. Ministry of Women and Child Development. 2010. *ICDS Mission - Broad Framework for Implementation.* Government of India.

12. Ministry of Women and Child Development. 2023. Standard Operating Procedure for Palna Scheme. Government of India.

13. Press Information Bureau. 2023. *"Ministry of Information and Broadcasting approves Comprehensive "Digital Advertisement Policy, 2023"".* Ministry of Information and Broadcasting. Government of India.

14. Bornstein, Marc H. "Caregiver responsiveness and child development and learning: From theory to research to practice." Infant/toddler caregiving: A guide to cognitive development and learning (2012): 11-25, *https://openlab.bmcc.cuny.edu/ece110-151l-fall2021/wp-content/uploads/sites/504/2020/08/West Ed-Cognitive-Development-and-Learning-Infants-and-Toddlers.pdf#page=26*

15. Dunst, Carl J., and Danielle Z. Kassow. "Caregiver sensitivity, contingent social responsiveness, and secure infant attachment." Journal of Early and Intensive Behavior Intervention 5.1 (2008): 40, *https://doi.org/10.1037/h0100409*

16. Honig, Alice S. "Meeting the Needs of Infants." (1981), *Https://eric.ed.gov/?id=ED198958*

17. Learned, Spatial Relationships. "Learning Experiences for Babies." Dimensions 6 (1978): 33-43, .

18. Adolph, Karen E., and John M. Franchak. "The development of motor behavior." Wiley Interdisciplinary Reviews: Cognitive Science 8.1-2 (2017): e1430, *https://doi.org/10.1002/wcs.1430*

19. Bergen, Doris. "Play as the Vehicle for Early Intervention with At-Risk Infants and Toddlers." (1991), *https://eric.ed.gov/?id=ED335115*

20. PALNA Anganwadi-cum-Crèche Mission Shakti Standard Operating Procedure. Ministry of Women and Child Development, 2013.

21. Chopra, Geeta. Stimulating Development of Young Children with Disabilities at Anganwadi and

at Home: A Practical Guide. Department of Human Development and Childhood Studies, 2012.

22. Chopra, Geeta. Early Detection of Disabilities and Person with Disabilities in the Community. Department of Human Development and Childhood Studies, 2012.

23. Normal Development and When to Suspect Abnormal Development?. Indian Academy of Pediatrics, 2020-21.

24. Handbook For Anganwadi Workers (Awws) On Early Childhood Home Stimulation Activities. National Institute Of Public Cooperation And Child Development.

25. A guide for Parents and CCD Providers. Care for Child Development

26. National Curriculum Framework for Foundation Stage. NCERT, 2022.

27. Parent Manual Activities for children up to age 3 years. Caribbean Institute for Health Research, The University of the West Indies, Kingston, Jamaica, 2020.

28. National Education Policy. Ministry of Education, 2020.

29. MOTHER AND CHILD PROTECTION CARD, MoHFW, MWCD, 2018.

30. Brain-Building Play Ideas. Aarambh, Mahatma Gandhi Institute of Medical Sciences.

31. Nurturing care handbook. Start here: how to use the handbook, understand nurturing care and take action. World Health Organization and the United Nations Children's Fund, 2022

32. Rosenbaum, P., & Gorter, J.W. (2012). The 'F-words' in childhood disability: I swear this is how we should think! Child: Care, Health and Development, 38(4), 457 – 463. DOI: 10.1111/j.1365-2214.2011.01338.x; CanChild's F-words Knowledge Hub: ***www.canchild.ca/f-words***

सत्यमेव जयते
Government of India